# സംഘടന തിന്മയാണ് നമുക്കത് വേണ്ട

അബു ത്വാരിഖ് സുബൈർ മുഹമ്മദ്

ISLAMBOOKS.IN

# സംഘടന തിന്മയാണ്;

# നമുക്കത് വേണ്ട

സുബൈർ മങ്കട

# ആമുഖം

അല്ലാഹുവിനെ കുറിച്ചുള്ള ഭയം മാത്രമാണ് ഈ ലഘുലേഖ തയ്യാറാക്കാനുള്ള പ്രേരകം. മുസ്‌ലിംകൾ ഇന്ന് വിവിധ കക്ഷികളായി വേർതിരിഞ്ഞിരിക്കുകയാണ്. മതപ്രബോധനം സംഘടനകൾ ഏറ്റെടുത്തിരിക്കുന്നു. സംഘടനകൾക്ക് അതീതമായി ചിന്തിക്കുവാനോ പ്രവർത്തിക്കുവാനോ അധികമാരും തയ്യാറല്ല. നാടിന്റെ പൊതുസ്വഭാവമനുസരിച്ച് ഞാനും സംഘടനയിൽ ചേർന്ന് പ്രവർത്തിച്ചു. അപ്പോൾ എനിക്ക് നിരവധി തിന്മകൾ ബാധിച്ചു. അനുഭവങ്ങൾ നല്ല ഒരു ഗുരുനാഥനാണല്ലോ. പിന്നീട് മറ്റൊരു സാഹചര്യത്തിൽ സംഘടനയുടെ ഇസ്‌ലാമിക മാനത്തെ കുറിച്ച് ഗഹനമായി പഠിക്കേണ്ടിവന്നു. ദീർഘമായ ആ പഠനത്തിനു ശേഷം, സംഘടന തിന്മയാണെന്നും അത് വർജ്ജിക്കേണ്ടതനിവാര്യമാണെന്നും തെളിവിന്റെ വെളിച്ചത്തിൽ എനിക്ക് ബോധ്യപ്പെട്ടു. അത് പരസ്യപ്പെടുത്തിയാലുണ്ടാകുന്ന ഫിത്ന ഞാൻ ഭയന്നു. അതൊരു സ്വകാര്യ ജീവിത നിലപാടായി സ്വീകരിച്ച് മാറിനിൽക്കാൻ തോന്നി. പക്ഷെ, സത്യം മറച്ചുപിടിക്കുന്നത് കടുത്ത അപരാധമാണെന്നതും, തെളിവുകളും സന്മാർഗ്ഗ ദർശനങ്ങളും മറച്ചുപിടിക്കുന്നവർ അല്ലാഹുവിന്റെ ശാപത്തിന് വിധേയരായിത്തീരുമെന്നതും എന്നെ വല്ലാതെ അസ്വസ്ഥമാക്കി.

إِنَّ الَّذِينَ يَكْتُمُونَ مَا أَنزَلْنَا مِنَ الْبَيِّنَاتِ وَالْهُدَى مِن بَعْدِ مَا بَيَّنَّاهُ لِلنَّاسِ فِي الْكِتَابِ أُولَٰئِكَ يَلْعَنُهُمُ اللَّهُ وَيَلْعَنُهُمُ اللَّاعِنُونَ (البقرة ١٥٩)

നാം അവതരിപ്പിച്ച തെളിവുകളും സന്മാർഗ്ഗ ദർശനങ്ങളും – അവ വേദത്തിലൂടെ ജനങ്ങൾക്ക് നാം വ്യക്തമാക്കിക്കൊടുത്ത ശേഷം – മറച്ചുപിടിക്കുന്നവരാരോ തീർച്ചയായും അവരെ അല്ലാഹു ശപിക്കുന്നതാണ്; ശപിക്കുന്നവരൊക്കെയും ശപിക്കുന്നതാണ്. (വി.ഖു. 2:159)

ആയതിനാൽ, അല്ലാഹുവിന്റെ ശാപമേൽക്കാതിരിക്കാനാണ് ഇത് പ്രസിദ്ധീകരിക്കുന്നത്.

സംഘടനയെ കുറിച്ചുള്ള ഈ പഠനത്തിന് ഒരു പശ്ചാത്തലമുണ്ട്: കേരള നദ്‌വത്തുൽ മുജാഹിദീൻ പ്രബോധനം ചെയ്യുന്ന അടിസ്ഥാന ആശയാദർശങ്ങളോട് യോജിക്കുന്ന ചില സഹോദരന്മാർ മേൽ സംഘടനയിൽ ചേരാൻ വിസമ്മതിക്കുന്നു. സംഘടനയിൽ ചേരുന്നത് തെറ്റാണെന്നാണ് അവരുടെ വാദം. അവർക്ക് ശരിയായ തെളിവ് കാണിച്ചു കൊടുത്താൽ അവർ സംഘടനയിൽ ചേരും. അത് സംഘടനക്ക് വലിയ നേട്ടമായിരിക്കും. അതിനാൽ സംഘടനയെ കുറിച്ചുള്ള ഇസ്‌ലാമിക വിധി പഠിച്ച് അവരെ ബോധ്യപ്പെടുത്തണം. ജിദ്ദയിൽ ജോലി ചെയ്യുന്ന ഒരു ഇസ്‌ലാഹീ പ്രവർത്തകന്റെ ആവശ്യമാണിത്. അത് മാനിച്ചാണ് ഈ വിഷയത്തെ കുറിച്ച് ആഴത്തിൽ പഠിക്കാൻ ഞാൻ മുതിർന്നത്.

മറ്റുള്ളവരെകൂടി സംഘടനയിൽ ചേർക്കാൻ വേണ്ടി നടത്തിയ പഠനം എന്നെ സംഘടനയിൽനിന്ന് രക്ഷപ്പെടുത്തി. الحمد لله الذي بنعمته تتم الصالحات

കേരള ജംഇയ്യത്തുൽ ഉലമായിൽ ഇക്കാര്യം ചർച്ച ചെയ്യാൻ ഞാൻ താൽപര്യപ്പെട്ടിരുന്നു. പക്ഷെ, സമയം അനുയോജ്യമല്ലെന്നും, അതൊരു സംഘടനയാണ്, സംഘടന വേണ്ടെന്ന ചർച്ച അതിനുള്ളിൽ നടപ്പില്ലെന്നുമായിരുന്നു ബന്ധപ്പെട്ടവരുടെ നിലപാട്. തുടർന്ന്, ഉത്പതിഷ്ണുക്കളായ പല പണ്ഡിതന്മാരോടും ഇതുസംബന്ധമായി സംസാരിച്ചു. ആർക്കും പ്രസക്തമായ എതിർതെളിവുകൾ പറയാനില്ല. ഇതിൽ ചൂണ്ടിക്കാണിച്ച തെളിവുകളെ കോട്ടിമാട്ടാൻ ശ്രമിക്കുക മാത്രമാണ് പലരും ചെയ്തത്. ചിലർ പ്രായോഗികത, പൊതുനന്മ എന്നിവയെ കുറിച്ചുള്ള ചില സംശയങ്ങൾ ഉന്നയിച്ചിരുന്നു. അല്ലാതെ തെളിവുകളൊന്നും ആർക്കും ചൂണ്ടിക്കാണിക്കാനില്ല. ഞാൻ ജീവിച്ചിരിക്കുന്ന കാലത്ത് എതിർതെളിവ് കാണിച്ചാൽ ഈ വാദമുപേക്ഷിക്കാനും പശ്ചാത്തപിക്കാനും സന്നദ്ധമാണ്. ഞാൻ മരിച്ച ശേഷമാണെങ്കിൽ ജനങ്ങളെ അത് ബോധ്യപ്പെടുത്തണമെന്ന് അപേക്ഷിക്കുന്നു.

മതത്തിൽ തെളിവായി സ്വീകരിക്കപ്പെടുക അല്ലാഹുവിന്റെ വചനവും നബി(സ)യുടെ സുന്നത്തുമാണ്. അത് ഗ്രഹിക്കുന്നതിനും വ്യാഖ്യാനിക്കുന്നതിനും സലഫുകളെയാണ് അവലംബിക്കുക. മുസ്‌ലിം ലോകത്തിന്റെ ഏകോപിച്ച തീരുമാനം, വ്യക്തമായ ഖിയാസ് എന്നിവയും പരിഗണനീയമാണ്. പിന്നെ പ്രമാണങ്ങളോട് യോജിക്കുന്ന പണ്ഡിതാഭിപ്രായങ്ങൾ. അല്ലാത്ത ന്യായവാദങ്ങളെല്ലാം അനാവശ്യങ്ങളും വഴികേടുകളുമാണ്.

ഇതിലെ തെളിവുകൾ ഖണ്ഡിക്കാൻ കഴിയാതെ വരുമ്പോൾ ചിലർ വ്യക്തിഹത്യയിലേക്ക് പ്രവേശിക്കുന്നു. അതെല്ലാം അല്ലാഹുവിലേക്ക് വിടാം. കേരളീയർക്ക് സുപരിചിതമായ ഒരു വാക്യമുണ്ട്: ആളെ നോക്കണ്ട; തെളിവ് നോക്കിയാൽ മതി. ഈ സത്യം അംഗീകരിക്കുന്നവർ പീഡിപ്പിക്കപ്പെടുകയും ഒറ്റപ്പെടുത്തപ്പെടുകയും ചെയ്യുന്നു എന്നത് നമുക്ക് ആത്മസംതൃപ്തിയേകുന്നു; ഇത് സത്യമാണെന്ന ബോധ്യം കൂടുതൽ ദൃഢീകരിക്കുന്നു. സത്യം മുറുകെ പിടിച്ച് ജീവിക്കുന്നവർ നിസ്സഹായതയും അപരിചിതത്വവും സഹി ക്കേണ്ടിവരിക തന്നെ ചെയ്യും. ഇമാം ഔസാഈ(റ) പറയുന്നു:

أما إنه ما يذهب أهل الإسلام، ولكن يذهب أهل السنة، حتى ما يبقى في البلد منهم إلا رجل واحد (كشف الكربة لابن رجب)

എന്നാൽ (നാമമാത്രമായ) ഇസ്‌ലാമിന്റെ ആളുകൾ പോയിത്തീരുകയില്ല. മറിച്ച്, സുന്നത്തിന്റെ ആളുകളാണ് പോയിത്തീരുക. അങ്ങനെ ഒരു നാട്ടിൽ അവരിൽപെട്ട ഒരാളല്ലാതെ മറ്റാരും അവശേഷിക്കുകയില്ല. (ഇബ്നു റജബിന്റെ കശ്ഫുൽ കുർബ)

ഇസ്‌ലാമിന്റെ രണ്ടാം غُرْبَة ൽ (അപരിചിതാവസ്ഥയിൽ) غرباء കളായി, അപരിചിതരായി, കഴിയാൻ സാധിച്ചാൽ അത് റബ്ബിന്റെ വല്ലാത്ത ഒരനുഗ്രഹം തന്നെയായിരിക്കും. സംഘടനാപരമായ പിന്തുണയെക്കാൾ, സ്ഥാനമാനങ്ങളെക്കാൾ, സൗകര്യങ്ങളെക്കാൾ വലുത് ഈ നിസ്സഹായവസ്ഥ തന്നെയാണ്. തിരുമേനി മംഗളമാശംസിച്ച, അമ്പത് സ്വഹാബിമാരുടെ പ്രതിഫലം വാഗ്ദാനം ചെയ്യപ്പെട്ട ഈ മഹത്തായ പദവിക്ക് അല്ലാഹുവേ, ഞങ്ങളെ നീ അർഹരാക്കേണമേ. നിനക്കാണ് സ്തോത്രങ്ങളെല്ലാം.

സുബൈർ മങ്കട

പത്തപ്പിരിയം,
25. 07. 2003.

بســــــم الله الرحمن الرحيم

إن الحمد لله، نحمده ونستعينه ونستغفره، ونعوذ بالله من شرور أنفسنا ومن سيئات أعمالنا، من يهده الله فلا مضل له، ومن يضلل فلا هادي له، وأشهد أن لا إله إلا الله وحده لا شريك له، وأشهد أن محمدا عبده ورسوله.

يَاأَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ حَقَّ تُقَاتِهِ وَلَا تَمُوتُنَّ إِلَّا وَأَنْتُمْ مُسْلِمُونَ (آل عمران ١٠٢)

يَاأَيُّهَا النَّاسُ اتَّقُوا رَبَّكُمْ الَّذِي خَلَقَكُمْ مِنْ نَفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالًا كَثِيرًا وَنِسَاءً وَاتَّقُوا اللَّهَ الَّذِي تَسَاءَلُونَ بِهِ وَالْأَرْحَامَ إِنَّ اللَّهَ كَانَ عَلَيْكُمْ رَقِيبًا (النساء ١)

يَاأَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلًا سَدِيدًا(٧٠) يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَنْ يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزًا عَظِيمًا(٧١) الأحزاب

أما بعد؛ فإن خير الحديث كتاب الله، وخير الهدي هدي محمد صلى الله عليه وسلم، وشر الأمور محدثاتها، وكل محدثة بدعة، وكل بدعة ضلالة، وكل ضلالة في النار.

ഈ ലഘുലേഖയിൽ വളരെ ഗൗരവമുള്ള ഒരു വിഷയമാണ് ചർച്ചചെയ്യുന്നത്. ഇതുൾക്കൊള്ളുന്ന സന്ദേശം അവഗണിക്കരുതെന്ന് ഉണർത്തുന്നു. കാരണം, ഒരു സത്യം നമ്മുടെ മുന്നിൽ വരുന്ന ആദ്യതവണ തന്നെ നാമത് സ്വീകരിക്കണം. അല്ലെങ്കിൽ, നമ്മുടെ ഗ്രാഹ്യശേഷി അല്ലാഹു തകിടംമറിച്ചുകളയും. പിന്നീടൊരിക്കലും ആ സത്യം കാണാനും ഉൾക്കൊള്ളാനും നമുക്ക് കഴിഞ്ഞുകൊള്ളണമെന്നില്ല. അങ്ങനെ നാം എന്നെന്നും വഴികേടിൽ വിഹരിക്കേണ്ടിവരും. അതെന്തുമാത്രം വലിയ ദുര്യോഗമായിരിക്കും! അല്ലാഹു പറയുന്നു:

وَنُقَلِّبُ أَفْئِدَتَهُمْ وَأَبْصَارَهُمْ كَمَا لَمْ يُؤْمِنُوا بِهِ أَوَّلَ مَرَّةٍ وَنَذَرُهُمْ فِي طُغْيَانِهِمْ يَعْمَهُونَ (الأنعام ١١٠)

ഇതിൽ ആദ്യതവണ അവർ വിശ്വസിക്കാതിരുന്നത് പോലെ, നാം അവരുടെ മനസ്സുകളെയും കണ്ണുകളെയും തകിടംമറിക്കും. അവരുടെ ധിക്കാരവുമായി വിഹരിക്കുവാൻ അവരെ നാം വിട്ടേക്കുകയും ചെയ്യും. (വി.ഖു. 6:110)

അതിനാൽ ഓർക്കുക! ഈ ലഘുകൃതിയായിരിക്കാം നിങ്ങൾക്കുള്ള താക്കീത്. ഏതൊരു ദീനുമായി നാളെ നിങ്ങൾ അല്ലാഹുവിനെ കണ്ടുമുട്ടേണ്ടിവരുന്നുവോ ആ ദീനിന്റെ കാര്യമാണിതിൽ പ്രതിപാദിക്കുന്നത്. ഇതിനെ കുറിച്ച് അവിടെവെച്ച് അല്ലാഹു നിങ്ങളെ ചോദ്യം ചെയ്യും. അപ്പോൾ, ഞാൻ കണ്ടില്ല, കേട്ടില്ല, അറിഞ്ഞില്ല എന്നൊന്നും നിങ്ങൾക്ക് ഒഴികഴിവ് പറയാൻ ഇനി പറ്റില്ല. ഇതിലെ വചനങ്ങൾ നാളെ നിങ്ങൾക്കെതിരിൽ അല്ലാഹുവിങ്കൽ എഴുന്നേറ്റു നിൽക്കാതിരിക്കട്ടെ.

ചിന്തിക്കുക! മുസ്‌ലിമായി, മുഅ്മിനായി, മുഹ്സിനായി ജീവിക്കാൻ ഇന്നുള്ള ഏതെങ്കിലും ഒരു മതസംഘടനയിൽ അംഗത്വമെടുക്കേണ്ടതുണ്ടോ? അവ കൊണ്ടുണ്ടാകുന്ന ദോഷങ്ങളും ആപത്തുകളും അവഗണിക്കാവുന്നവയാണോ? സംഘടനക്കുവേണ്ടി മതത്തിനും മനസ്സാക്ഷിക്കും നിരക്കാത്ത പലതും ചെയ്യേണ്ടി വരുന്നില്ലേ?

പരിശോധിക്കുക! ഇവിടെ സുന്നി, മുജാഹിദ്, ജമാഅത്ത്, പോലുള്ള മതസംഘടനകളുണ്ട്. സംഘടനയാണെന്ന് പറയാത്ത തബ്‌ലീഗ് ജമാഅത്തുണ്ട്. മതസംഘടനയാണെന്ന് പറയാതെ പ്രവർത്തിക്കുന്നവ വേറെയുമുണ്ട്. ഇവിടെ ഇസ്‌ലാമിക പ്രവർത്തന രംഗത്ത് നിലകൊള്ളുന്ന ഇങ്ങനെയുള്ള കക്ഷികളിൽ ഒരു മുസ്‌ലിമിന് ചേരാൻ പറ്റുമോ? ഇത്തരം സംഘടനകളിൽ ചേരുന്നതിന് വല്ല മതപരമായ വിലക്കുമുണ്ടോ? സംഘടനകൾ ഉപേക്ഷിച്ചാൽ എങ്ങനെയാണ് ദീനീപ്രവർത്തനങ്ങൾ നടത്തുക? ഇക്കാര്യത്തിലുള്ള ഇസ്‌ലാമിന്റെ വിധിവിലക്കുകളെന്ത്?

താങ്കൾ ഇത്തരത്തിലുള്ള ഏതെങ്കിലും സംഘടനയിൽ പ്രവർത്തിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ മനഃസാക്ഷിയോട് ചോദിക്കൂ: ഇന്നത്തെ അവസ്ഥയിൽ മലക്കുൽ മൗത്തിനെ സ്വീകരിക്കാൻ, ഖബ്റിലേക്ക് ചെല്ലാൻ, അല്ലാഹുവിന്റെ വിചാരണ നേരിടാൻ താങ്കൾക്ക് കഴിയുമോ? താങ്കൾ ആത്മപരിശോധനക്ക് തയ്യാറാണെങ്കിൽ താഴെ പറയുന്ന കാര്യങ്ങൾ ഗൗരവമായി ചിന്തിക്കുക. മുൻവിധിയും പക്ഷപാതവുമില്ലാതെ, സത്യാന്വേഷണ ബുദ്ധിയോടും വിനയത്തോടുംകൂടി ഉത്തരം കണ്ടെത്താൻ ശ്രമിക്കുക. അല്ലാഹു നേർവഴി കാണിക്കട്ടെ. ആമീൻ.

**സംഘടന ഒരു ഭൗതികവിഷയം എന്ന പരിഗണനയിൽ**

ശ്രദ്ധിക്കുക! താങ്കൾ സംഘടനയിൽ ചേർന്ന് പ്രവർത്തിക്കുന്നവനാണോ? ആണെങ്കിൽ, സംഘടനയോടുള്ള നിങ്ങളുടെ നിലപാട് ഒരു പുനർവിചിന്തനത്തിനു വിധേയമാക്കേണ്ടിയിരിക്കുന്നു. സംഘടനയെ ഒരു മതപരമായ കാര്യമായി നിങ്ങൾ കാണുന്നുണ്ടോ? അതോ, ഭൗതികമായ ഒരു കാര്യം മാത്രമായിട്ടാണോ നിങ്ങൾ കണ്ടിട്ടുള്ളത്?

ഭൗതികകാര്യം മാത്രമാണെന്ന ഏറ്റവും ലഘുവായ നിലപാടാണ് താങ്കൾക്കുള്ളതെങ്കിൽ തന്നെ സുപ്രധാനമായ ചില ചോദ്യങ്ങൾക്ക് താങ്കൾ ഉത്തരം കണ്ടെത്തേണ്ടി വരും. പ്രവർത്തന പരിപാടികളും കർമ്മപദ്ധതികളുമൊക്കെ ക്രമീകരിക്കുന്നതിനുണ്ടാക്കിയ ഭൗതികമായ ഒരു സംവിധാനം എന്ന നിലക്ക് സംഘടനയിൽ ചേർന്ന് പ്രവർത്തിക്കുന്നതിനു മുമ്പ് രണ്ട് കാര്യങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുണ്ട്. അവ:

ഒന്ന് : ഭൗതിക കാര്യങ്ങളിൽ ദീക്ഷിക്കേണ്ട അടിസ്ഥാന തത്ത്വം മതത്തിന്റെ വിലക്കുണ്ടോ എന്നതാണ്. മതപരമായ വിലക്കുള്ള ഒരു ഭൗതികകാര്യവും നമുക്ക് ചെയ്യാൻ പാടില്ല. താങ്കൾ ഭൗതിക വിഷയമായി പരിഗണിക്കുന്ന സംഘടനയുടെ കാര്യത്തിലും ഇത് ബാധകമാണ്. സംഘടനയിൽ ചേരുന്നതിന് മതത്തിന്റെ പ്രത്യേകമായ വല്ല വിലക്കുമുണ്ടോ?

രണ്ട് : മതത്തിന്റെ പ്രത്യേകമായ വിലക്ക് ഇല്ലെങ്കിൽ തന്നെ അതിൽ منكرات അഥവാ മതം നിഷിദ്ധമാക്കിയ കാര്യങ്ങളുണ്ടോ എന്ന് പരിശോധിക്കണം. മതം നിഷിദ്ധമാക്കിയ കാര്യങ്ങൾ അതിലുണ്ടെങ്കിൽ ആ നിഷിദ്ധകാര്യങ്ങൾ വർജ്ജിക്കണം. അതിനു സാധിക്കുന്നില്ലെങ്കിൽ, ആ ഭൗതിക സംവിധാനം തന്നെ ഉപേക്ഷിക്കണം.

മേൽ പറഞ്ഞ രണ്ടുകാര്യങ്ങളും നാം വിശകലനം ചെയ്തു നോക്കുക. ഒന്നാമതായി, സംഘടനയിൽ ചേരുന്നത് വിലക്കുന്ന വല്ല തെളിവും പ്രമാണങ്ങളിൽ സ്ഥിരപ്പെട്ടിട്ടുണ്ടോ? മുസ്‌ലിംകൾക്ക് ഇന്ന് വന്നെത്തിയിരിക്കുന്ന ദുരവസ്ഥയെകുറിച്ച് പ്രമാണങ്ങളിൽ വല്ല പരാമർശവും ഉണ്ടോ? ഇത്തരം സാഹചര്യങ്ങളിൽ നാം എന്താണ് ചെയ്യേണ്ടതെന്ന വല്ല നിർദ്ദേശവും അല്ലാഹു നൽകിയിട്ടുണ്ടോ? നൽകാതിരിക്കാൻ തരമില്ല. ഇസ്‌ലാം അന്ത്യനാൾവരെ നിലനിൽക്കേണ്ട മതമാണ്. അതുവരെയുള്ള വിശ്വാസികൾ എന്തുചെയ്യണം, എന്തു ചെയ്തുകൂടാ എന്ന കാര്യത്തിൽ വ്യക്തമായ മാർഗ്ഗദർശനം അല്ലാഹു നൽകാതിരിക്കില്ല. അത്തരം ഒരു രേഖ ലഭിച്ചാൽ അത്, ഇതുസംബന്ധമായ എല്ലാ വിവാദങ്ങളും അവസാനിപ്പിക്കാൻ ഉതകുമല്ലോ?

അതെ, ഇതു സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം ഹദീസിൽ വന്നിട്ടുണ്ട്. മുസ്‌ലിംകൾക്ക് ഇമാമും ജമാഅത്തും ഇല്ലാതായിത്തീരുന്ന സാഹചര്യം വരുമെന്നും അന്ന് മുസ്‌ലിംകൾ പല കക്ഷികളായി വേർപിരിയുമെന്നും തിരുമേനിയുടെ വചനങ്ങളിൽ സൂചനയുണ്ട്. അന്ന് എന്ത് ചെയ്യണമെന്ന് അവിടുന്ന് ഉണർത്തുന്നത് കാണുക:

١١– باب كيف الأمر إذا لم تكن جماعة ؟

٧٠٨٤ حدثنا محمد بن المثنى حدثنا الوليد بن مسلم حدثنا ابن جابر حدثني بسر بن عبيد الله الحضرمي أنه سمع أبا إدْريسَ الْخَوْلَانِيّ أَنَّهُ سَمِعَ حُذَيْفَةَ بْنَ الْيَمَان يَقُولُ كَانَ النَّاسُ يَسْأَلُونَ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ عَنِ الْخَيْرِ وَكُنْتُ أَسْأَلُهُ عَنِ الشَّرِّ مَخَافَةَ أَنْ يُدْرِكَنِي فَقُلْتُ يَا رَسُولَ اللَّهِ إِنَّا كُنَّا فِي جَاهِلِيَّةٍ وَشَرٍّ فَجَاءَنَا اللَّهُ بِهَذَا الْخَيْرِ فَهَلْ بَعْدَ هَذَا الْخَيْرِ مِنْ شَرٍّ قَالَ نَعَمْ قُلْتُ وَهَلْ بَعْدَ ذَلِكَ الشَّرِّ مِنْ خَيْرٍ قَالَ نَعَمْ وَفِيهِ دَخَنٌ قُلْتُ وَمَا دَخَنُهُ قَالَ قَوْمٌ يَهْدُونَ بِغَيْرِ هَدْيِي تَعْرِفُ مِنْهُمْ وَتُنْكِرُ قُلْتُ فَهَلْ بَعْدَ ذَلِكَ الْخَيْرِ مِنْ شَرٍّ قَالَ نَعَمْ دُعَاةٌ على أَبْوَابِ جَهَنَّمَ مَنْ أَجَابَهُمْ إِلَيْهَا قَذَفُوهُ فِيهَا قُلْتُ

يَا رَسُولَ اللَّهِ صِفْهُمْ لَنَا قَالَ هُمْ مِنْ جِلْدَتِنَا وَيَتَكَلَّمُونَ بِأَلْسِنَتِنَا قُلْتُ فَمَا تَأْمُرُنِي إِنْ أَدْرَكَنِي ذَلِكَ قَالَ تَلْزَمُ جَمَاعَةَ الْمُسْلِمِينَ وَإِمَامَهُمْ قُلْتُ فَإِنْ لَمْ يَكُنْ لَهُمْ جَمَاعَةٌ وَلَا إِمَامٌ قَالَ فَاعْتَزِلْ تِلْكَ الْفِرَقَ كُلَّهَا وَلَوْ أَنْ تَعَضَّ بِأَصْلِ شَجَرَةٍ حَتَّى يُدْرِكَكَ الْمَوْتُ وَأَنْتَ عَلَى ذَلِكَ (البخاري)

11. ജമാഅത്ത് ഇല്ലാതായാൽ കാര്യം എങ്ങനെയായിരിക്കണം എന്ന അധ്യായം.

ഹുദൈഫ(റ)യിൽനിന്ന് നിവേദനം. ജനങ്ങൾ നന്മയെ കുറിച്ചാണ് നബി (സ)യോട് ചോദിക്കാറുണ്ടായിരുന്നത്. ഞാൻ തിരുമേനിയോട് തിന്മയെ കുറിച്ചാണ് ചോദിച്ചിരുന്നത് - എനിക്ക് അത് ബാധിക്കുമോ എന്ന ഭയത്താൽ. അങ്ങനെ ഞാൻ ചോദിച്ചു: പ്രാവാചകരേ, ഞങ്ങൾ ജാഹിലിയ്യത്തിലും തിന്മയിലുമായിരുന്നു. അപ്പോൾ അല്ലാഹു ഈ നന്മ ഞങ്ങൾക്ക് നൽകി. ഈ നന്മക്കു ശേഷം തിന്മ വരാനുണ്ടോ? അവിടുന്ന് പറഞ്ഞു: അതെ. ഞാൻ ചോദിച്ചു, ആ തിന്മക്കു ശേഷം നന്മ വരാനുണ്ടോ? അവിടുന്ന് പറഞ്ഞു: ഉണ്ട്. പക്ഷെ, അതിൽ കലർപ്പുണ്ടായിരിക്കും. ഞാൻ ചോദിച്ചു: എന്താണ് അതിലെ കലർപ്പ്? അവിടുന്ന് പറഞ്ഞു: എന്റെ സന്മാർഗ്ഗദർശനം കൊണ്ടല്ലാതെ വഴികാണിക്കുന്ന ഒരു പറ്റം ആളുകൾ. അവരിൽനിന്നുണ്ടാകുന്ന നടപടികളിൽ (നന്മയായി) നീ അംഗീകരിക്കുന്നവയും (തിന്മയായി) നീ നിഷേധിക്കുന്നവയുമുണ്ടാകും. ഞാൻ ചോദിച്ചു: ആ നന്മക്ക് ശേഷം തിന്മ വരുമോ? അവിടുന്ന് പറഞ്ഞു: അതെ, നരകകവാടങ്ങളിലേക്ക് ആളെ വിളിക്കുന്നവർ. അതിലേക്ക് ആർ അവർക്ക് ഉത്തരം ചെയ്തുവോ അവനെ അവരതിൽ എറിയും. ഞാൻ പറഞ്ഞു: പ്രവാചകരേ, ഞങ്ങൾക്ക് അവരെക്കുറിച്ചൊന്ന് വർണ്ണിച്ചു തന്നാലും. അപ്പോൾ അവിടുന്ന് പറഞ്ഞു: അവർ നമ്മുടെ അതേ വർഗ്ഗത്തിൽപെട്ടവരാണ്. നമ്മുടെ അതേ ഭാഷ സംസാരിക്കുന്നവരുമാണ്. ഞാൻ ചോദിച്ചു: ആ ഘട്ടം എനിക്ക് എത്തിയാൽ ഞാൻ എന്തു ചെയ്യണമെന്നാണ് താങ്കൾ കൽപിക്കുന്നത്? അവിടുന്ന് പറഞ്ഞു: നീ മുസ്‌ലിംകളുടെ ഇമാമിന്റെയും ജമാഅത്തിന്റെയും കൂടെ നിൽക്കുക. ഞാൻ ചോദിച്ചു: അവർക്ക് ഇമാമും ജമാഅത്തും ഇല്ലെങ്കിലോ? അവിടുന്ന് പറഞ്ഞു: അപ്പോൾ വൃക്ഷമൂലത്തിൽ കടിച്ചുപിടിച്ചിട്ടെങ്കിലും ആ കക്ഷികളെയെല്ലാം നീ വെടിയുക; നീ ആ നിലയിലായിരിക്കെ നിനക്ക് മരണം വരുന്നതുവരെ. (ബുഖാരി)

മേൽ ഹദീസിന് പൗരാണികരും ആധുനികരുമായ പ്രാമാണികപണ്ഡിതന്മാർ നൽകിയ വ്യാഖ്യാനങ്ങൾ പരിശോധിക്കുക. ശൈഖുൽ മുഫസ്സിരീൻ ഇബ്നു ജരീറുത്വബ്‌രി(റ) പറഞ്ഞ കാര്യം ഇബ്നു ഹജറുൽ അസ്ഖലാനി ഉദ്ധരിക്കുന്നത് ഇപ്രകാരമാണ്:

وفي الحديث أنه متى لم يكن للناس إمام فافترق الناس أحزابا فلا يتبع أحدا في الفرقة ويعتزل الجميع إن استطاع ذلك خشية من الوقوع في الشر (فتح الباري ، ج ١٣، ص ٤١)

ഈ ഹദീസിലുള്ളത്, എപ്പോൾ ജനങ്ങൾക്ക് ഇമാം ഇല്ലാതായിത്തീരുകയും ജനം പല കക്ഷികളായിത്തീരുകയും ചെയ്യുന്നുവോ ആ ഭിന്നതയിൽ ആരെയും പിൻപററരുത്; തിന്മയിൽ അകപ്പെടുമോ എന്ന ഭയത്താൽ, കഴിയുമെങ്കിൽ എല്ലാ കക്ഷികളെയും വെടിയുകയാണ് വേണ്ടത്. (ഇബ്നു ഹജർ, ഫത്ഹുൽബാരി, വാള്യം 13, പുറം 41)

ഒരു കാലത്ത് മുസ്‌ലിംകൾക്ക് മൊത്തം ഒറ്റ ഇമാമിന്റെ കീഴിൽ വന്നെങ്കിൽ മാത്രമേ ഇമാമും ജമാഅത്തുമായി പരിഗണിക്കാവൂ എന്ന് പറയാവതല്ല. ഇമാം ഖുർതുബി തന്റെ തഫ്സീറിൽ വ്യക്തമാക്കിയതുപോലെ ഒരു നാട്ടിൽ ഒരേ സമയത്ത് ഒരു ഇമാം ഉണ്ടായിരിക്കുക, ആ നാട്ടിലെ മുഴുവൻ മുസ്‌ലിംകളും അദ്ദേഹത്തിന് ബൈഅത്ത് ചെയ്യുക എന്നതാണ് ഇമാമും ജമാഅത്തും എന്നതിന്റെ വിവക്ഷ. വിവിധ നാടുകളിൽ വേറെ വേറെ ഖലീഫമാർ ഉണ്ടാകുന്നത് ഇതിനെതിരല്ല. അവർ അതതു നാടുകളിലെ ഇമാമുകളാണ് താനും. ഇസ്‌ലാമിക ചരിത്രത്തിൽ അതിനു മാതൃകയുമുണ്ട്. പൗരസ്ത്യലോകത്ത് അബ്ബാസികൾ ഭരിക്കുമ്പോൾ സ്പെയിനിൽ അമവികൾ ഭരിച്ചിരുന്നു. എന്നാൽ, ഒരേ നാട്ടിൽ ഒരേ സമയത്ത് ഒന്നിലധികം ഖലീഫമാർ ഉണ്ടാവാൻ പാടില്ല.

മേൽ ഹദീസ് വ്യാഖ്യാനിച്ചു കൊണ്ട് ശൈഖുനാ അൽബാനി(റ) പറയുന്നത് ഇപ്രകാരമാണ്:

وإن في الحديث تصريحا واضحا جدا يتعلق بواقع المسلمين اليوم، حيث انه ليس لهم جماعة قائمة وإمام مبايع وإنما هم أحزاب مختلفة اختلافا فكريا ومنهجيا أيضا، ففي الحديث أن المسلم إذا أدرك مثل هذا الوضع فعليه حينذاك الا يتحزب، والا يتكتل مع أي جماعة أو مع أي فرقة ما دام أنه لا توجد الجماعة التي عليها إمام مبايع للمسلمين (الألباني)

ഈ ഹദീസിൽ മുസ്‌ലിംകളുടെ ഇന്നത്തെ അവസ്ഥയുമായി, അഥവാ അവർക്ക് നിലവിൽ ഒരു ജമാഅത്തും ബൈഅത്ത് ചെയ്യപ്പെട്ട ഒരു ഇമാമും ഇല്ലാത്ത, അവർ ചിന്താപരമായും രീതിശാസ്ത്രപരമായും വളരെയധികം വ്യത്യാസം പുലർത്തുന്ന, പല കക്ഷികളായി വേർപിരിഞ്ഞ, (അവസ്ഥയുമായി) ബന്ധപ്പെട്ട വളരെ വ്യക്തമായ ഒരു പ്രസ്താവനയുണ്ട്. ഈ ഹദീസിലുള്ളത്, ഇതുപോലുള്ള അവസ്ഥ ഒരു മുസ്‌ലിമിന് എത്തിയാൽ, ഒരു ജമാഅത്തും അവരുടെ മേൽ ബൈഅത്ത് ചെയ്യപ്പെട്ട ഒരു ഇമാമും മുസ്‌ലിംകൾക്കില്ലാത്ത കാലത്തോളം അവൻ ഒരു സംഘടനയിലും ചേരാൻ പാടില്ല; ഏതെങ്കിലും കക്ഷികളുടെയോ വിഭാഗങ്ങളുടേയോ കൂടെ ഒരു ബ്ലോക്കായി നിൽക്കാനും പാടില്ല എന്നാണ്. (അൽബാനി)

ഇമാം ബുഖാരിയും മുസ്‌ലിമും ഒന്നിച്ച് ഉദ്ധരിച്ച നബിവചനം. അതിന്റെ പദങ്ങളിലോ ആശയയത്തിലോ അവ്യക്തതകളില്ല. അത്യധികം വ്യക്തവും സ്ഫുടവുമായ ആശയം. ഖുർആൻ വ്യാഖ്യാതാക്കളിൽ ഏറ്റവും പ്രാമാണികനായ ത്വബ്‌രിയും ഹദീസ് വ്യാഖ്യാതാക്കളിൽ ഏറ്റവും പ്രാമാണികനായ ഇബ്‌നു ഹജറും ഒരുമിച്ച് നൽകിയ വിശദീകരണം. ആധുനികനായ ശൈഖ് അൽബാനി ഖണ്ഡിതമായി പറഞ്ഞ കാര്യം: ഇന്നത്തെ പോലെ, മുസ്‌ലിംകൾക്ക് ബൈഅത്ത് ചെയ്യപ്പെട്ട ഭരണാധികാരിയും അയാളുടെ കീഴിൽ ബൈഅത്ത് നൽകിയ പ്രജകളും ഇല്ലാത്ത ഒരു കാലം വന്നാൽ, അവർ പല കക്ഷികളായി ചേരിതിരിഞ്ഞാൽ, തിന്മയിൽ അകപ്പെടുന്നത് പേടിച്ച് ഒരു കക്ഷിയിലും ചേരരുത്. എല്ലാ കക്ഷികളെയും വെടിയണം. അതിനുവേണ്ടി എന്ത് ത്യാഗം ചെയ്യേണ്ടി വന്നാലും.

ഈ ഹദീസ് നൽകുന്ന പാഠങ്ങൾ എന്തൊക്കെയാണ്? ഹദീസിന്റെ പൊരുൾ മനസ്സിലാക്കുന്നതിൽ ഇമാം ബുഖാരിക്ക് വലിയ പ്രാഗത്ഭ്യമുണ്ട്. സ്വഹീഹുൽ ബുഖാരിയിൽ ചേർത്തിരിക്കുന്ന തലവാചകങ്ങൾ അദ്ദേഹത്തിന്റെ പാണ്ഡിത്യവും പ്രാഗത്ഭ്യവും വിളിച്ചോതുന്നു. ഈ ഹദീസ് ഉദ്ധരിച്ചിരിക്കുന്നത് 'ജമാഅത്ത് ഇല്ലാതായാൽ കാര്യം എങ്ങനെയായിരിക്കണം' എന്ന തലവാചകത്തിനു കീഴിലാണ്. ഖലീഫയും ജമാഅത്തും ഇല്ലാതായാൽ മുസ്‌ലിംകളിൽ ധ്രുവീകരണം സംഭവിക്കുകയും അവർ പല കക്ഷികളായി വേർതിരിയുകയും ചെയ്യും. അപ്പോൾ എന്ത് വേണം? ഒരു കക്ഷിയിലും ചേരരുത്. എല്ലാ കക്ഷികളെയും വെടിയണം. അത് വളരെ പ്രയാസകരമായിരിക്കും. വൃക്ഷമൂലത്തിൽ കടിച്ചുപിടിച്ച് ത്യാഗം ചെയ്യേണ്ടിവന്നാലും ഒരു കക്ഷിയിലും ചേരാതിരിക്കുക തന്നെ വേണം. ഇതാണ് നബി(സ) നൽകിയ മറുപടി. ഈ ഹദീസിനെ തെറ്റായി വ്യാഖ്യാനിക്കാൻ മുതിരുന്ന ചിലർ പറയുന്നത് ഇപ്രകാരമാണ്: ഈ വചനത്തിലുള്ളത് ഖലീഫയും ജമാഅത്തും ഇല്ലാത്ത കാലം വന്നാൽ നരക കവാടത്തിലേക്ക് ക്ഷണിക്കുന്ന ഖവാരിജുകൾ, റാഫിളികൾ പോലുള്ള കക്ഷികളിൽ ചേരരുത് എന്നാണ്; തങ്ങളുടെ സംഘടന അതിൽപെടില്ല.

ചിന്തിക്കുക! ഖലീഫയും ജമാഅത്തും ഇല്ലാത്ത കാലം നിങ്ങൾക്ക് വന്നെത്തുകയാണെങ്കിൽ നരക കവാടത്തിലേക്ക് ക്ഷണിക്കുന്ന കക്ഷികളെ നിങ്ങൾ വെടിയണം എന്ന് നബി(സ) ഉപദേശിക്കുമോ? ഇല്ല, കാരണം, നരക കവാടത്തിലേക്ക് ക്ഷണിക്കുന്ന കക്ഷികളെ വെടിയാൻ ഖലീഫയും ജമാഅത്തും ഇല്ലാതാകുന്ന കാലം വരേണ്ടതില്ല. ഖലീഫയും ജമാഅത്തും നിലനിൽക്കുമ്പോൾ തന്നെ പിഴച്ച കക്ഷികളെ വെടിയണം. തിരുമേനിയുടെ വചനങ്ങൾ വ്യക്തവും സ്ഫുടവും സാഹിത്യസമ്പുഷ്ടവുമായിരുന്നു. ആവിഷ്കാരത്തിൽ സാഹിതീയമായ മികവ് തിരുമേനിക്ക് നൽകപ്പെട്ടിരിക്കുന്നു എന്നത് സുവിദിതമാണല്ലോ. جوامع الكلم നൽകപ്പെട്ട തിരുമേനി ഇവർ ആരോപിക്കുന്നതുപോലുള്ള വികലമായ ഒരാശയം ആവിഷ്കരിക്കുന്ന പ്രശ്നമില്ല. നബി(സ)യുടെ വാക്യഘടനയിൽ അത്തരം അവ്യക്തതകൾ കടന്നുകൂടുകയുമില്ല. ഒന്നുകിൽ ഈ മഹദ്വചനം ഗ്രഹിക്കുന്നതിൽ അവർക്ക് പിഴവ് സംഭവിച്ചു. അല്ലെങ്കിൽ സ്ഥാപിത താൽപര്യങ്ങൾക്ക് വേണ്ടി വസ്തുതകൾ വളച്ചൊടിച്ചു. ഇതിൽ ഏതാണ് സംഭവിച്ചതെന്ന് അല്ലാഹുവിന്നറിയാം. രണ്ടായാലും കാര്യം ഗുരുതരം തന്നെ!

إن كنت لا تدري فتلك مصيبة ؛ وإن كنت تدري فالمصيبة أعظم

നിനക്ക് അറിയില്ലെങ്കിൽ അതൊരാപത്ത് തന്നെ,
നിനക്ക് അറിയുമെങ്കിൽ ആപത്ത് അതിഭയാനകവും.

യഥാർത്ഥത്തിൽ, ഇമാമും ജമാത്തും നിലനിൽക്കുന്ന കാലത്തു തന്നെ നരക കവാടത്തിലേക്ക് ക്ഷണിക്കുന്നവർ രംഗത്ത് വരും. അന്ന് മുസ്‌ലിംകളുടെ കടമ ഇമാമിന്റെയും ജമാഅത്തിന്റെയും കൂടെ നിൽക്കലാണ്. അതിലാണ് അവരുടെ രക്ഷ. ഒരിക്കലും നരക കവാടത്തിലേക്ക് ക്ഷണിക്കുന്നവരുടെ കൂടെ പോകാൻ പാടില്ല; പോകേണ്ട കാര്യവുമില്ല. അവർക്ക് ചേരാൻ ഇമാമും ജമാത്തും ഉണ്ടല്ലോ. എന്നാൽ, ഇമാമും ജമാഅത്തും ഇല്ലാത്ത കാലം വന്നാൽ എന്തുചെയ്യണം? നരക കവാടത്തിലേക്ക് ക്ഷണിക്കുന്നവരുടെ കൂടെ പോകാൻ പാടില്ല എന്നത് പറയാതെ തന്നെ സ്ഥിരപ്പെട്ട കാര്യമാണ്. ഇമാമും ജമാഅത്തും നിലവിലുണ്ടോ ഇല്ലേ എന്ന് നോക്കിയല്ല അവരെ വെടിയേണ്ടത്. അവരെ രണ്ടവസ്ഥയിലും ഒരുപോലെ വെടിയേണ്ടതാണ്. പിന്നീട് നമുക്ക് എന്താണ് ചെയ്യാനുള്ളത്? ശരിയായ ഇസ്‌ലാമിക നിലപാടിൽ ജീവിക്കുന്നവർ ഒരു സംഘടന ഉണ്ടാക്കുകയാണോ വേണ്ടത്? അതോ, തമ്മിൽ ഭേദപ്പെട്ട ഏതെങ്കിലും ഒരു സംഘടനയിൽ ചേരുകയോ? അങ്ങനെ ഒരു സംഘടന ഉണ്ടാക്കാൻ കൽപനയില്ല. നിലവിലുള്ളതിൽനിന്നും ഭേദപ്പെട്ട ഒരു സംഘടനയിൽ ചേരുകയുമരുത്. എല്ലാം വെടിയണം. എന്നിട്ട്, ശരിയായ ഇസ്‌ലാമിക നിലപാടിൽ ഉറച്ചുനിൽക്കണം. ചേരിതിരിവും കക്ഷിത്വവും ശരിയായ ഇസ്‌ലാമിക നിലപാടല്ല. ഇതാണ് നബി(സ)യുടെ തിരുവചനത്തിലുള്ളത്. അതിലെ വാക്കും പൊരുളും ഇതിന് സാക്ഷിയാണ്.

ഇമാം ബുഖാരി അങ്ങനെയാണ് അതിൽനിന്നും മനസ്സിലാക്കിയത്. ഖുർആൻ വ്യാഖ്യാതാവായ ത്വബ്‌രിയും ഹദീസ് വ്യാഖ്യാതാവയ ഇബ്നു ഹജറും അങ്ങനെ തന്നെയാണ് വിശദീകരിച്ചതും. ഇമാമും ജമാഅത്തുമില്ലാത്തിടത്ത് ജീവിച്ച സലഫി പണ്ഡിതന്മാർ അതാണ് പറഞ്ഞതും ജീവിതത്തിൽ പിന്തുടർന്നതും. ശരിയായ ഇസ്‌ലാമിക നിലപാടിൽ ഉറച്ചു നിൽക്കാനല്ലാതെ, തങ്ങൾക്ക് ചുറ്റും സംഘടനയുടെ വേലിക്കെട്ടുകൾ നിർമ്മിച്ച് കക്ഷിത്വവും ചേരിതിരിവും ഉണ്ടാക്കാൻ പാടില്ല. സംഘടനകളിൽ ചേരാതെ, ആരുടെയടുക്കലാണോ സത്യമുള്ളത് അതിനെ സഹായിക്കുക. ആരുടെ പക്ഷത്താണോ തിന്മയുള്ളത് അത് തിരുത്തുക. ഇതാണ് മേൽ ഹദീസും അതിന്റെ പ്രാമാണിക വ്യാഖ്യാനങ്ങളും നമ്മെ തെര്യപ്പെടുത്തുന്നത്. ഈ ഹദീസ് സത്യസന്ധമായി സംഘടനക്കാർ വിശദീകരിക്കുകയാണെങ്കിൽ അവർക്കും അപ്രകാരമേ പറയാൻ സാധിക്കൂ. ഒരുദാഹരണം കാണുക:

‘‘എന്നാൽ ശരിയായിട്ടുള്ളത്: ഹദീസുകൊണ്ടുള്ള വിവക്ഷ ഇമാമിന്റെ നേതൃത്വത്തിൽ സംഘടിച്ച സമൂഹത്തോടൊപ്പം നിലകൊള്ളുകയെന്നതാണ്. അല്ലാഹുവിന് ചെയ്ത ബൈഅത്തിൽ ലംഘനം നടത്തിയവർ ജമാഅത്തിൽനിന്ന് വിട്ടുപോയി.

ഹദീസിലുണ്ട്: ജനങ്ങൾക്ക് ഒരു ഇമാം ഇല്ലാതിരിക്കുകയും എന്നിട്ട് ജനങ്ങൾ പാർട്ടികളായി പിരിയുകയും ചെയ്തപ്പോൾ ഒരാളും ആരും സംഘങ്ങളെ അനുഗമിക്കരുത്. നാശത്തിൽ ചെന്ന് പതിക്കാതിരിക്കാൻ എല്ലാ വിഭാഗങ്ങളെയും വർജ്ജിക്കണം. ഇതുപ്രകാരമാണ് മറ്റു ഹദീസുകളിൽ വന്നിട്ടുള്ളതും. ബാഹ്യമായി വിയോജിപ്പു തോന്നുന്നവയും ഈ ആശയത്തിൽ യോജിക്കുന്നു.

ഈ സംഘങ്ങളിൽ ഏതിന്റെ പക്ഷത്താണ് സത്യമുള്ളത് അതിനെ സഹായിക്കാൻ മുസ്‌ലിംകൾക്ക് നിർബ്ബന്ധമാണ്. സത്യത്തിൽ വീഴ്ച വരുത്തുകയോ സത്യത്തോട് വിയോജിക്കുകയോ ചെയ്തവരോട് സാരോപദേശവും മാർഗ്ഗദർശനവും നൽകലും നിർബ്ബന്ധമാണ്.

സത്യത്തിൽ യോജിപ്പുള്ള കാര്യങ്ങളിൽ ഈ കക്ഷികളെല്ലാം പരസ്പരം സഹായിക്കലും നിർബന്ധം തന്നെ. വിയോജിപ്പുള്ള വിഷയങ്ങളിൽ പരസ്പരം ഉപദേശിക്കുകയും വേണം. ഏറ്റവും ചൊവ്വായ പാതയിലേക്ക് നയിക്കാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും വേണം.’’ (എന്തുകൊണ്ട് സലഫി മൻഹജ്, അബൂ ഉസാമ സലീം ഇബ്നു ഈദ് അൽ ഹിലാലി)

മേൽ ഹദീസിലുള്ളത് നരകത്തിലേക്ക് ക്ഷണിക്കുന്ന കക്ഷികളെ മാത്രം വെടിയാനാണെന്ന് പറയുന്നത് വസ്തുതാപരമല്ല. മറിച്ച് എല്ലാ കക്ഷികളെയുമാണ്. കാരണം:

- ഹുദൈഫ(റ)യിൽനിന്ന് ഉദ്ധരിക്കുന്ന നബിവചനം അക്ഷരത്തിലും ആശയത്തിലും എല്ലാ കക്ഷികളെയും വെടിയണമെന്ന് പറയുന്നു.

- നരകത്തിലേക്ക് ക്ഷണിക്കുന്ന കക്ഷികൾ ഇമാമും ജമാഅത്തും ഉള്ളപ്പോൾ തന്നെ ഉണ്ടാകുമെന്നും അപ്പോൾ അവരുടെ കൂടെ നിൽക്കാതെ ഇമാമിന്റെയും ജമാഅത്തിന്റെയും കൂടെ നിൽക്കുകയാണ് വേണ്ടതെന്നും മേൽ ഹദീസ് വ്യക്തമാക്കുന്നു.

- ഇമാമും ജമാഅത്തും ഇല്ലാതായാൽ ശരിയായ ഇസ്‌ലാമിക നിലപാടിൽ നിലകൊള്ളുന്നവർ ഒരു സംഘടനയുണ്ടാക്കണമെന്ന് പ്രസ്തുത ഹദീസിലോ മറ്റെവിടെയെങ്കിലുമോ നബി(സ) പറയുന്നില്ല.

- ഇമാമും ജമാഅത്തും ഇല്ലാതായാൽ നിലവിലുള്ള കക്ഷികളിൽ താരതമ്യേന ഭേദപ്പെട്ട കക്ഷി യിൽ ചേരുകയാണ് വേണ്ടതെന്ന് പ്രസ്തുത വചനത്തിലോ മറ്റെവിടെയെങ്കിലുമോ നബി(സ) പറഞ്ഞിട്ടില്ല.

- ഇമാമും ജമാഅത്തും ഇല്ലാതായാൽ നരകത്തിലേക്ക് ക്ഷണിക്കുന്ന കക്ഷികളെ വെടിയണമെ ന്നതിന് അർത്ഥം കൽപിക്കുന്നത് പ്രസ്തുത വചനത്തിന്റെ സന്ദർഭത്തോടോ പ്രവാചക ശൈലിയോടോ അറബി ഭാഷാ പ്രയോഗത്തോടോ നിരക്കുന്നതല്ല. അങ്ങനെ തെറ്റായ അർത്ഥ കൽപന നൽകുന്നതോടെ ആ മഹദ്വചനം നിരർത്ഥകമായിത്തീരുകയാണ് ചെയ്യുക.

- ഇബ്നു ജരീറുത്വബ്‌രി(റ), ഇബ്നു ഹജർ(റ) പോലെയുള്ള പൗരാണികരായ വ്യാഖ്യാത ക്കൾ വിശദീകരിച്ചത് ഇമാമും ജമാഅത്തും ഇല്ലാതായാൽ എല്ലാ കക്ഷികളെയും വെടിയണ മെന്ന് തന്നെയാണ്.

- ശൈഖ് അൽബാനി(റ)യെ പോലുള്ള ആധുനികരായ സലഫി പണ്ഡിതന്മാരും വ്യാഖ്യാനി ച്ചത് അങ്ങനെതന്നെയാണ്.

- ആധുനിക സലഫി പണ്ഡിതനായ സലീമുൽ ഹിലാലിയുടെ പുസ്തകം വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ച സംഘടനാവാദികൾ പോലും ഇക്കാര്യം എഴുതിയിട്ടുള്ളതുമാണ്.

കാര്യം ഇത്രയും വ്യക്തമായിരിക്കെ ചിലരുടെ കുതർക്കങ്ങൾ കേട്ട് നാം പ്രസ്തുത വചനത്തി ലടങ്ങിയിരിക്കുന്ന അല്ലാഹുവിന്റെ സന്ദേശം ഉപേക്ഷിക്കുകയോ? ഇമാം മാലിക്(റ)ന്റെ ഒരു ചോദ്യം എത്ര പ്രസക്തം!

أو كلما جاءنا رجل أجدل من رجل؛ تركنا ما جاء به جبريل إلى محمد صلى الله عليه وسلم لجدل هؤلاء (حلية الأولياء لأبي نعيم ٦/٣٢٤)

ഒരാളെക്കാൾ കൂടുതൽ താർക്കികനായ മറ്റൊരാൾ വരുമ്പോഴെല്ലാം ഇവരുടെ തർക്കത്തിനു വേണ്ടി ജിബ്‌രീൽ മുഹമ്മദ് നബി(സ)ക്ക് കൊണ്ടുവന്ന് കൊടുത്തത് നാം ഉപേക്ഷിക്കുകയോ? (അബൂ നുഐമിന്റെ ഹിൽയത്തുൽ ഔലിയാ)

**നിഷിദ്ധമായ സംഘടനയും സംഘടനയിലെ നിഷിദ്ധങ്ങളും**

രണ്ടാമതായി പരിശോധിക്കേണ്ടത് സംഘടനയിൽ മതം നിഷിദ്ധമാക്കിയ കാര്യങ്ങളുണ്ടോ എന്നതാണ്. കക്ഷികളിൽ ചേരുന്നതിനെ തിരുമേനി വിലക്കിയത് നാം കണ്ടുകഴിഞ്ഞു. അതോടെ സംഘടന തന്നെ ഒരു നിഷിദ്ധമായ കാര്യമായിത്തീർന്നു. അപ്പോൾ പിന്നെ, സംഘടന വെടി യാൻ വേണ്ടി അതിലുള്ള നിഷിദ്ധങ്ങൾ ചർച്ച ചെയ്യേണ്ട കാര്യമുണ്ടോ? ഇല്ല, ഒരിക്കലുമില്ല. എന്നാൽ,സംഘടനയിൽ ചേർന്നാൽ ബാധിക്കാവുന്ന തിന്മകളുടെ ആഴം മനസ്സിലാക്കി സൂക്ഷ്മത കൈകൊള്ളാൻ അവയെ കുറിച്ച് ചുരുങ്ങിയ ഒരന്വേഷണം നടത്താം.

ഇന്ന് നിലവിലുള്ള മതസംഘടനകൾ, നേരത്തെ സൂചിപ്പിച്ചതു പോലെ, തിരുമേനി വിലക്കിയ നിഷിദ്ധമായ കാര്യങ്ങളിൽപെട്ടതാണ്. കൂടാതെ, അവയിൽ ധാരാളം നിഷിദ്ധമായ കാര്യങ്ങൾ വേറെയുമുണ്ട്. ചിലത് സംഘടനയിൽ തന്നെ നിഹിതമായിട്ടുള്ളവയാണ്. മറ്റു ചിലത് ഒരാൾ സംഘടനാ പ്രവർത്തകനാകുമ്പോൾ അയാളിൽ വന്നുചേരുന്ന ദോഷങ്ങളാണ്. സംഘടനാ പ്രവർത്തകരിൽ കണ്ടുവരുന്ന ദോഷങ്ങൾ പരിഹരിക്കണമെന്ന് എല്ലാവരും പറയാറുണ്ട്. പക്ഷെ, സംഘടനാ പ്രവർത്തകനായിരിക്കുന്നിടത്തോളം അത് തിരുത്താൻ കഴിയില്ലെന്നതാണ് യാഥാർത്ഥ്യം. അത് മുഴുവനും തിരുത്തപ്പെടുന്നതോടെ സംഘടന തന്നെ ഇല്ലാതായിത്തീരും. കാര ണം, അവയിലധികവും സംഘടനയിൽ അന്തർലീനമായി കിടക്കുന്ന തിന്മകളാണ്. അവ ഒരു വ്യക്തിക്ക് ഒഴിവാക്കാനാവില്ല. അത് അവന്റെ തിന്മകളല്ല. സംഘടനയിൽ ചേർന്നപ്പോൾ അവനെ ബാധിച്ചതാണ്. നിഷ്പക്ഷതയും സത്യസന്ധതയും കൈമോശം വന്നിട്ടില്ലാത്ത, സംഘടനാ സങ്കു ചിതത്വം കൊണ്ട് പൂർണ്ണമായും ആന്ധ്യം ബാധിച്ചിട്ടില്ലാത്ത സംഘടനാ പ്രവർത്തകർക്ക് താഴെ പറയുന്ന തിന്മകൾ തങ്ങളെ ഗ്രസിച്ചതായി ബോധ്യപ്പെടും. ചിലർക്ക് ഇവിടെ പറയാത്ത മറ്റുചില തിന്മകൾ തങ്ങളെ ബാധിച്ച കഥ പറയാനുണ്ടായിരിക്കും. ചിലത് ചിലരെ ബാധിക്കാതിരിക്കാനും സാധ്യതയുണ്ട്. ഏതായാലും, തിരുമേനി തിന്മ ബാധിക്കാതിരിക്കാനായി വിട്ടുനിൽക്കാൻ ഉപദേ

ശിച്ച ഒരു കാര്യത്തിൽനിന്ന് നമുക്ക് നന്മയുണ്ടാകുമെന്ന് പ്രതീക്ഷിക്കാവതല്ല-ആരൊക്കെ എന്തൊക്കെ ന്യായീകരണങ്ങൾ ഉന്നയിച്ചാലും ശരി. അത്തരം തിന്മകളിൽപെട്ട ഏതാനും ചിലത് താഴെ കൊടുക്കുന്നു.

**1. സംഘടനകൾ അല്ലാഹുവിന്റെ കക്ഷിയെ ദുർബ്ബലപ്പെടുത്തുന്നു.**

ഇസ്ലാമിക വീക്ഷണത്തിൽ ലോകത്ത് രണ്ടു കക്ഷികളാണുള്ളത്: അല്ലാഹുവിന്റെ കക്ഷിയും പിശാചിന്റെ കക്ഷിയും. അല്ലാഹു പറയുന്നു: (المجادلة ٢٢) أَلَا إِنَّ حِزْبَ اللَّهِ هُمُ الْمُفْلِحُونَ അറിയുക: അല്ലാഹുവിന്റെ കക്ഷി, അവർ തന്നെയാണ് വിജയികൾ. (വി.ഖു. 58:22)

(المجادلة ١٩) أَلَا إِنَّ حِزْبَ الشَّيْطَانِ هُمُ الْخَاسِرُونَ അറിയുക: പിശാചിന്റെ കക്ഷി, അവർ തന്നെയാണ് പരാജിതർ. (വി.ഖു. 58:22) അല്ലാഹുവിന്റെ കക്ഷി ഒന്നാണ്. ആ ഒറ്റക്കക്ഷിയെ തന്നെ പല കക്ഷി കളാക്കി വേർതിരിക്കുന്നത് അല്ലാഹുവിന്റെ കക്ഷിയെ ദുർബ്ബലപ്പെടുത്താൻ മാത്രം സഹായി ക്കുന്ന നടപടിയാണ്. വൃത്തത്തിനകത്ത് വൃത്തം വരച്ച്, പരസ്പര സാഹോദര്യത്തിന്റെ കണ്ണികൾ വേർപ്പെടുത്തി, മുസ്ലിം സമുദായത്തെ ക്ഷയിപ്പിക്കുകയാണ് സംഘടനകൾ ചെയ്യുന്നത്. മുസ്ലിം കളെ പല വിഭാഗങ്ങളാക്കി, അവക്ക് ചുറ്റും സംഘടനാ വേലിക്കെട്ടുകൾ തീർത്ത്, പരസ്പരം വിദ്വേഷത്തിന്റെയും വൈരത്തിന്റെയും ശരവർഷം നടത്തുന്ന ഇന്നത്തെ പ്രബോധനരീതി ഇസ്ലാം അംഗീകരിക്കുന്നില്ല. മതത്തിൽ വിഭാഗീയത സൃഷ്ടിക്കാനോ മതാനുയായികളെ പലകക്ഷികളാക്കി വേർതിരിക്കാനോ പാടില്ലെന്നും, അത് ബഹുദൈവവിശ്വാസികളുടെ നടപടി യാണെന്നും, അങ്ങനെ ചെയ്യുന്നവരുമായി നബി(സ)ക്ക് യാതൊരു ബന്ധവുമില്ലെന്നും ഖുർആൻ അസന്നിഗ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട്. അല്ലാഹു പറയുന്നു:

وَلَا تَكُونُوا مِنْ الْمُشْرِكِين (٣١) مِنْ الَّذِينَ فَرَّقُوا دِينَهُمْ وَكَانُوا شِيَعًا كُلُّ حِزْبٍ بِمَا لَدَيْهِمْ فَرِحُونَ (الروم ٣٢)

തങ്ങളുടെ മതത്തെ ഛിന്നഭിന്നമാക്കുകയും കക്ഷികളായി വേർപിരിയുകയും ചെയ്ത ബഹു ദൈവവിശ്വാസികളിൽ നിങ്ങൾ പെട്ടുപോകരുത്. ഓരോ കക്ഷിയും അവരുടെ പക്കലുള്ളതിൽ അതി യായി സന്തോഷിക്കുന്നവരാണ്. (വി.ഖു. 30:31-32)

إِنَّ الَّذِينَ فَرَّقُوا دِينَهُمْ وَكَانُوا شِيَعًا لَسْتَ مِنْهُمْ فِي شَيْءٍ إِنَّمَا أَمْرُهُمْ إِلَى اللَّهِ ثُمَّ يُنَبِّئُهُمْ بِمَا كَانُوا يَفْعَلُونَ (الأنعام ١٥٩)

തങ്ങളുടെ മതത്തെ ഛിന്നഭിന്നമാക്കുകയും കക്ഷികളായി വേർപിരിയുകയും ചെയ്തവർ, അവരുമായി താങ്കൾക്ക് യാതൊരു ബന്ധവുമില്ല. അവരുടെ കാര്യം അല്ലാഹുവിലേക്ക് (മടക്കപ്പെടുന്നതാണ്). പിന്നീട് അവരുടെ ചെയ്തികളെ കുറിച്ച് അവൻ അവർക്ക് പറഞ്ഞുകൊടുക്കും. (വി.ഖു. 6:159)
ഡോ. ബക്ർ അബൂ സെയ്ദിന്റെ വാക്കുകൾ ശ്രദ്ധിക്കുക:

فإن الحزبية ذات المسارات والقوالب المستحدثة التي لم يعهدها السلف من أعظم العوائق عن العلم والتفريق عن الجماعة، فكم أوهنت حبل الاتحاد الإسلامي! وغشيت المسلمين بسببها الغواشي!! (الدكتور بكر أبو زيد، حلية طالب العلم)

സലഫുകൾക്ക് പരിചയമില്ലാത്ത, നൂതനമായ സഞ്ചാരപഥങ്ങളും ചട്ടക്കൂടുകളുമുള്ള കക്ഷിത്വമാണ് (ശരിയായ) ജ്ഞാനം നേടുന്നതിനുള്ള ഏറ്റവും വലിയ തടസ്സങ്ങളിലൊന്ന്; അത് മുസ്ലിം സമുദായത്തെ ഭിന്നിപ്പിക്കുന്ന സുപ്രധാന ഘടകങ്ങളിലൊന്നാണ്. ഇസ്ലാമികൈക്യ ത്തിന്റെ പാശത്തെ അതെന്തുമാത്രം ദുർബ്ബലമാക്കി! അതു നിമിത്തം മുസ്ലിംകൾക്ക് എന്തെല്ലാം ദുരന്തങ്ങളുണ്ടായി!! (ഡോ. ബക്ർ അബൂ സെയ്ദ്, ഹിൽയത്തു ത്വാലിബിൽ ഇൽമ്)

**2. അംഗത്വപ്രതിജ്ഞ അനിസ്ലാമികമായ നിബന്ധന**

സംഘടനകൾ അവയിൽ ഒരു മുസ്ലിമിന് അംഗത്വം നൽകണമെങ്കിൽ അയാൾ നിശ്ചിതമായ ഒരു പ്രതിജ്ഞ (بيعة) എടുക്കണമെന്ന നിബന്ധന (شرط) വെക്കുന്നു. ഇത് ഇസ്ലാം നിഷിദ്ധമാ ക്കിയ കാര്യമാണ്. ഇസ്ലാമിലേക്ക് കടന്നുവരുന്ന ഒരാൾ നബി(സ)ക്ക് നൽകിയിരുന്ന പ്രതിജ്ഞ, ശാസനാധികാരമുള്ള ഖലീഫയെ തെരഞ്ഞെടുക്കുമ്പോൾ അദ്ദേഹത്തിനു നൽകുന്ന അനുസരണ പ്രതിജ്ഞ, യുദ്ധത്തിനു പോകുമ്പോൾ സൈന്യാധിപൻ ആവശ്യപ്പെട്ടാൽ അദ്ദേഹത്തിനു സൈനികർ നൽകുന്ന അനുസരണ പ്രതിജ്ഞ ഇതൊക്കെ ഇസ്ലാം നിശ്ചയിച്ച പ്രതിജ്ഞകളാ

ണ്. എന്നാൽ, ദഅ്‌വത്തിന് സന്നദ്ധനായിവരുന്ന ഒരാളെ അംഗമായി സ്വീകരിക്കണമെങ്കിൽ പ്രതിജ്ഞയെടുക്കണമെന്ന് നിബന്ധനവെക്കാൻ ഒരാൾക്കും അവകാശമില്ല. അങ്ങനെയൊരു നിബന്ധന ഇസ്‌ലാം നിശ്ചയിച്ചിട്ടില്ല. ഇസ്‌ലാമിൽ പുതിയ ഒരു നിബന്ധന നിശ്ചയിക്കാൻ ആർക്കും പാടുള്ളതല്ല. തിരുമേനി പറഞ്ഞു:

٤٥٦ عَنْ عَائِشَةَ قَالَتْ.. فَصَعِدَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ عَلَى الْمِنْبَرِ فَقَالَ مَا بَالُ أَقْوَامٍ يَشْتَرِطُونَ شُرُوطًا لَيْسَ فِي كِتَابِ اللَّهِ مَن اشْتَرَطَ شَرْطًا لَيْسَ فِي كِتَابِ اللَّهِ فَلَيْسَ لَهُ وَإِن اشْتَرَطَ مِائَةَ مَرَّةٍ (البخاري)

ആയിശ(റ)യിൽനിന്ന് നിവേദനം. അങ്ങനെ നബി(സ) മിമ്പറിൽ കേറിയിട്ട് പറഞ്ഞു: എന്താണ് ഈ ജനങ്ങളുടെ അവസ്ഥ. അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ (അല്ലാഹുവിന്റെ നിയമത്തിൽ) ഇല്ലാത്ത നിബന്ധനകൾ അവർ നിശ്ചയിക്കുന്നു. ആരെങ്കിലും അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ (അല്ലാഹുവിന്റെ നിയമത്തിൽ) ഇല്ലാത്ത ഒരു നിബന്ധന നിശ്ചയിച്ചാൽ അത് അയാൾക്ക് വകവെച്ചുകൊടുക്കേണ്ടതില്ല; അയാൾ നൂറുതവണ നിബന്ധന നിശ്ചയിച്ചാലും. (ബുഖാരി)

ഇത്തരം പ്രതിജ്ഞകളെ കുറിച്ച് സച്ചരിതരായ സലഫിന്റെ സമീപനം എന്തായിരുന്നു? താബിഉകളിൽ പ്രമുഖനായ മുത്വരിഫ് ഇബ്നു അബ്ദില്ലാ അശ്ശിഖീർ പറയുന്നു: ഞങ്ങൾ സെയ്ദ് ബിൻ സ്വൂഹാനിന്റെ അടുക്കൽ ചെല്ലാറുണ്ടായിരുന്നു. അദ്ദേഹം പറയാറുണ്ടായിരുന്നു: അല്ലാഹുവിന്റെ അടിമകളേ, നിങ്ങൾ മാന്യതപുലർത്തുവീൻ, നന്മചെയ്യുവീൻ. അടിയാറുകൾക്ക് അല്ലാഹുവിലേക്ക് അടുക്കുവാൻ രണ്ട് ഉപാധികളാണുള്ളത്: ഭയവും പ്രതീക്ഷയും. അങ്ങനെ ഒരു ദിവസം ഞാൻ അദ്ദേഹത്തെ സന്ദർശിച്ചു. അപ്പോൾ, അവർ ഒരു ഏട്ടിൽ മനോഹരമായ ചില വാചകങ്ങൾ എഴുതിയിരിക്കുന്നു. അത് ഇപ്രകാരമാണ്:

إن الله ربنا .. ومحمد نبينا .. والقرآن إمامنا .. ومن كان معنا .. كنا وكنا .. ومن خالفنا .. كانت يدنا عليه .. وكنا وكنا ..

ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണ്.. ഞങ്ങളുടെ നബി മുഹമ്മദ്(സ)യാണ്.. ഞങ്ങളുടെ ഇമാം വിശുദ്ധ ഖുർആനാണ്.. ആർ (ഇക്കാര്യത്തിൽ) ഞങ്ങളുടെ കൂടെയാണോ.. ഞങ്ങൾ (പരസ്പരം സഹായികൾ) ആണ്, ഞങ്ങൾ (പരസ്പരം സഹായികൾ) ആണ്.. ആർ (ഇക്കാര്യത്തിൽ) ഞങ്ങൾക്ക് എതിരാണോ.. ഞങ്ങളുടെ കൈ അവന് എതിരാണ്.. ഞങ്ങൾ (ഒറ്റക്കെട്ട്) ആണ്.. ഞങ്ങൾ (ഒറ്റക്കെട്ട്) ആണ്. അദ്ദേഹം പറയുന്നു: അങ്ങനെ അവർ ഈ ഏട് അവിടെയുള്ള ഓരോരുത്തനും കാണിച്ചു കൊടുക്കാൻ തുടങ്ങി. എന്നിട്ട് അവർ ചോദിക്കുന്നു: നീ അംഗീകരിച്ചുവോ? അങ്ങനെ അത് എന്റെ അടുക്കലെത്തി. അവർ ചോദിച്ചു: കുട്ടീ, നീ ഇത് അംഗീകരിച്ചോ? ഞാൻ പറഞ്ഞു: ഇല്ല. അപ്പോൾ അദ്ദേഹം (സെയ്ദ് ബിൻ സ്വൂഹാൻ) പറഞ്ഞു: നിങ്ങൾ അവനോട് ധൃതിപ്പെട്ടൊന്നും ചെയ്തുപോകരുത്. അദ്ദേഹം എന്നോട് ചോദിച്ചു: നിനക്ക് എന്താണ് പറയാനുള്ളത്? ഞാൻ പറഞ്ഞു: അല്ലാഹു അവന്റെ നിയമമനുസരിച്ച് എന്നോട് ഒരു കരാർ വാങ്ങിയിട്ടുണ്ട്. അവൻ എന്നോട് വാങ്ങിയ കരാറിനു പുറമെ മറ്റൊരു കരാർ ഞാൻ ഒരിക്കലും നൂതനമായി നിർമ്മിക്കുകയില്ല. അപ്പോൾ ആ ജനം മുഴുവനും അവരുടെ (പ്രതിജ്ഞയിൽനിന്ന്) പിൻവാങ്ങി. ഒരാൾ പോലും അത് അംഗീകരിക്കാൻ തയ്യാറായില്ല. അവർ ഏതാണ്ട് മുപ്പതു പേരുണ്ടായിരുന്നു. (അബൂ നുഐം, ഹിൽയത്തുൽ ഔലിയാ വാള്യം 2, പുറം 204, ഇമാം ദഹബി, സിയറു അഅ്‌ലാമിന്നുബലാ)

സംഘടനകളിലുള്ള അംഗത്വപ്രതിജ്ഞ പോലുള്ളതിനെ കുറിച്ച് സലഫുകളുടെ സമീപനം എന്തായിരുന്നു എന്ന് ഈ സംഭവം സുതരാം വ്യക്തമാക്കുന്നു. കൂട്ടായ ദഅ്‌വത്ത് പ്രവർത്തനം എന്ന പേരിൽ ചെയ്യുന്നതൊന്നും, ഉള്ളടക്കത്തിലോ സംവിധാനങ്ങളിലോ ചട്ടക്കൂടുകളിലോ, ഖുർആനിന്റെയും സുന്നത്തിന്റെയും മാർഗ്ഗനിർദ്ദേശങ്ങൾക്ക് പുറത്ത് പോയിക്കൂടാ എന്നും ഇത് പഠിപ്പിക്കുന്നു.

പ്രതിജ്ഞാവാക്യം നല്ല ആശയമായാൽ പോരേ എന്നു ചോദിക്കുന്നവരുണ്ട്. ഏത്ര നല്ല വാക്യമായാലും പറ്റില്ലെന്നതിന് മേൽ സംഭവം തന്നെ മതിയായ തെളിവാണ്; ശഹാദത്ത് കലിമയായിരുന്നാൽ പോലും. ശഹാദത്ത് ഒരാൾ എത്ര തവണ ആവർത്തിക്കുന്നതും പുണ്യം തന്നെ. പക്ഷെ, ഒരിക്കൽ ശഹാദത്ത് കലിമ ചൊല്ലിയ ഒരാളോട് ഇതുപോലുള്ള സന്ദർഭങ്ങളിൽ അത് പുതുക്കണമെന്ന് നിബന്ധന വെക്കാവതല്ല. ശഹാദത്ത് പുതുക്കാൻ കൽപിക്കുന്നതിനെ കുറിച്ച്

അഖീദഃയുടെ ഗ്രന്ഥങ്ങളിൽ വിശദീകരിക്കപ്പെട്ടിട്ടുള്ളതാണ്. ത്വഹാവിയ്യയുടെ വ്യാഖ്യാനത്തിൽ ഇപ്രകാരം കാണാം:

بل أئمة السلف كلهم متفقون على أن أول ما يؤمر به العبد الشهادتان، ومتفقون على أن من فعل ذلك قبل البلوغ لم يؤمر بتجديد ذلك عقيب بلوغه (ابن ابي العز الحنفي، شرح العقيدة الطحاوية)

ഒരു മനുഷ്യനോട് ആദ്യമായി കൽപിക്കപ്പെടേണ്ടത് രണ്ടു സാക്ഷ്യമൊഴികളാണെന്നത് സലഫുകളായ ഇമാമുകളെല്ലാവരും ഏകോപിച്ച കാര്യമാണ്. പ്രായപൂർത്തി തികയുന്നതിനുമുമ്പ് ആരെങ്കിലും അത് നിർവ്വഹിച്ചിട്ടുണ്ടെങ്കിൽ പ്രായപൂർത്തി തികഞ്ഞ ഉടനെ അത് പുതുക്കാൻ കൽപിക്കാവതല്ലെന്നും അവർ ഏകോപിച്ച കാര്യമാണ്. (ഇബ്നു അബിൽ ഇസ്സ് അൽഹനഫി, ശറഹുൽ അഖീദത്തിത്ത്വഹാവിയ്യഃ)

ജമാഅത്തെ ഇസ്‌ലാമിയുടെ രൂപീകരണ സമയത്ത് ശഹാദത്ത് പുതുക്കാൻ ആവശ്യപ്പെട്ടതായി അതിന്റെ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സമാനമായ പ്രതിജ്ഞകൾ ഇന്ന് ഏതാണ്ട് എല്ലാ സംഘടനകളിലും അംഗത്വം നൽകാനുള്ള നിബന്ധനയായി നിശ്ചയിച്ചിട്ടുമുണ്ട്. എല്ലാം നൂതനസൃഷ്ടിയും നിഷിദ്ധവും തന്നെ.

ഇനി, പണ്ഡിതന്മാർ ഇതിനെ കുറിച്ച് എന്ത് പറയുന്നു എന്ന് കാണുക: സൂഫികളിൽപെട്ട ഒരാൾ ഒരു ശൈഖിനോട് ഉടമ്പടി (ബൈഅത്ത്) ചെയ്തു. പിന്നീട് അയാൾ മറ്റൊരു ശൈഖിനെ തെരഞ്ഞെടുക്കുകയും അയാൾക്ക് കരാർ നൽകുകയും ചെയ്തു. ഒന്നാമത്തെ കരാറാണോ രണ്ടാമത്തെ കരാറാണോ അയാൾ പാലിക്കേണ്ടതെന്ന് ഇമാം സുയൂത്വിയോട് ചോദിക്കപ്പെട്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു:

لايلزمه العهد الأول ولا الثاني، ولا أصل لذلك (الحاوي للفتاوى ٢٥٣/١)

അയാൾ ഒന്നാമത്തെ കരാറോ രണ്ടാമത്തേതോ പാലിക്കേണ്ടതില്ല. കാരണം, അതിന് മതത്തിൽ യാതൊരു അടിസ്ഥാനവുമില്ല. (സുയൂത്വിയുടെ ഫത്‌വാ സമാഹാരം, വാള്യം 1, പുറം 253)

മുസ്‌ലിം ലോകത്തുള്ള സലഫി പണ്ഡിതന്മാരിൽ മഹാഭൂരിഭാഗവും സംഘടനതന്നെ തീരെ അംഗീകരിക്കാത്തവരാണ്; അംഗീകരിക്കുന്ന ചിലരുമുണ്ട്. എന്നാൽ, സംഘടന അംഗീകരിക്കുന്നവരിൽ തന്നെ ഒരാൾ പോലും പ്രതിജ്ഞ അംഗീകരിക്കുന്നില്ലെന്നതാണ് വാസ്തവം. ഇത് നിഷിദ്ധമാണെന്നതിൽ ആരെങ്കിലും സംശയിക്കുമെന്ന് തോന്നുന്നില്ല.

സംഘടനയെ ന്യായീകരിക്കുന്നതിനു വേണ്ടി ശൈഖ് അബ്ദുല്ലാ അസ്സബ്ത് എഴുതിയിട്ടുള്ള حكم العمل الجماعي في الإسلام (ഇസ്‌ലാമിൽ സംഘടിത പ്രവർത്തനത്തിന്റെ വിധി) എന്ന കൃതിയിൽ സംഘടിത പ്രവർത്തനത്തിന് നിശ്ചയിക്കപ്പെട്ട വ്യവസ്ഥകളിൽ ആറാമത്തേത് കാണുക:

٦– أن لا تكون لديهم بيعة :

ويشترط لهذا التجمع خلوه من البيعات، لأن البيعة لا تكون إلا لإمام معتبر حاكم، أما رؤساء الجماعات، فهؤلاء يطاعون بالمعروف دون بيعة، ولا يقال نفرق بين بيعة الخليفة وبيعة رئيس الجماعة، فنقول: الترك أولى، سدا للذريعة ومنعا للتحزب (حكم العمل الجماعي في الإسلام، ص ١٧)

ഈ കൂട്ടായ്മ ബൈഅത്തുകളിൽനിന്ന് മുക്തമായിരിക്കണമെന്നത് നിബന്ധനയാണ്. ഭരണാധികാരിയായി പരിഗണിക്കപ്പെടുന്ന ഇമാമിനല്ലാതെ ബൈഅത്ത് നൽകാവതല്ല. എന്നാൽ, ബൈഅത്ത് നൽകാതെ, സംഘടനാ നേതാക്കൾ നന്മയിൽ അനുസരിക്കപ്പെടുകയാണ് ചെയ്യേണ്ടത്. ഖലീഫക്കുള്ള ബൈഅത്തും സംഘടനാ നേതാവിനുള്ള ബൈഅത്തും ഞങ്ങൾ വേറെയായിട്ടാണ് കാണുന്നതെന്ന് പറയാവതല്ല. അപ്പോൾ നാം പറയട്ടെ: (തെറ്റിലേക്കുള്ള) വഴിയടക്കാനും കക്ഷിത്വം തടയാനും വേണ്ടി (ബൈഅത്ത്) ഉപേക്ഷിക്കലാണ് ഉത്തമം. (ശൈഖ് അബ്ദുല്ലാ അസ്സബ്ത്, ഇസ്‌ലാമിൽ സംഘടിത പ്രവർത്തനത്തിന്റെ വിധി, പുറം 17)

**3. സംഘടനയും രഹസ്യസ്വഭാവവും**

അല്ലാഹുവിലേക്കുള്ള പ്രബോധനം തീർത്തും സുതാര്യമായിരിക്കണം. അതിൽ രഹസ്യം പാടില്ല. പൊതുജനം അറിയാൻ പറ്റാത്ത ഒരു കാര്യവും ദഅ്‌വത്തിന്റെ പേരിൽ രഹസ്യമായി ചർച്ച ചെയ്തു കൂടാ. ഉമർ ഇബ്നു അബ്ദിൽ അസീസ്(റ)യുടെ വാക്കുകൾ ശ്രദ്ധിക്കുക:

إذا رأيت قوما يتناجون في دينهم بشيء دون العامة فاعلم أنهم على تأسيس ضلالة (أبو القاسم اللالكائي، اعتقاد أهل السنة)

മതപരമായ കാര്യത്തിൽ പൊതുജനങ്ങളെ കൂടാതെ ഒരു പറ്റം ആളുകൾ രഹസ്യമായി ചർച്ച നടത്തുന്നുവെങ്കിൽ നീ മനസ്സിലാക്കണം അവർ ഒരു വഴികേട് സ്ഥാപിക്കുകയാണ്. (ഇമാം അബുൽഖാസിം അല്ലാലകാഈ, ഇഅ്തിഖാദു അഹ്‌ലിസ്സുന്നഃ) ഇന്നത്തെ സംഘടനാ യോഗങ്ങളിൽ ചർച്ചചെയ്യുന്ന കാര്യങ്ങൾ വലിയൊരളവോളം പൊതുജനം അറിഞ്ഞുകൂടാത്തവയാണ്. പൊതുജനത്തിന് അത് അറിയാൻ അവസരം നൽകിയിരുന്നുവെങ്കിൽ സംഘടനകളുടെ അകത്തളങ്ങൾ ഇവ്വിധം ചീഞ്ഞുനാറുമായിരുന്നില്ല. മതപ്രബോധനത്തിന്റെ പേരിലുള്ള ദുർവൃത്തികൾ എന്നോ അവസാനിക്കുമായിരുന്നു. നേതൃരംഗങ്ങളിലെയും ഉന്നതങ്ങളിലെയും 'സ്വകാര്യങ്ങൾ' വഴികേടല്ലെന്ന് പറയാൻ കഴിയുക അതിൽ പങ്ക് പറ്റുന്നവർക്ക് മാത്രമായിരിക്കും.

### 4. സംഘടന കക്ഷിത്വമനസ്ഥിതി വളർത്തുന്നു

സംഘടനകൾ മുസ്‌ലിംകൾക്കിടയിൽ വിഭാഗീയതയും കക്ഷിത്വമനസ്ഥിതിയും വളർത്തുന്നു. കക്ഷിത്വം ഇസ്‌ലാം അംഗീകരിക്കുന്നതേയില്ല. ദീൻ അംഗീകരിച്ച പേരുകളുടെയും ചിഹ്നങ്ങളുടെയും അടിസ്ഥാനത്തിൽ പോലും കക്ഷിത്വം പിടിക്കുന്നത് തിരുമേനി വിലക്കിയിട്ടുണ്ട്. അത് ജാഹിലിയ്യത്തിന്റെ ജീർണ്ണതകളിൽപെട്ടതാണെന്ന് വിശേഷിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇമാം ബുഖാരി ഉദ്ധരിക്കുന്ന ഹദീസ് കാണുക:

٣٥١٨ عن جَابِر رَضِي اللَّه عَنْه قال غَزَوْنَا مَعَ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ وَقَدْ ثَابَ مَعَهُ نَاسٌ مِنَ الْمُهَاجِرِينَ حَتَّى كَثُرُوا وَكَانَ مِنَ الْمُهَاجِرِينَ رَجُلٌ لَعَّابٌ فَكَسَعَ أَنْصَارِيًّا فَغَضِبَ الْأَنْصَارِيُّ غَضَبًا شَدِيدًا حَتَّى تَدَاعَوْا وَقَالَ الْأَنْصَارِيُّ يَا لَلْأَنْصَارِ وَقَالَ الْمُهَاجِرِيُّ يَا لَلْمُهَاجِرِينَ فَخَرَجَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فَقَالَ مَا بَالُ دَعْوَى أَهْلِ الْجَاهِلِيَّةِ ثُمَّ قَالَ مَا شَأْنُهُمْ فَأُخْبِرَ بِكَسْعَةِ الْمُهَاجِرِيِّ الْأَنْصَارِيَّ قَالَ فَقَالَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ دَعُوهَا فَإِنَّهَا خَبِيثَةٌ ( البخاري )

ജാബിർ(റ)ൽനിന്ന് നിവേദനം. ഞങ്ങൾ നബി (സ)യുടെ കൂടെ ഒരു യുദ്ധത്തിൽ പങ്കെടുത്തു. തിരുമേനിയുടെ കൂടെ ധാരാളം മുഹാജിറുകൾ ഒരുമിച്ചുകൂടി. മുഹാജിറുകളിൽ യുദ്ധോപകരണവുമായി കളിക്കുന്ന ഒരാളുണ്ടായിരുന്നു. അദ്ദേഹം ഒരു അൻസാരിയുടെ പിൻഭാഗത്ത് അടിച്ചു. അപ്പോൾ അദ്ദേഹം അത്യധികം കുപിതനായി. അങ്ങനെ അവർ പരസ്പരം ആളെ വിളിച്ചുകൂട്ടാൻ തുടങ്ങി. അൻസാരി, അൻസാറുകളേ എന്നും മുഹാജിർ, മുഹാജിറുകളേ എന്നും വിളിച്ചു. ഇതുകേട്ട് തിരുമേനി പുറത്തിറങ്ങിക്കൊണ്ട് പറഞ്ഞു: എന്താണ് ജാഹിലിയ്യത്തിലേക്ക് ക്ഷണിക്കുന്നവരുടെ അവസ്ഥ! പിന്നീട്, അവരുടെ പ്രശ്നമെന്താണെന്ന് അവിടുന്ന് ആരാഞ്ഞു. അപ്പോൾ മുഹാജിർ അൻസാരിയെ അടിച്ചത് തിരുമേനിക്കവർ പറഞ്ഞുകൊടുത്തു. അപ്പോൾ അവിടുന്ന് പറഞ്ഞു: നിങ്ങൾ അത് ഉപേക്ഷിക്കുക. തീർച്ചയായും അത് ദുഷ്ടമാണ്. (ബുഖാരി)

മുഹാജിർ, അൻസാർ എന്നീ വേർതിരിവ് അല്ലാഹു വിശുദ്ധ ഖുർആനിലൂടെ അംഗീകരിച്ചതാണ്. പക്ഷെ, അതിന്റെ പേരിൽ ഒരു കക്ഷിത്വം ഉടലെടുക്കാൻ തുടങ്ങിയപ്പോൾ തിരുമേനി അത് വിലക്കുകയും അതിനെ ജാഹിലിയ്യത്താണെന്നും ദുഷ്ടതയാണെന്നും പറഞ്ഞ് അതിക്ഷേപിക്കുകയും ചെയ്തു. എങ്കിൽ, സംഘടനാപരമായ സങ്കുചിതത്വവും കക്ഷിത്വവും വലിയ ജാഹിലിയ്യത്തും ദുഷ്ടതയുമല്ലേ? സംഘടനാ പ്രവർത്തകർ അധികവും തങ്ങളുടേത് എന്തും ശരിയെന്ന് ശഠിക്കുകയും മറ്റുള്ളവർ ചെയ്യുന്നത് തെറ്റായി ചിത്രീകരിക്കുകയും, തങ്ങളുടേത് മാത്രം അംഗീകരിക്കുകയും മററുള്ളതിനെ തള്ളിക്കളയുകയും ചെയ്യുന്നു. ഇത് കക്ഷിത്വം കൊണ്ടാണ്.

സംഘടനാപരമായ സങ്കുചിതത്വവും കക്ഷിത്വവും വളരുന്നിടത്ത് സത്യം പരാജയപ്പെടുന്നു. സത്യത്തിന്റെ മാനദണ്ഡം അല്ലാഹുവിന്റെ വഹ്‌യ് എന്നതു മാറി ഓരോ കക്ഷിക്കും അവരുടെ പക്ഷം എന്നതായിത്തീരുന്നു. നമ്മുടെ കക്ഷി ചെയ്തതൊക്കെ ശരി. നമ്മുടെ കക്ഷി ചെയ്യാത്ത

തൊക്കെ തെറ്റ് എന്ന സ്ഥിതിവരുന്നു. ഈ കക്ഷിത്വം നിഷിദ്ധമാണ്. അതിൽനിന്ന് മുക്തമായ ഏത് സംഘടനയാണുള്ളത്?

സംഘടനയിൽപെട്ടവർ ഇസ്ലാമിക വിരുദ്ധമായ കാര്യങ്ങൾ ചെയ്താൽ അത് വെള്ള പൂശാനും സംഘടനയിൽപെടാത്തവർ ഇസ്ലാമികമായ കാര്യങ്ങൾ ചെയ്താൽ അതിനെ സംഘടനാവിരുദ്ധമെന്നും ഇസ്ലാമിക വിരുദ്ധമെന്നും മുദ്രകുത്തി അധിക്ഷേപിക്കാനും കാരണം ഈ കക്ഷിത്വമനസ്ഥിതി മാത്രമാണ്. ഒരു മുസ്ലിം, മദ്ഹബിലേക്കോ ത്വരീഖത്തിലേക്കോ ശൈഖിലേക്കോ ചേർത്തു പറയുന്നതുപോലെത്തന്നെയാണ് ഏതെങ്കിലും കക്ഷിയിലേക്ക് ചേർത്തുപറയുന്നതും. രണ്ടും തെറ്റു തന്നെ.

**5. സംഘടനകൾ പക്ഷപാതിത്വം വളർത്തുന്നു**

സംഘടനകൾ ഇന്ന് നിലനിൽക്കുന്നതുതന്നെ പക്ഷപാതിത്വത്തിന്റെ ആധാരങ്ങളിലാണ്. അവയെല്ലാം പക്ഷപാതിത്വത്തിലേക്ക് ആളുകളെ ക്ഷണിക്കുന്നു. അന്തരാളകാലത്ത് നിലനിന്നിരുന്ന ഗോത്രപക്ഷപാതിത്വത്തിനു പകരം ആധുനിക കാലത്ത് നിലനിൽക്കുന്നത് സംഘടനാ പക്ഷപാതിത്വമാണ്. അന്ന്, ഗോത്രപക്ഷപാതിത്വത്തിന്റെ പേരിൽ പോരടിക്കുകയും കഴുത്തറുത്ത് രക്തം ചിന്തുകയും ചെയ്തിരുന്നതു പോലെ, ഇന്ന് സംഘടനാ പക്ഷപാതിത്വത്തിന്റെ പേരിൽ പോരടിക്കുകയും രക്തം ചിന്തുകയും ചെയ്യുന്നു. തന്റെ സംഘടനയിൽപെട്ടവൻ ശരി ചെയ്താലും തെറ്റ് ചെയ്താലും അവനെ സഹായിക്കുക; മർദ്ദിതനായാലും മർദ്ദകനായാലും അവന്റെ പക്ഷം ചേരുക. ഇവിടെ സത്യവും ന്യായവും പരാജയപ്പെടുന്നു; പക്ഷപാതിത്വം വിജയിക്കുന്നു. ഇത് ഏറ്റവും ശക്തമായ ഭാഷയിലാണ് തിരുമേനി വിലക്കുകയും അധിക്ഷേപിക്കുകയും ചെയ്തിട്ടുള്ളത്.

٣٤٤٠ عَنْ جُنْدَبِ بْنِ عَبْدِ اللَّهِ الْبَجَلِيِّ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ مَنْ قُتِلَ تَحْتَ رَايَةٍ عِمِّيَّةٍ يَدْعُو عَصَبِيَّةً أَوْ يَنْصُرُ عَصَبِيَّةً فَقِتْلَةٌ جَاهِلِيَّةٌ (مسلم)

ജുൻദുബ്(റ)ൽനിന്ന് നിവേദനം. തിരുമേനി പറഞ്ഞു: അന്ധമായ ഒരു പതാകക്കു കീഴിൽ (സത്യമേത് അസത്യമേത് എന്ന വകതിരിവില്ലാതെ) പക്ഷപാതിത്വത്തിലേക്ക് ക്ഷണിച്ചുകൊണ്ട്, അല്ലെങ്കിൽ പക്ഷപാതിത്വത്തെ സഹായിച്ചു കൊണ്ട് ഒരാൾ കൊല്ലപ്പെട്ടാൽ അയാൾ ജാഹിലീ മരണമാണ് വരിച്ചത്. (മുസ്ലിം)

ജാഹിലിയ്യത്തിലേക്ക് ക്ഷണിക്കുക എന്നതിന്റെ വിവക്ഷ ഇബ്നുൽ ഖയ്യിം(റ) വിശദീകരിക്കുന്നത് കാണുക:

وخلاصة القول في معنى الدعاء بدعوى الجاهلية أنه كالدعاء إلى القبائل والعصبية للإنسان، ومثله التعصب للمذاهب والطوائف والمشائخ، وتفضيل بعض على بعض في الهوى والعصبية، وكونه منتسبا إليه، يدعو إلى ذلك، ويوالي عليه ويعادي، ويزن الناس به، فكل هذا من دعوى الجاهلية (تيسير العزيز الحميد)

ചുരുക്കത്തിൽ ജാഹിലിയ്യാ വാദഗതിയിലേക്ക് ക്ഷണിക്കുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്, ഗോത്രത്തിലേക്കോ ഒരു വ്യക്തിക്കുവേണ്ടിയുള്ള പക്ഷപാതിത്വത്തിലേക്കോ ക്ഷണിക്കുന്നതു പോലുള്ള കാര്യങ്ങളെയാണ്. മദ്ഹബുകളുടേയോ വിഭാഗങ്ങളുടേയോ ശൈഖുമാരുടേയോ പക്ഷപാതിത്വത്തിലേക്ക് ക്ഷണിക്കുകയും, താൽപര്യവും പക്ഷപാതിത്വവും കാണിച്ചുകൊണ്ട് ചിലർക്ക് മറ്റുചിലരെക്കാൾ പ്രാമുഖ്യം കൽപിക്കുകയും, തന്നെ അവരിലേക്ക് ചേർത്തുപറയുകയും, അതിലേക്ക് മറ്റുള്ളവരെ ക്ഷണിക്കുകയും, തദടിസ്ഥാനത്തിൽ ബന്ധുത്വവും ശത്രുതയും പുലർത്തുകയും, ജനങ്ങളെ തൂക്കിനോക്കുകയും ചെയ്യുന്നതെല്ലാം ഇതേപോലെ തന്നെയാണ്. ഇവയെല്ലാം ജാഹിലിയ്യത്തിലേക്കുള്ള ക്ഷണം തന്നെയാണ്. (ഇബ്നുൽ ഖയ്യിം, ഉദ്ധരണം: തയ്സീറുൽ അസീസിൽ ഹമീദ്)

അനുഭവങ്ങളാണ് സാക്ഷി, ഇന്ന് നിലവിലുള്ള സംഘടനകളുടെയെല്ലാം മൂലധനവും വിഭവവും പക്ഷപാതിത്വം മാത്രമാണ്; അത് നിഷിദ്ധവുമാണ്. സംഘടനാ ബാനറിൽ പഠനക്ലാസ്സുകളോ പ്രസംഗങ്ങളോ സംഘടിപ്പിച്ചാൽ അത് കേൾക്കുന്നത് മിക്കപ്പോഴും ആ സംഘടനയുടെ ആളുകൾ മാത്രമായി

രിക്കും. മറ്റു സംഘടനക്കാർ അത് കേൾക്കാൻ മുതിരില്ല. കേൾക്കുകയും സ്വീകരിക്കുകയും ചെയ്യുന്നവർ അതിനു മുതിരുന്നത്, മിക്കപ്പോഴും അറിവും തെളിവും തേടിക്കൊണ്ടല്ല; പക്ഷപാതിത്വം കൊണ്ടാണ്. അതിനാൽ തന്നെ കേൾക്കുന്നവർ കേൾക്കുന്നതിലും കേൾക്കാത്തവർ കേൾക്കാതിരിക്കുന്നതിലും വലിയ നന്മയുമില്ല. രണ്ടും ഒരുപോലെ പക്ഷപാതിത്വം കൊണ്ടാണ്. സംഘടനാവത്ക്കരണം കൊണ്ട് പലരെയും സത്യം കേൾപ്പിക്കാൻ സാധിക്കുന്നില്ല. കേൾക്കുന്നവരോ പൊതുവെ സത്യാന്വേഷണബുദ്ധി ഉൾക്കൊള്ളുന്നുമില്ല.

### 6. സംഘടനകൾ തഖ്‌ലീദ് വളർത്തുന്നു

സംഘടനയുടെ ഔദ്യോഗിക വീക്ഷണം എന്ന പേരിൽ ഒരഭിപ്രായം രൂപീകരിക്കുകയും അത് അംഗീകരിക്കാത്തവരെ സംഘടനാ വിരുദ്ധരായി മുദ്രകുത്തുകയും ചെയ്യുന്നു. ഇവിടെയാണ് തഖ്‌ലീദ് വളരുന്നത്. ഒരു വ്യക്തിയെ തഖ്‌ലീദ് ചെയ്യുന്നതു പോലെതന്നെയാണ് ഒരു സംഘത്തെ തഖ്‌ലീദ് ചെയ്യുന്നതും. തങ്ങളുടെ സംഘടന ഒരു അഭിപ്രായം സ്വീകരിച്ചാൽ അത് പ്രമാണങ്ങളുടെ വെളിച്ചത്തിൽ പരിശോധിച്ച് ഉറപ്പുവരുത്താതെ സ്വീകരിക്കുന്നവരാണ് സംഘടനാ അനുയായികളിൽ ഭൂരിഭാഗവും. ഇത് തന്നെയാണ് തഖ്‌ലീദ്. മദ്ഹബിന്റെ ഇമാമുകളെയോ മുൻകാല പണ്ഡിതന്മാരെയോ തഖ്‌ലീദ് ചെയ്തിരുന്നതിനുപകരം ഇന്ന് സംഘടനയെ തഖ്‌ലീദ് ചെയ്യുന്നു എന്നുമാത്രം. അനുയായികൾ നേതാക്കളെ തഖ്‌ലീദ് ചെയ്യുന്ന സ്ഥിതിയും സംഘടനകളിലുണ്ട്.

കൂടാതെ, സംഘടനാപരമായ അച്ചടക്കത്തിന്റെ പേരിൽ ന്യായമായ കാര്യങ്ങൾതന്നെ ചോദ്യം ചെയ്യാനും വിമർശിക്കാനുമുള്ള അനുവാദം നിഷേധിക്കുകയും അതിനുള്ള മനസ്ഥിതി തന്നെ ക്രമേണ ഇല്ലാതാക്കുകയും ചെയ്യുന്നു. ചോദ്യം ചെയ്യുന്ന മനസ്ഥിതിക്കാരെ സംഘടനകൾ ബോധപൂർവ്വം മാറ്റി നിർത്തുന്നു. മതപരമായ കാര്യങ്ങളിൽ പലപ്പോഴും തെളിവു നോക്കുക എന്നതുവിട്ട് സംഘടനയുടെ ഔദ്യോഗിക വീക്ഷണമെടുക്കുക എന്ന സങ്കുചിതത്വത്തിലേക്കും പക്ഷപാത മനസ്ഥിതിയിലേക്കും കാര്യം അധഃപതിക്കുന്നു. മദ്ഹബുകാർ ഒരു വ്യക്തിയെ തഖ്‌ലീദ് ചെയ്യുന്നതിനു പകരം സംഘടനക്കാർ സംഘടനാ പക്ഷപാതിത്വത്തെ ഔദ്യോഗിക വീക്ഷണമെന്ന സൽപേരു പറഞ്ഞ് തഖ്‌ലീദ് ചെയ്യുന്നു. യഥാർത്ഥത്തിൽ രണ്ടും ഇസ്‌ലാം വിലക്കിയ തഖ്‌ലീദ് തന്നെ.

### 7. സംഘടനാ താൽപര്യങ്ങൾക്കു വേണ്ടി സത്യം മാറ്റിവെക്കുന്നു

സംഘടനാ താൽപര്യമെന്നത്, പലപ്പോഴും സംഘടനയെ നിയന്ത്രിക്കുന്ന നേതാക്കളുടെ താൽപര്യമാണ്, സത്യവും സംഘടനാ താൽപര്യവും എതിരായി വന്നാൽ മിക്കപ്പോഴും മുൻഗണന നൽകപ്പെടുക സംഘടനാ താൽപര്യങ്ങൾക്കായിരിക്കും. സംഘടനാ താൽപര്യങ്ങൾക്കുവേണ്ടി മിക്കപ്പോഴും സത്യം മൂടിവെക്കുന്നു. പലതും പറയേണ്ട സമയത്ത് പറയാതിരിക്കുന്നു. പലപ്പോഴും സത്യത്തെ ലഘൂകരിച്ച് കാണിക്കുന്നു. ആളുകളെ കൂടെനിർത്താൻ വേണ്ടി എന്ന ന്യായത്തിന്മേൽ സത്യം രണ്ടാം സ്ഥാനത്തേക്ക് തള്ളിമാറ്റുന്നു. ഒടുവിൽ, സത്യവും ദീനുമൊക്കെ സംഘടന സംരക്ഷിക്കാനുള്ള ഉപകരണങ്ങളും സേവകരുമായി മാറുന്നു. സംഘടനാ താൽപര്യങ്ങൾ സംരക്ഷിക്കാനുള്ള ഒരു സാമഗ്രിയായി ദീനിനെ ദുരുപയോഗം ചെയ്യുന്നു. ഈ ഭീകരാവസ്ഥ ഒരു കവി ആവിഷ്കരിക്കുന്നത് കാണുക:

يا ويل مصائب أمتنا ⌘ إسلام يخدم تنظيما

അഹോ, കഷ്ടം!
സമൂദായത്തിനു വന്ന വിപത്തുകളേ,
ഇസ്‌ലാമിന്റെ ദുര്യോഗം,
സംഘടനക്ക് സേവ ചെയ്യേണ്ട ദുര്യോഗം.

### 8. സംഘടനകൾ അനേകം തിന്മകൾക്ക് ജന്മം നൽകുന്നു

ഔദ്യോഗിക രേഖകളിലും മറ്റും തിരിച്ചറിയാനുള്ള ഒരു പേര് എന്ന നിലക്കായിരിക്കും പലപ്പോഴും സംഘടനകളുടെ തുടക്കം. ഒടുവിൽ സംഘടന തന്നെ ഒരു മതമായി മാറുകയും ചെയ്യും. സംഘടന വികസിക്കുമ്പോൾ സ്വാഭാവികമായും താൽപര്യങ്ങളും താൽപര്യക്കാരും വർദ്ധിക്കും. അതോടെ, സംഘടനാ രംഗത്ത് ഭിന്നതകളും ഈഗോ പ്രശ്നങ്ങളും നേതൃമോഹവും അധികാര വടംവലികളും സ്വത്തുക്കളും സ്ഥാപനങ്ങളും കൊണ്ടുനടക്കാനുള്ള കിടമാത്സര്യങ്ങളും വ്യക്തി താൽപര്യങ്ങളും കുടുംബ പക്ഷപാതിത്വങ്ങളുമൊക്കെയായിരിക്കും അരങ്ങേറുക. ഇതൊക്കെ വ്യക്തി

കളുടെ ദോഷം എന്നുമാത്രം പറഞ്ഞ് ഒതുക്കാവുന്ന കാര്യങ്ങളല്ല. വിശാലമായ സംവിധാനങ്ങളും സൗകര്യങ്ങളുമുള്ള ഒരു സംഘടനയിൽ ഏത് ഉന്നതനായ വ്യക്തി വന്നാലും ക്രമേണ അയാളെയും ഇത്തരം തിന്മകൾ ഗ്രസിക്കും. സംഘടനയിൽ ചേർന്നില്ലായിരുന്നുവെങ്കിൽ അദ്ദേഹത്തിന് തന്റെ ദീനിനും ആത്മാഭിമാനത്തിനും ക്ഷതമേൽക്കാതെ രക്ഷപ്പെടാൻ സാധിക്കുമയിരുന്നു. പൊതുവെ പറയാറുള്ളത്, ദുർജ്ജനങ്ങളെ കൊണ്ട് സംഘടന ദുഷിക്കുന്നു എന്നാണ്. സംഘടന കൊണ്ട് സജ്ജനങ്ങൾ ദുഷിച്ചുപോകുന്നു എന്ന വസ്തുത നാം സൗകര്യപൂർവ്വം വിസ്മരിക്കുന്നു. സ്ഥാപിതതാൽപര്യങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി സംഘടനക്കകത്ത് നടക്കുന്നത് എന്തൊക്കെയാണ്?! ദുർന്യായീകരണം, വഞ്ചന, കബളിപ്പിക്കൽ, പ്രകോപനം, പ്രലോഭനം, ഭീഷണി, ബ്ലാക്‌മെയിൽ, സ്വഭാവഹത്യ, കള്ളപ്രചാരണങ്ങൾ, പീഡനങ്ങൾ, നേതൃത്വത്തിലിരിക്കുന്നവരുടെ അഹങ്കാരങ്ങൾ, നേതൃത്വം ലഭിക്കാത്തവരുടെ അസൂയ... ഇങ്ങനെ പലതും. കൂടാതെ, സംഘടനകൾ പരസ്പരം വെച്ചുപുലർത്തുന്ന വൈരവും വിദ്വേഷവും പകയും ശത്രുതയും എന്തുമാത്രമാണെന്ന് പറയാനും കഴിയില്ല. സംഘടനകൾ ഇതുപോലുള്ള പലതരം തിന്മകൾക്ക് ജന്മം നൽകുന്നു. ഓരോ തിന്മയും പിന്നീട് അസംഖ്യം തിന്മകൾക്ക് ജന്മം നൽകിക്കൊണ്ടിരിക്കുന്നു. അങ്ങനെ തിന്മയുടെ തറവാട്ടിൽ അസംഖ്യം തിന്മകളെ പെറ്റ ഒരു മുതുമുത്തശ്ശിയായി സംഘടന മാറുന്നു. അതുകൊണ്ടാണ് തിന്മ ബാധിക്കാതിരിക്കാൻ കക്ഷികളെയെല്ലാം വെടിയണമെന്ന് തിരുമേനി ഉപദേശിച്ചത്. വിവേകവും സൂക്ഷ്മതയുമുള്ളവർ ചിന്തിക്കട്ടെ.

**9. ശരിയായ മതവിജ്ഞാനം നേടുന്നതിനുള്ള തടസ്സം സംഘടനകൾ തന്നെ**

ശരിയായ മതവിജ്ഞാനം നേടാനും അതു പ്രാവർത്തികമാക്കാനും അതിലേക്ക് ദഅ്‌വത്ത് നടത്താനും വളരെ താൽപര്യമുള്ളവർ സംഘടനാ രംഗത്ത് വന്നാൽ ഒട്ടും താമസിയാതെ അവർ വൈജ്ഞാനിക രംഗത്തുനിന്ന് പിറകോട്ട് പോകുന്നതുകാണാം. സംഘടനാ പ്രവർത്തനങ്ങളുടെ പുറംപൂച്ചിൽ അവർ വഞ്ചിതരാകുന്നു. അറിവിന്റെ സ്ഥാനം സംഘടന പിടിച്ചടക്കുന്നു. അറിവ് തിരിച്ചുവരുന്നത് സംഘടന ഭയപ്പെടുന്നു. അറിവിന്റെ വ്യാപനം തടയാനാണ് സംഘടനകൾ ശ്രമിക്കുക. അറിവ് നശിക്കാനുള്ള വലിയ ഒരു കാരണം തെറ്റായ സംഘടനാവത്ക്കരണമാണെന്നു തന്നെ പറയാം. ഡോ. ബക്ർ അബൂസെയ്ദിന്റെ വാക്കുകൾ നേരത്തെ ഉദ്ധരിച്ചത് ഓർക്കുക.

**10. സംഘടനാടിസ്ഥാനത്തിൽ വലാഉം ബറാഉം തീരുമാനിക്കുന്നു**

വലാഉം ബറാഉം (الولاء والبراء) ഇസ്‌ലാമിന്റെ അടിസ്ഥാന തത്ത്വങ്ങളിൽപെട്ടതാണ്. ബന്ധം, ബന്ധവിഛേദം എന്നാണ് ഈ പദങ്ങളുടെ അർത്ഥം. ആദർശത്തിന്റെയും മതത്തിന്റെയും പേരിലുള്ള ബന്ധമാണ് വലാഅ്. ആരോട് വലാഅ് പുലർത്തുന്നുവോ അയാൾ വലിയ്യാണ്. ഒരു ഏകദൈവവിശ്വാസിയായ മനുഷ്യൻ ആരോട് വലാഅ് കാണിക്കണം, ആരോട് ബറാഅ് കാണിക്കണം എന്ന് ഖുർആൻ വിശദീകരിച്ചിട്ടുണ്ട്. അവന്റെ വലിയ്യ് ഒന്നാമതായി അല്ലാഹു; പിന്നെ, മുഹമ്മദ് നബി(സ); പിന്നെ, സത്യവിശ്വാസികൾ. അവിശ്വാസികളോടും വേദാവകാശികളോടും നമുക്ക് വലാഅ് പാടില്ല. വിശ്വാസത്തെ വിട്ട് അവിശ്വാസത്തെ തെരഞ്ഞെടുത്തവർ, മാതാപിതാക്കളോ മക്കളോ അടുത്ത ബന്ധുക്കളോ, ആരായിരുന്നാലും അവരോട് വലാഅ് പാടില്ല. സത്യവിശ്വാസികൾ അന്യോന്യം വലാഅ് കാണിക്കണം. അവർ പരസ്പരം വലിയ്യുകളാണ്.

ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിനെ അക്രമിക്കാവതല്ല, കൈയൊഴിക്കാവതല്ല, അന്യോന്യം സൗഭാത്രം പുലർത്തണം, ഒരേ ശരീരത്തിലെ അവയവങ്ങൾ പോലെ പ്രതിവർത്തിക്കണം. ഇത് ഇസ്‌ലാമിലെ വലാഇന്റെ താൽപര്യമാണ്; ഇത് ഇസ്‌ലാമിന്റെ കൽപനയാണ്. ഒരു മുസ്‌ലിമിന് മറ്റൊരു മുസ്‌ലിമിൽനിന്ന് ലഭിക്കേണ്ട ഈ വലാഅ് തെറ്റായ സംഘടനാവത്ക്കരണം കാരണം പുനർനിർണ്ണയം ചെയ്യപ്പെട്ടു. മുസ്‌ലിംകൾ പരസ്പരം വലാഅ് കാണിക്കേണ്ടതിനുപകരം ഒരേ സംഘടനയുടെ ആളുകൾക്കിടയിൽ മാത്രം വലാഅ് കാണിച്ചാൽ മതിയെന്നു വെച്ചു. സംഘടനകൾ രംഗത്ത് വന്നതോടെ ഇസ്‌ലാമിക സാഹോദര്യം സംഘടനാ സാഹോദര്യത്തിനു വഴിമാറി.

മുസ്‌ലിംകളിൽപെട്ട ആരോടും ഒരു അക്രമവും സംഘടനക്കാർ കാണിക്കുന്നില്ല എന്നത് വലാഇനുള്ള തെളിവല്ലേ എന്നു ചോദിക്കാം. അല്ല. ഒന്നാമതായി, വിവിധ സംഘടനക്കാർ തമ്മിൽ അക്രമം കാണിക്കാറുണ്ട്. രണ്ടാമതായി, അക്രമം കാണിക്കാതിരുന്നാൽ വലാഅ് ആവില്ല.

നീതിയും നന്മയും ചെയ്താൽ പോലും വലാഅ് ആവില്ല. അത് അവിശ്വാസികൾക്ക് പോലും ചെയ്തു കൊടുക്കണമെന്നാണ് ഖുർആനിന്റെ കൽപന. അല്ലാഹു പറയുന്നു:

لَا يَنْهَاكُمُ اللَّهُ عَنِ الَّذِينَ لَمْ يُقَاتِلُوكُمْ فِي الدِّينِ وَلَمْ يُخْرِجُوكُمْ مِنْ دِيَارِكُمْ أَنْ تَبَرُّوهُمْ وَتُقْسِطُوا إِلَيْهِمْ إِنَّ اللَّهَ يُحِبُّ الْمُقْسِطِينَ (الممتحنة ٨)

മതത്തിന്റെ പേരിൽ നിങ്ങളോട് യുദ്ധം ചെയ്തിട്ടില്ലാത്തവരും നിങ്ങളുടെ വസതികളിൽനിന്ന് നിങ്ങളെ പുറത്തക്കിയിട്ടില്ലാത്തവരുമായ (അവിശ്വാസകൾക്ക്) നന്മ ചെയ്തുകൊടുക്കുന്നതും അവരോട് നീതിയിൽ വർത്തിക്കുന്നതും അല്ലാഹു നിങ്ങളോട് വിലക്കുന്നില്ല. തീർച്ചയായും അല്ലാഹു നീതിമാന്മാരെയാണ് സ്നേഹിക്കുന്നത്. (വി.ഖു. 60:8)

അവിശ്വാസികളോട് പുലർത്താൻ അല്ലാഹു കൽപിച്ച നല്ലബന്ധം പോലും സംഘടനകളായി ത്തീരുമ്പോൾ മുസ്‌ലിംകൾക്ക് പരസ്പരം കാണിക്കാൻ സാധിക്കുന്നില്ല എന്നത് എത്ര ദൗർഭാഗ്യ കരമാണ്. സംഘടനയുടെ ആശയാദർശങ്ങൾ സ്വീകരിച്ചാൽ മാത്രം പോരാ; അംഗത്വമെടുക്കുക തന്നെ വേണം. അല്ലെങ്കിൽ, അത്തരക്കാരോട് വലാഅ് കാണിക്കുന്നതിനു പകരം ശത്രുതയാണ് കാണിക്കാറുള്ളത്. സ്ഥിതിഗതികൾ എത്ര ഭീകരമാണെന്ന് ആലോചിച്ചു നോക്കൂ. തെറ്റായ സംഘടനാവത്ക്കരണത്തിനു മുസ്‌ലിംകൾ നൽകേണ്ടിവന്ന വില വളരെ വലുതാണ്. ഇസ്‌ലാമിക സാഹോദര്യം തന്നെയാണ് നാം സംഘടനക്കു വേണ്ടി ബലി നൽകേണ്ടി വന്നത്. ഇന്ന് സംഘടനാ സാഹോദര്യം മാത്രമാണുള്ളതെന്ന ഭീകരസത്യത്തെ കുറിച്ച് നിങ്ങൾ വല്ലപ്പോഴും ചിന്തിച്ചിട്ടുണ്ടോ?

**11. സംഘടനകൾ അഭിനവ പൗരോഹിത്യം**

കക്ഷിത്വത്തിനുവേണ്ടി നിലകൊള്ളുന്ന സംഘടന എല്ലാ അർത്ഥത്തിലും പൗരോഹിത്യമാണ്. ഇസ്‌ലാം അധികൃതമായി പൗരോഹിത്യത്തെ അംഗീകരിക്കുന്നില്ല; അനധികൃതമായ അംഗീകാരം മുസ്‌ലിംകൾ അതിനു നൽകുന്നുണ്ടെങ്കിലും. കക്ഷിത്വത്തിനു വേണ്ടി നിലകൊള്ളുന്ന സംഘടനയുടെ കാര്യവും അതുപോലെ തന്നെ.

പൗരോഹിത്യം അല്ലാഹു നിയമമാക്കിയതല്ല; മനുഷ്യർ നൂതനമായി നിർമ്മിച്ചതാണ്. അത് മുറ പ്ര കാരം അവർ പാലിച്ചതുമില്ല. കക്ഷിത്വത്തിനു വേണ്ടി നിലകൊള്ളുന്ന സംഘടനയുടെ കാര്യവും അതു പോലെത്തന്നെ.

പുരോഹിതന്മാരാണ് മതത്തെയും മതാനുയായികളെയും നിയന്ത്രിക്കുന്നത്. കക്ഷിത്വത്തിനുവേണ്ടി നിലകൊള്ളുന്ന സംഘടനയും അങ്ങനെത്തന്നെ.

പുരോഹിതന്മാർ ദൈവികമായ പരിവേഷമണിയുന്നു; വിമർശനാതീതരാണെന്ന് ഭാവിക്കുന്നു. കക്ഷിത്വത്തിനു വേണ്ടി നിലകൊള്ളുന്ന സംഘടനകൾ ദഅ്വത്തിന്റെ പരിവേഷമണിയുകയും വിമർശനാതീതമെന്ന് കരുതുകയും ചെയ്യുന്നു. ഇസ്‌ലാമിനെ വിമർശിക്കാം. പക്ഷെ, സംഘട നയെ വിമർശിച്ചുപോകരുത്. വിമർശിച്ചു നോക്കൂ. അപ്പോൾ അറിയാം അതിനെന്തുമാത്രം അപ്ര മാദിത്വമാണ് കൽപിക്കപ്പെടുന്നതെന്ന്. ഒരാൾ സംഘടനാവിരുദ്ധൻ എന്ന് മുദ്രകുത്തപ്പെട്ടാൽ ജനം അയാളെ എത്ര മ്ലേഛനായിട്ടാണ് കാണുക. തിരുമേനി തിന്മ ബാധിക്കാതിരിക്കാൻ വേണ്ടി വെടിയണമെന്ന് പറഞ്ഞ സംഘടനക്കാണ് ഇന്ന് മതത്തെക്കാൾ കൂടുതൽ മഹത്വം കൽപിക്കപ്പെ ടുന്നത്.

പുരോഹിതന്മാർ ജനങ്ങളുടെ സമ്പത്ത് അന്യായമായി ഭക്ഷിക്കുന്നു. കക്ഷിത്വത്തിനു വേണ്ടി നിലകൊള്ളുന്ന സംഘടനകളും സംഘടനക്കാരും ജനം അല്ലാഹുവിന്റെമാർഗ്ഗത്തിൽ ചെലവഴി ക്കാൻ ഏൽപിച്ച സമ്പത്ത് അന്യായമായ മാർഗ്ഗത്തിൽ ചെലവഴിക്കുന്നു.

**സംഘടന ഒരു മതകാര്യമെന്ന പരിഗണനയിൽ**

സംഘടന ഒരു മതകാര്യമായി താങ്കൾ കാണുന്നുണ്ടോ? സംഘടന ഒരു ദീനീ കാര്യമാണെന്ന് വിശ്വസിക്കുന്ന പലരുമുണ്ട്. താങ്കൾ അത്തരക്കാരനാണെങ്കിൽ അനിവാര്യമായും താങ്കൾ ഉത്തരം കണ്ടെത്തേണ്ട ചില ചോദ്യങ്ങളുണ്ട്. മതകാര്യമെന്ന് പറയുമ്പോൾ വിഷയത്തിന്റെ ഗൗരവം വർദ്ധിക്കുന്നു. കൃത്യമായ തെളിവുകൾ നോക്കേണ്ടി വരുന്നു. എന്താണ് മതം? ഒരു വിഷയം മത കാര്യമാണോ അല്ലയോ എന്ന് തീരുമാനിക്കാനുള്ള മാനദണ്ഡം എന്താണ്? ഇസ്‌ലാം മതത്തെ കുറിച്ച് ചെറിയൊരു വിശദീകരണം ഇവിടെ ആവശ്യമായിവരുന്നു.

**ഇസ്‌ലാം സമ്പൂർണ്ണമായ ദൈവിക മതം**

അല്ലാഹുവിങ്കൽ സ്വീകാര്യമായ മതം ഒന്നേയുള്ളൂ. അതാണ് ഇസ്‌ലാം. യുഗാന്തരങ്ങളിൽ നിയുക്തരായ അല്ലാഹുവിന്റെദൂതന്മാരെല്ലാം പ്രബോധനം ചെയ്തുവന്നത് ഇസ്‌ലാം തന്നെയായി രുന്നു. മുഹമ്മദ് നബി(സ)യിലൂടെ അത് പൂർത്തീകരിക്കപ്പെട്ടു. ഹജ്ജത്തുൽ വിദാഇൽ വെച്ച് ഇസ്‌ലാമിന്റെ പൂർത്തീകരണം സംബന്ധിച്ച അല്ലാഹുവിന്റെ പ്രഖ്യാപനമുണ്ടായി.

الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الْإِسْلَامَ دِينًا .. الخ (المائدة ٣)

ഇന്ന് നിങ്ങൾക്ക് നിങ്ങളുടെ മതം ഞാൻ പൂർത്തീകരിച്ചു തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങ ളുടെമേൽ ഞാൻ സമ്പൂർണ്ണമാക്കിയിരിക്കുന്നു. ഇസ്‌ലാമിനെ നിങ്ങൾക്കു ഞാൻ മതമായി തൃപ്തി പ്പെട്ടിരിക്കുന്നു. (വി.ഖു. 5:3)

മതം അല്ലാഹു പൂർത്തീകരിച്ചുതന്നിരിക്കുന്നു. ഒരു നന്മയും അതിൽ നിന്ന് അല്ലാഹു ഒഴിവാ ക്കിയിട്ടില്ല. ഒരു തിന്മയെ കുറിച്ചും താക്കീത് നൽകാതിരുന്നിട്ടുമില്ല. തിരുമേനി പറയുന്നു:

إِنَّهُ لَمْ يَكُنْ نَبِيٌّ قَبْلِي إِلَّا كَانَ حَقًّا عَلَيْهِ أَنْ يَدُلَّ أُمَّتَهُ عَلَى خَيْرِ مَا يَعْلَمُهُ لَهُمْ وَيُنْذِرَهُمْ شَرَّ مَا يَعْلَمُهُ لَهُمْ (مسلم)

തന്റെ സമുദായത്തിന് നന്മയാണെന്ന് അറിയുന്ന എല്ലാം അവരെ അറിയിക്കലും, അവർക്ക് തിന്മ യാണെന്ന് അറിയുന്നതിനെകുറിച്ചെല്ലാം അവർക്ക് താക്കീത് നൽകലും ബാധ്യതയായിട്ടല്ലാതെ എനിക്ക് മുമ്പ് ഒരു പ്രവാചകനും ഉണ്ടായിട്ടില്ല. (മുസ്‌ലിം) അതുകൊണ്ട് തന്നെ തിരുമേനി തന്റെ ദൗത്യം പൂർണ്ണമായും നിർവ്വഹിക്കുക തന്നെ ചെയ്തു. അവിടുന്ന് പറഞ്ഞു:

ما بقي شيء يقرب من الجنة ويباعد من النار إلا وقد بين لكم (الطبراني)

സ്വർഗ്ഗത്തിലേക്ക് അടുപ്പിക്കുന്ന, നരകത്തിൽനിന്ന് അകറ്റുന്ന യാതൊന്നും നിങ്ങളോട് വിശദീകരി ക്കാതെ വിട്ടുപോയിട്ടില്ല. (ത്വബ്റാനി)

പൂർത്തീകരിക്കപ്പെട്ട അല്ലാഹുവിന്റെ മതത്തിൽ യാതൊന്നും കൂട്ടാനോ കുറക്കാനോ ആർക്കും അവകാശമില്ലെന്ന് തിരുമേനി പറഞ്ഞു:

٢٦٩٧ عَنْ عَائِشَةَ رَضِيَ اللَّه عَنْهَا قَالَتْ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ مَنْ أَحْدَثَ فِي أَمْرِنَا هَذَا مَا لَيْسَ فِيهِ فَهُوَ رَدٌّ (البخاري)

ആയിശ(റ)യിൽനിന്ന് നിവേദനം. നബി(സ) പറഞ്ഞു: നമ്മുടെ ഈ കാര്യത്തിൽ അതിലില്ലാത്ത, നൂതനമായ കാര്യം ആർ നിർമ്മിച്ചാലും അത് തള്ളപ്പെടേണ്ടതാണ്. (ബുഖാരി)

അതിനാൽ, ഇസ്‌ലാം മതത്തിൽ നൂതനകാര്യങ്ങളുണ്ടാക്കി, അത് ഉത്തമമാണെന്ന് കരുതുന്ന വർ മുഹമ്മദ് നബി(സ) തന്റെ ദൗത്യനിർവ്വഹണത്തിൽ വഞ്ചനകാണിച്ചു എന്നാണ് വാദിക്കുന്ന ത്. കാരണം, നന്മയെല്ലാം പൂർണ്ണമായും അല്ലാഹു നബി(സ)ക്ക് അറിയിച്ചു കൊടുത്തിട്ടുണ്ട്. തിരുമേനി പഠിപ്പിച്ചതിൽപെടാത്ത ഒന്ന് നന്മയോ ഉത്തമമോ ആണെന്ന് ആരെങ്കിലും വിശ്വസി ച്ചാൽ, അതുമുഖേന വ്യംഗ്യമായി അയാൾ വാദിക്കുന്നത്, അക്കാര്യം അല്ലാഹു തിരുമേനിക്ക് നൽകിയിട്ടും അവിടുന്ന് നമ്മെ അറിയിക്കാതെ മറച്ചുവെച്ചു എന്നാണല്ലോ. അത് തിരുമേനിയെ വഞ്ചകനാക്കുന്ന നിലപാടാണ്. അതുകൊണ്ടാണ് ഇമാം മാലിക്(റ) പറഞ്ഞത്:

قال ابن ماجشون: سمعت مالكا يقول: من ابتدع في الإسلام بدعة يراها حسنة فقد زعم أن محمدا خان الرسالة لأن الله يقول (اليوم أكملت لكم دينكم) فما لم يكن يومئذ دينا لا يكون اليوم دينا (المدخل)

ഇബ്നു മാജിശൂൻ പറഞ്ഞു: ഇമാം മാലിക് പറയുന്നത് ഞാൻ കേട്ടു: ആരെങ്കിലും ഇസ്‌ലാമിൽ നൂതനമായ ഒരു കാര്യമുണ്ടാക്കുകയും അത് ഉത്തമമാണെന്ന് കരുതുകയും ചെയ്താൽ മുഹമ്മദ് നബി(സ) തന്റെ ദൗത്യത്തിൽ വഞ്ചനകാണിച്ചു എന്നാണ് അയാൾ വാദിച്ചത്. കാരണം, അല്ലാഹു പറയുന്നു: ''ഇന്ന് നിങ്ങൾക്ക് നിങ്ങളുടെ മതം ഞാൻ പൂർത്തീകരിച്ചുതന്നിരിക്കുന്നു''. അതിനാൽ അന്ന് ദീൻ അല്ലാത്ത ഒരു കാര്യം ഇന്ന് ദീൻ ആയിരിക്കുകയില്ല. (അൽ മദ്ഖൽ)

മേൽ വിശദീകരിച്ച ഇസ്‌ലാം മതത്തിൽ സംഘടന ഉണ്ടാക്കാനോ, ഉള്ള സംഘടനകളിൽ ചേരാനോ കൽപനയുണ്ടോ? ഇല്ല. ഒരാളും ഇന്നുവരെ ഒരു തെളിവും അതിനു ചൂണ്ടിക്കാണിച്ചിട്ടുമില്ല. മതകാര്യങ്ങൾക്കെല്ലാം ഒരു മുൻമാതൃകയുണ്ടായിരിക്കണം. സംഘടനക്ക് അങ്ങനെ ഒരു മുൻമാതൃക ചൂണ്ടിക്കാണിക്കാൻ സാധിക്കുമോ? അതുമില്ല. പൂർവ്വകാല മുസ്‌ലിംകൾ ആരും അത് ചെയ്തിട്ടുമില്ല. ഇസ്‌ലാമിക ഖിലാഫത്തിന്റെ പതനത്തോടനുബന്ധിച്ച് മുസ്‌ലിം കേന്ദ്രങ്ങളിൽ, വിശിഷ്യാ ന്യൂനപക്ഷ പ്രദേശങ്ങളിൽ, ഉണ്ടായ ഒരു നൂതന പ്രതിഭാസമാണ് മതസംഘടനകൾ. അപ്പോൾ, സംഘടനയെ ഒരു മതപരമായ കാര്യമായി ഗണിച്ചാൽ, അതിന് തെളിവില്ലാത്ത നിലക്ക്, അത് ബിദ്അത്തായിത്തീരും. അപ്പോൾ ബിദ്അത്ത് ചെയ്യുന്ന സംഘടനകളെ വെടിയണം. സംഘടനാ പ്രവർത്തകർ ചെയ്യുന്ന ബിദ്അത്തുകൾ വെടിയണം. അതുപോലെ, സംഘടനയെ തന്നെ വെടിയണം. കാരണം, അത് തന്നെ ഒരു ബിദ്അത്താണ്. ബക്ർ അബൂ സെയ്ദിന്റെ വാക്കുകൾ ശ്രദ്ധിക്കുക:

بدعيتها: ولو لم يكن من أمر الحزبية التي تنفرد باسم أو رسم عن منهاج النبوة إلا أنها عمل مستحدث، لم يعهد في الصدر الأول؛ فليسعنا ما وسعهم (حكم الانتماء ١٤٠)

സംഘടന (حزبية) നൂതന സൃഷ്ടി: ഏതെങ്കിലും ഒരു പേരോ അടയാളമോ കൊണ്ട് പ്രവാചക മാർഗ്ഗത്തിൽനിന്ന് ഒറ്റപ്പെട്ടുപോയ സംഘടനയുടെ കാര്യത്തിൽ (മറ്റൊരു ദോഷവും പറയാൻ) ഇല്ലെങ്കിൽ തന്നെയും അതൊരു നൂതനകർമ്മമാണ്. (ഇസ്‌ലാമിലെ) ആദ്യകാലക്കാർക്ക് അത് പരിചയമുണ്ടായിരുന്നില്ല. അവർക്ക് മതിയായത് കൊണ്ട് നമുക്ക് മതിയാക്കാം. (ബക്ർ അബൂ സെയ്ദിന്റെ ഹുക്മുൽ ഇൻതിമാഅ്)

സംഘടന ഒരു നൂതന കർമ്മമാണ്. അത് മതപരമായ കാര്യമാണെന്നു കരുതിയാൽ ബിദ്അത്തുമാണ്. ബിദ്അത്ത് ചെയ്തുകൊണ്ടിരിക്കുന്നവരുടെ സ്ഥിതി വളരെ ഗുരുതരവുമാണ്. ബിദ്അത്ത് ചെയ്തുകൊണ്ടിരിക്കുന്ന കാലത്തോളം അവരുടെ പശ്ചാത്താപം പോലും സ്വീകരിക്കപ്പെടുകയില്ല. തിരുമേനി പറയുന്നു:

إن الله حجب التوبة عن كل صاحب بدعة حتى يدع بدعته (الطبراني)

ബിദ്അത്ത് ചെയ്യുന്നവൻ തന്റെ ബിദ്അത്ത് ഉപേക്ഷിക്കുന്നതുവരെ അവന് അല്ലാഹു പശ്ചാത്താപം നിഷേധിച്ചിരിക്കുന്നു. (ത്വബ്റാനി)

കൂടാതെ, മുകളിൽ വിശദീകരിച്ച പ്രകാരം തിന്മ ബാധിക്കാതിരിക്കാൻ സംഘടന വെടിയണമെന്ന് തിരുമേനി പറഞ്ഞിട്ടുണ്ട്. അതോടെ സംഘടന ഒരു നിഷിദ്ധമായ കാര്യമായിത്തീർന്നു. അതിനുപുറമെ, സംഘടനയിൽ ധാരാളം നിഷിദ്ധമായ കാര്യങ്ങൾ വേറെയുമുണ്ട്. അവയുടെ ഒരു സംക്ഷേപം നാം മുകളിൽ കൊടുത്തുവല്ലോ. ഇങ്ങനെ സ്വയം നിഷിദ്ധമായ, ധാരാളം നിഷിദ്ധങ്ങൾക്ക് ജന്മം നൽകുന്ന സംഘടനയെ ഒരു മതകാര്യമായി ചിത്രീകരിക്കുന്നത് എത്രത്തോളം കുറ്റകരമായിരിക്കുമെന്ന് ബുദ്ധിയുള്ളവർ ചിന്തിക്കട്ടെ. മദ്യപാനം ഒരു മതകാര്യമായി സ്വീകരിച്ചാൽ, പുണ്യകർമ്മമായി അനുഷ്ഠിച്ചാൽ എങ്ങനെയായിരിക്കും സ്ഥിതി?! അതു പോലെയാണ് സംഘടന ഒരു മതകാര്യമായി ഗണിക്കുന്നതും.

**നബി(സ) ഉപേക്ഷിച്ചത് നമ്മളും ഉപേക്ഷിക്കുക**

നബി(സ)യുടെ ജീവിതകാലത്ത് ഒരു കാര്യം ചെയ്യാനുള്ള എല്ലാ സാഹചര്യങ്ങളും ഉണ്ടായി; അത് നിർവ്വഹിക്കാൻ യാതൊരുവിധ പ്രതിബന്ധവും ഉണ്ടായിരുന്നില്ല താനും. അഥവാ, ഉസൂലീ പണ്ഡിതന്മാർ مقتضى تام എന്ന് വ്യവഹരിക്കാറുള്ള അവസ്ഥയുണ്ടായി. എന്നിട്ടും തിരുമേനി അക്കാര്യം ചെയ്യാതെ, ഉപേക്ഷിച്ചുവെങ്കിൽ അത് നമ്മളും ഉപേക്ഷിക്കണം. അത് ഉപേക്ഷിക്കുന്നത് സുന്നത്താണ്; അത് ചെയ്യുന്നത് ബിദ്അത്തും. ഇപ്രകാരം സുന്നത്തിനെ രണ്ടായി വിഭജിക്കാറുമുണ്ട് - നബി(സ) ചെയ്തുകാണിച്ച സുന്നത്തും (سنة فعلية), അവിടുന്ന് ഉപേക്ഷിച്ചു കാണിച്ച സുന്നത്തും (سنة تركية). ശൈഖ് അലി മഹ്ഫൂളിന്റെ വാക്കുകൾ അൽബാനി(റ) ഉദ്ധരിക്കുന്നത് കാണുക:

إن ما تركه مع قيام المقتضى على فعله فتركه هو السنة وفعله هو البدعة (الألباني في صلاة التراويح نقلا عن الإبداع للشيخ علي محفوظ)

ഒരു കാര്യം ചെയ്യാൻ വേണ്ട എല്ലാ സാഹചര്യങ്ങളും നിലനിന്നിട്ടും അവിടുന്ന് അത് ഉപേക്ഷിച്ചുവെങ്കിൽ അത് ഉപേക്ഷിക്കലാണ് സുന്നത്ത്; അത് നിർവ്വഹിക്കൽ ബിദ്അത്തും. (ശൈഖ് അലി മഹ്ഫൂള്, അൽ ഇബ്ദാഅ്, അൽബാനിയുടെ തറാവീഹ് നമസ്കാരം എന്ന കൃതിയിൽ ഉദ്ധരിച്ചത്)

ഇന്ന് മുസ്ലിംകൾ ജീവിക്കുന്നതുപോലുള്ള ഭൗതിക സാഹചര്യങ്ങളിൽ നബി(സ)യും അവിടുത്തെ അനുചരന്മാരും ജീവിച്ചിട്ടുണ്ട്; ഇസ്ലാമികേതര ഭരണവ്യവസ്ഥക്കുകീഴിൽ മുസ്ലിംകൾ ന്യൂനപക്ഷമായ നിലയിലും, ഇസ്ലാമിക ഭരണവ്യവസ്ഥക്കുകീഴിൽ മുസ്ലിംകൾ ഭൂരിപക്ഷമായ നിലയിലും. ഈ രണ്ടു സാഹചര്യങ്ങളിലും തിരുമേനിയും അനുചരന്മാരും, അവർ അഭിമുഖീകരിക്കേണ്ടിവന്ന പ്രശ്നങ്ങൾ തരണം ചെയ്യുകയും അല്ലാഹുവിലേക്കുള്ള പ്രബോധനം നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. അവിടങ്ങളിലൊന്നും മുസ്ലിംകൾ ഇന്ന് നിലവിലുള്ളതു പോലെ സംഘടനകളുണ്ടാക്കിയ ചരിത്രമില്ല. പണ്ഡിതന്മാർ ദഅ്വത്ത് നിർവ്വഹിക്കുന്നു. മറ്റുള്ളവർ അവരോട് സഹകരിക്കുന്നു. സംഘടനയുണ്ടാക്കുക എന്നതല്ല, സഹകരിക്കുക എന്നതായിരുന്നു അന്നത്തെ രീതി. അല്ലാഹുവിലേക്കുള്ള പ്രബോധനം എന്ന മഹത്തായ ആരാധന പ്രാപ്തരായ പണ്ഡിതന്മാർ നിർവ്വഹിക്കുക, മറ്റുള്ളവർ അവരോട് സഹകരിക്കുക, ആവശ്യമായ ഒത്താശകൾ ചെയ്തുകൊടുക്കുക. നേതാക്കളും അനുയായികളും എന്ന വേർതിരിവില്ലാത്ത ദഅ്വത്ത് പ്രവർത്തനം. സ്ഥാനമോഹങ്ങളും അധികാരവടംവലികളുമില്ലാത്ത, കക്ഷിത്വവും പക്ഷപാതിത്വവുമില്ലാത്ത, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കാണിക്കുന്ന കലവറയില്ലാത്ത സഹകരണം.

**സംഘടനകൾ മതപ്രബോധനത്തിനുള്ള മാർഗ്ഗമാക്കാമോ?**

ഇവിടെയുള്ള മുസ്ലിം സംഘടനകൾ ഇസ്ലാമിക പ്രബോധനത്തിനുവേണ്ടിയാണ് നിലക്കൊള്ളുന്നത് എന്നാണ് പൊതുവെ പറയപ്പെടാറുള്ളത്. അതിനാൽ, സംഘടനകളെ ഇസ്ലാമിക പ്രബോധനത്തിനുള്ള മാർഗ്ഗമോ മാധ്യമമോ ഉപാധിയോ ആണെന്ന പരിഗണനയിൽ നമുക്ക് സ്വീകരിക്കാമോ എന്നതുകൂടി വിശകലനം ചെയ്യേണ്ടതുണ്ട്.

സംഘടനയും സംഘടനാ പ്രവർത്തനവും ദഅ്വത്താണെന്ന് പറയാൻ പറ്റുമോ? അങ്ങനെയാണെങ്കിൽ ലോകത്തിന് ദഅ്വത്ത് എത്തിച്ച നബി(സ)യും അനുചരന്മാരും അതിനു മാതൃക കാണിക്കേണ്ടിയിരുന്നു. അവരതിനു മാതൃക കാണിച്ചിട്ടില്ല. അല്ലാഹുവിലേക്കുള്ള ദഅ്വത്ത് സ്വയം തന്നെ ഒരു ആരാധനയാണ്; അല്ലാഹുവിന്റെ മാത്രം ആരാധ്യത സാക്ഷാൽകരിക്കുന്നതിനുള്ള മാർഗ്ഗവുമാണ്. ആരാധനകൾ പ്രവാചകമാതൃകയനുസരിച്ചു മാത്രമേ നിർവ്വഹിക്കാൻ പാടുള്ളു. നൂതനസൃഷ്ടികൾക്കോ ചിന്തകൾക്കോ അനുമാനങ്ങൾക്കോ അഭിപ്രായങ്ങൾക്കോ ആരാധനാ വിഷയത്തിൽ യാതൊരു സ്വാധീനവുമില്ല. ആരാധനകളിൽ അവലംബമാക്കേണ്ടത് വഹ്യിന്റെ അടിസ്ഥാനത്തിൽ തിരുമേനി കാണിച്ചുതന്ന കാര്യങ്ങളെ മാത്രമാണ്. അതിനാൽ ഇസ്ലാമിക ഖിലാഫത്ത് ദുർബ്ബലമാവുകയും പിന്നീട് അസാധുവാക്കപ്പെടുകയും ചെയ്ത സാഹചര്യത്തിൽ നൂതനമായി നിർമ്മിക്കപ്പെട്ട ഒരുകാര്യം കൊണ്ട് അല്ലാഹുവിന് ഇബാദത്തെടുക്കുകയോ? അത് നൂതനമായ ഒരു കാര്യം മാത്രമല്ല. തിരുമേനി വിലക്കിയ നിഷിദ്ധം കൂടിയാണ്. പിൽക്കാലത്ത് മുസ്ലിംകളിൽ ചേരിതിരിവ് വരുമെന്നും

അന്ന് ഒരു ചേരിയിലും നിൽക്കാൻ പാടില്ലെന്നും എല്ലാ കക്ഷികളെയും വെടിയണമെന്നും തിരുമേനി ഉപദേശിച്ചിരിക്കെ ആ ചേരികളിലൊന്നിൽ ചേർന്ന് അത് ഇബാദത്തും ദഅ്‌വത്തുമായി ചിത്രീകരിക്കുന്നത് എന്തുമാത്രം വലിയ പാതകമല്ല! ഇബാദത്ത്, പുണ്യകർമ്മങ്ങൾ, മതപരമായ കാര്യങ്ങൾ എന്നൊക്കെ പറഞ്ഞ് ഒരുകാര്യം അനുവർത്തിക്കുമ്പോൾ നാം അബദ്ധത്തിൽപെടാതിരിക്കാൻ ആദ്യം വേണ്ടത് അതിന് ഇത്തിബാഅ് അഥവാ ഒരുമുൻമാതൃക ലഭ്യമാണോ എന്ന് പരിശോധിക്കുകയാണ്. നബി(സ)യോ, സ്വഹാബത്തോ, ഉത്തമരായ മൂന്നു നൂറ്റാണ്ടുകാരോ ചെയ്തതായി തെളിയാത്ത ഒരു കാര്യവും മതത്തിൽപെടില്ല. അതിനാൽ മുൻമാതൃകയില്ലാത്ത കാര്യങ്ങൾ ഉപേക്ഷിക്കുക തന്നെ വേണം.

٢١٩ عَنْ عَبْدِ الرَّحْمَنِ بْنِ يَزِيدَ عَنْ عَبْدِ اللَّهِ قَالَ الْقَصْدُ فِي السُّنَّةِ خَيْرٌ مِنَ الِاجْتِهَادِ فِي الْبِدْعَةِ (سنن الدارمي)

അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) പറഞ്ഞു: നബിചര്യയിൽ (ഒതുങ്ങിനിന്ന്) മിതത്വം പാലിക്കലാണ് ബിദ്അത്തിൽ കഠിനാദ്ധ്വാനം ചെയ്യുന്നതിനെക്കാൾ ഉത്തമം. (ദാരിമി) അതിനാൽ സംഘടനയുണ്ടാക്കുന്നതും സംഘടനാ പ്രവർത്തനം നടത്തുന്നതും ദഅ്‌വത്താണെന്ന് കരുതിയാണ് ഒരാൾ പ്രവർത്തിക്കുന്നതെങ്കിൽ അത് നിഷിദ്ധമായ ഒരു കാര്യം ചെയ്യലും എന്നിട്ടതിനെ ദീനാക്കി ചിത്രീകരിക്കലുമായിരിക്കും.

നമസ്കരിക്കാൻ വേണ്ടി പള്ളിയുണ്ടാക്കുന്നതു പോലെ, ദഅ്‌വത്തിനു വേണ്ടി സംഘടനകൾ ഉണ്ടാക്കിക്കൂടേ? പറ്റില്ല. കാരണം, പള്ളിയുണ്ടാക്കൽ മതം അനുശാസിച്ചതാണ്. അതുപോലെ സംഘടനയുണ്ടാക്കാൻ മതം അനുശാസിച്ചിട്ടില്ല. കൂടാതെ, ദഅ്‌വത്തിന്റെയും ആരാധനകളുടെയും മാർഗ്ഗങ്ങളായി സ്വീകരിക്കാവുന്നത് വഹ്‌യിന്റെ അടിസ്ഥാനത്തിൽ തിരുമേനി കാണിച്ചുതന്ന കാര്യങ്ങൾ മാത്രമാണ്. അല്ലെങ്കിൽ, പണം നൽകിയോ തോക്ക് ചൂണ്ടിയോ ദഅ്‌വത്ത് നടത്തുന്നതും ശരിയാണെന്ന് പറയേണ്ടിവരും. ദഅ്‌വത്തിനു വേണ്ടി സിനിമയും സംഗീതവും അനുവദിക്കേണ്ടിവരും... അങ്ങനെ പോയാൽ, പലരും പലതും കൂട്ടിച്ചേർത്ത് അവസാനം യഥാർത്ഥ ദീൻ അപ്രത്യക്ഷമാകും.

പള്ളിയുണ്ടാക്കുമ്പോൾ നിർമ്മാണ പ്രവർത്തനങ്ങളിലെ കാലോചിതമായ പരിഷ്കാരങ്ങൾ ഉൾക്കൊള്ളുന്നതുപോലെ ദഅ്‌വത്തിനു വേണ്ടി കാലഘട്ടത്തിന്റെ താൽപര്യം എന്ന നിലക്ക് സംഘടനയുണ്ടാക്കിക്കൂടേ? പറ്റില്ല. കാരണം, പള്ളിയുണ്ടാക്കാൻ നബി(സ) നിർദ്ദേശിച്ചതുപോലെ ഏതെങ്കിലും തരത്തിലുള്ള ഒരു സംഘടനയുണ്ടാക്കാൻ നബി (സ) നിർദ്ദേശിച്ചിട്ടില്ല. മറിച്ച്, സർവ്വ കക്ഷികളെയും വെടിയണമെന്ന് അവിടുന്ന് അനുശാസിച്ചിട്ടുമുണ്ട്. തിരുമേനി നിർദ്ദേശിച്ച കാര്യങ്ങളിൽ, അഥവാ أصل സ്ഥിരപ്പെട്ട വിഷയങ്ങളിൽ, ശറഅ് വിട്ടുവീഴ്ച ചെയ്തുതന്ന ഭൗതികമായ അംശങ്ങളിൽ മാത്രമേ ഉചിതമായ മാറ്റങ്ങൾ വരുത്താൻ അനുവാദമുള്ളു. തിരുമേനിയുടെ കൽപനപ്രകാരം أصل സ്ഥിരപ്പെട്ട ഒരുകാര്യത്തിൽ വിട്ടുവീഴ്ചാപരമായ ഭൗതികാംശത്തിലെ മാറ്റം മാത്രമാണ് സംഘടനയെന്ന് കരുതി പ്രവർത്തിക്കുന്നതും ബിദ്അത്താണ്. കാരണം, അങ്ങനെ ഒരു أصل തന്നെ സ്ഥിരപ്പെട്ടിട്ടില്ല. കൂടാതെ അത് തിരുമേനി വെടിയണമെന്ന് അനുശാസിച്ച കാര്യവുമാണ്.

ما لا يتم الواجب إلا به فهو واجب (നിർബ്ബന്ധമായ ഒരു കാര്യം ഏതൊന്ന് കൊണ്ട് മാത്രമേ പൂർത്തിയാവുകയുള്ളു അതും നിർബ്ബന്ധമായ കാര്യമാണ്) എന്ന നിദാനശാസ്ത്ര തത്ത്വമനുസരിച്ചാണ് സംഘടനയുണ്ടാക്കുന്നത്. അഥവാ, ദഅ്‌വത്ത് എന്ന നിലക്കോ ദഅ്‌വത്തിന്റെ ഒരുമാർഗ്ഗം എന്ന നിലക്കോ അല്ല; മറിച്ച്, വാജിബായ ദഅ്‌വത്ത് നിർവ്വഹിക്കാൻ അനിവാര്യമായ ഒരു കാര്യം എന്ന നിലക്കാണ് സംഘടനയിൽ ചേരുന്നതെന്ന് പറയാൻ പറ്റുമോ? പറ്റില്ല. കാരണം, അടിസ്ഥാനബാധ്യത നിറവേറ്റാൻ അനിവാര്യമായ അനുബന്ധകാര്യം ഒന്നുകിൽ ശറഇൽ സ്ഥിരപ്പെട്ടതായിരിക്കണം. ഉദാഹരണമായി, നമസ്കരിക്കണമെങ്കിൽ വുളു അനിവാര്യമാണ്. അതിനാൽ വുളു ഉണ്ടാക്കലും വാജിബാണ്. ഇവിടെ, വുളു ഉണ്ടാക്കുക എന്ന അനുബന്ധകാര്യം ശറഇൽ സ്ഥിരപ്പെട്ടതാണ്. അതുപോലെ, ദഅ്‌വത്ത് നടത്തുക എന്ന അടിസ്ഥാന ബാധ്യത നിറവേറ്റാനുള്ള അനുബന്ധകാര്യമായി വിശേഷിപ്പിക്കപ്പെടാറുള്ള സംഘടനയുണ്ടാക്കൽ ശറഇൽ സ്ഥിരപ്പെട്ടിട്ടില്ല.

അല്ലെങ്കിൽ, നിദാനശാസ്ത്രമനുസരിച്ച് നന്നെച്ചുരുങ്ങിയത്, അനുബന്ധകാര്യം അനുവദനീയമായ കാര്യമെങ്കിലുമായിരിക്കണം. ഇന്നത്തെ സംഘടനകൾ അനുവദനീയമായ കാര്യങ്ങളിൽപെട്ടതാണെന്ന് പറയാൻ പറ്റില്ല. കാരണം, സംഘടനയിൽ ചേരുന്നത് ശറഅ് വിലക്കിയതാണ്. കൂടാതെ, അതിൽ ധാരാളം നിഷിദ്ധമായ കാര്യങ്ങളുമുണ്ട്. എല്ലാനിലയിലും സംഘടന വർജ്ജ്യം തന്നെ.

കൂടാതെ, സംഘടനയുണ്ടെങ്കിൽ മാത്രമേ ദഅ്‌വത്ത് നടക്കുകയുള്ളു എന്നോ, സംഘടനയില്ലെങ്കിൽ ദഅ്‌വത്ത് അസാധ്യമാണെന്നോ പറയാവതല്ല. സംഘടനയില്ലാതെയാണ് ആദ്യകാലത്ത്, തിരുമേനിയും സച്ചരിതരായ സലഫുകളും ദഅ്‌വത്ത് നടത്തിയത്. അവർക്കത് സുസാധ്യമായിരുന്നു. അസാധ്യമായ ഒരു കാര്യം അല്ലാഹു കൽപിക്കുകയില്ലല്ലോ. അതേപോലെ, സംഘടനയില്ലാതെയാണ് ആധുനിക കാലത്തെ മഹാന്മാരായ പണ്ഡിതന്മാർ ദഅ്‌വത്ത് നടത്തിയത്. ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നതും. ദഅ്‌വത്ത് നടക്കണമെങ്കിൽ മതപരമായ ജ്ഞാനമാണ് വേണ്ടത്; സംഘടനയല്ല. സംഘടനയുണ്ടായാൽ ഉറപ്പായും ദഅ്‌വത്ത് നടക്കുമെന്ന് പറയാനും പറ്റില്ല. വർത്തമാനകാലത്ത് തന്നെ, സംഘടനയുണ്ടായിട്ടും ദഅ്‌വത്ത് നടക്കാത്തതിനും സംഘടനയില്ലാതെ ദഅ്‌വത്ത് ഭംഗിയായി നടക്കുന്നതിനുമുള്ള നിരവധി ഉദാഹരണങ്ങളുണ്ട്. പലപ്പോഴും അറിവ് നേടുന്നതിനും ദഅ്‌വത്ത് നടത്തുന്നതിനും സംഘടന വിഘാതമായി നിൽക്കാറാണുള്ളത്. നിഷിദ്ധമാക്കപ്പെട്ട കാര്യങ്ങൾ ഉപയോഗിച്ചോ, ബിദഈ മാർഗ്ഗത്തിലൂടെയോ ദഅ്‌വത്ത് നടത്താൻ നമ്മോട് കൽപിച്ചിട്ടില്ല താനും.

സംഘടന ദഅ്‌വത്തിനുള്ള ഫലപ്രദവും വിജയകരവുമായ മാർഗ്ഗമാണ്; സംഘടനയില്ലാതെ ദഅ്‌വത്ത് നടത്താൻ പ്രായോഗികമായ ബുദ്ധിമുട്ടുകളുണ്ട് താനും; അതിനാൽ, സംഘടന ഇസ്‌ലാമികമാണെന്ന് പറയാമോ? പറ്റില്ല. കാരണം, തിരുമേനിയുടെ മാതൃകയില്ലാത്ത കാര്യങ്ങൾ, ഫലപ്രദവും വിജയകരവുമാണെന്ന് പറഞ്ഞ് അനുവർത്തിക്കുന്നത് നിയാമകനായ (شارع) അല്ലാഹുവിനെ കൊച്ചാക്കലാണ്. ഏതാണ് ഫലപ്രദവും വിജയകരവുമായ മാർഗ്ഗമെന്ന് സൂക്ഷ്മമായി അറിയുന്നവൻ അല്ലാഹുവാണ്; മനുഷ്യരല്ലല്ലോ. അതിനാൽ ഇത്തരം ചിന്താഗതികളിൽനിന്നും നാം ശരണം തേടുക. نعوذ بالله من الخذلان അല്ലാഹു പറയുന്നു:

قُلْ أَتُعَلِّمُونَ اللَّهَ بِدِينِكُمْ وَاللَّهُ يَعْلَمُ مَا فِي السَّمَاوَاتِ وَمَا فِي الْأَرْضِ وَاللَّهُ بِكُلِّ شَيْءٍ عَلِيمٌ (الحجرات ١٦

ചോദിക്കുക: നിങ്ങൾ നിങ്ങളുടെ ദീൻ അല്ലാഹുവിന് പഠിപ്പിച്ചുകൊടുക്കുകയാണോ? അല്ലാഹു ആകാശഭൂമികളിലുള്ളതെല്ലാം അറിയുന്നവനാണ്. അവൻ എല്ലാ കാര്യങ്ങളെ കുറിച്ചും സൂക്ഷ്മ ജ്ഞാനമുള്ളവനാണ്. (വി.ഖു. 49:16) ഇങ്ങനെ, വിജയകരമെന്നോ, ഫലപ്രദമെന്നോ, നല്ലതെന്നോ കരുതി നൂതനകാര്യങ്ങൾ ചെയ്യുന്നത് ബിദ്അത്താണ്; നബി(സ) ദൗത്യനിർവ്വഹണത്തിൽ വഞ്ചന കാണിച്ചെന്ന് വാദിക്കുന്നതിന് തുല്യമാണ്. മേൽ വാദഗതി അംഗീകരിച്ചുകൊടുക്കുകയാണെങ്കിൽ, ആളുകൾക്ക് മടുപ്പുളവാക്കാതെ രസിപ്പിച്ച് പഠിപ്പിക്കാനായി സിനിമാ സീരിയലുകൾക്കിടയിൽ ഒന്നോ രണ്ടോ ആയത്ത് പ്രക്ഷേപണം ചെയ്യുക, സിനിമാനടന്മാരെ കൊണ്ട് മതപ്രസംഗം നടത്തിപ്പിക്കുക, നടികളെ കൊണ്ട് ഖുർആൻ പാരായണം ചെയ്യിക്കുക മുതലായ മാർഗ്ഗങ്ങളും അനുവദനീയമാണെന്ന് പറയേണ്ടി വരില്ലേ?

സംഘടന ദഅ്‌വത്താണെന്നോ, ദഅ്‌വത്തിനുള്ള മാർഗ്ഗമാണെന്നോ, ദഅ്‌വത്ത് എന്ന അടിസ്ഥാന ബാധ്യത നിറവേറ്റാനുള്ള അനുബന്ധ ബാധ്യതയാണെന്നോ, തിരുമേനി കാണിച്ചുതന്നതിനെക്കാൾ ഫലപ്രദമായ മാർഗ്ഗമാണെന്നോ കരുതുന്നില്ല. മറിച്ച്, ശറഅ് മൗനമവലംബിച്ച അനുവദനീയമായ ഒരു ഭൗതിക കാര്യം എന്ന പരിഗണനയാണ് സംഘടനക്ക് നൽകുന്നത്. സമയവും പ്രവർത്തനങ്ങളും കർമ്മപദ്ധതികളും മറ്റും ക്രമീകരിക്കുന്നതിനു വേണ്ടിയുള്ള ഒരു ഭൗതിക സംവിധാനം മാത്രം. അതിൽ തെറ്റുണ്ടോ?

അപ്പോൾ, ദഅ്‌വത്ത് സംഘടനകൾ വെറും സംഘടനകളായിത്തീരുന്നു. അവ മതത്തിന്റെ ഭാഗമല്ലെന്ന് വരുന്നു. വെറും ഭൗതികകാര്യം മാത്രമായി അവഷേിക്കുന്നു. എന്നാലും അത് അനുവദനീയമാണെന്ന് പറയാൻ പറ്റില്ല. കാരണം, മുസ്‌ലിംകൾക്ക് ഇമാമും ജമാഅത്തും ഇല്ലാത്ത സാഹചര്യത്തിൽ ഒരു കക്ഷിയിലും ചേരരുതെന്ന് തിരുമേനി അനുശാസിച്ചിരിക്കുന്നു. മാത്രമല്ല, സംഘടന തിന്മയാണ്. അത് അനേകം തിന്മകൾക്ക് ജന്മം നൽകുകയും ചെയ്യുന്നു. അതിൽ ധാരാളം നിഷിദ്ധ കാര്യങ്ങളും ദോഷങ്ങളും അടങ്ങിയിരിക്കുന്നു. അത് ബാധിക്കാതിരിക്കാൻ ഒരു യഥാർത്ഥ വിശ്വാസി അവയിൽനിന്നെല്ലാം മാറിനിൽക്കണം.

നമ്മുടെ പ്രവർത്തനപരിപാടികളും സമയവുമൊക്കെ ക്രമീകരിക്കുന്നതിന് വേണ്ടിയുള്ള ഒരു സംവിധാനം മാത്രമായി സംഘടനയെ കണ്ടുകൂടാ. കാരണം സംഘടന സമുദായത്തിൽ ധ്രുവീക

രണവും ചേരിതിരിവുമുണ്ടാക്കുന്നു. കക്ഷിത്വവും പക്ഷപാതവും വളർത്തുന്നു. അതിലേക്ക് അനുയായികളെ ചേർത്തുപറയുന്നു. തദടിസ്ഥാനത്തിൽ വലാഉം ബറാഉം നിശ്ചയിക്കുന്നു. അതൊന്നുമില്ലാതെ, ഒരു നിശ്ചിത പദ്ധതി നപ്പിലാക്കാനുള്ള സംവിധാനമാണെങ്കിൽ അതിനെ ആരും എതിർക്കാറില്ല. ഈ നിലക്കു മാത്രം പ്രവർത്തിക്കുന്ന ചില ജംഇയ്യകളും കമ്മിറ്റികളുമുണ്ട്. അവയെ പണ്ഡിതന്മാർ വിലക്കിയിട്ടില്ല താനും. സ്കൂളും കോളേജുമൊക്കെ നടത്താനുള്ള കമ്മിറ്റികൾ ഉദാഹരണം. ഒരു ഖലീഫ അധികാരത്തിൽ വന്നാൽ ഇന്നത്തെ മതസംഘടനകൾ നിലനിർത്താൻ അനുവദിക്കുമോ? ഒരിക്കലുമില്ല. എന്നാൽ, ഒരു പദ്ധതി നടപ്പിലാക്കാൻ വേണ്ടിയുണ്ടാക്കുന്ന കമ്മിറ്റികളെയോ ജംഇയ്യകളയോ ഖലീഫ വിലക്കുകയുമില്ല. അതാണ് വ്യത്യാസം.

സംഘടന കൊണ്ടുള്ള ഗുണവും ദേഷവും എണ്ണിക്കണക്കാക്കി അതിന്റെ അടിസ്ഥാനത്തിൽ അതിനെ സ്വീകരിക്കാനോ നിരസിക്കാനോ കഴിയില്ല. കാരണം, സംഘടന മതകാര്യമാണെന്ന് കരുതിയാണ് അധികപേരും അതിനു പിന്നിൽ പോകുന്നത്. അപ്പോൾ, അത് ഒരു ബിദ്അത്തായി ത്തീരുന്നു. ബിദ്അത്തിന്റെ ഗുണവും ദോഷവും കണക്കാക്കി, അതിലെ ഗുണങ്ങളെ മുൻനിർത്തി അനുവദിക്കാൻ കഴിയില്ലല്ലോ. എല്ലാ ബിദ്അത്തുകളും നിഷിദ്ധങ്ങളാണ്. കൂടാതെ, അത് തിന്മയാണ്. അതിൽ ചേർന്നാൽ തിന്മ ബാധിക്കും. അതിനാൽ വിട്ടുനിൽക്കുക എന്ന് തിരുമേനി ഉപദേശിച്ച നിലക്ക് നമ്മൾ അതിലെ ഗുണവും ദോഷവും എണ്ണേണ്ടതുമില്ല.

സാഹചര്യങ്ങളുടെയും പ്രായോഗികതയുടെയും പേരിൽ ഇസ്ലാമിക നിയമങ്ങളെ വലിച്ചു നീട്ടാനോ നൂതനകാര്യങ്ങൾ നിർമ്മിക്കാനോ ആർക്കും അവകാശമില്ല. സംഘടനയിലൂടെ വളർന്നവർക്ക് സംഘടനയില്ലാത്ത അവസ്ഥയെ കുറിച്ച് ചിന്തിക്കാൻ സാധിച്ചുകൊള്ളണമെന്നില്ല. സംഘടനയിൽനിന്ന് വല്ല ഭൗതിക നേട്ടങ്ങളും അനുഭവിക്കുകയോ, അനുഭവിക്കണമെന്ന് ആഗ്രഹിക്കുകയോ ചെയ്യുന്നവർക്ക് ഇവ്വിഷയകമായി വന്ന തെളിവുകളെ നിഷ്പക്ഷമായി വിലയിരുത്താൻ കഴിഞ്ഞുകൊള്ളണമെന്നുമില്ല. സംഘടനാ നേതാക്കൾ ഇത് അംഗീകരിക്കട്ടെ, എന്നാൽ നമുക്കും ഇത് സ്വീകരിക്കാമെന്ന് കരുതുന്നത് മൗഢ്യമാണ്. കാരണം, താനിരിക്കുന്ന കൊമ്പ് മുറിക്കാൻ പലരും തയ്യാറായിക്കൊള്ളണമെന്നില്ല. പകൽവെളിച്ചം പോലെ സുവ്യക്തമായ ഈ യാഥാർത്ഥ്യങ്ങൾ സംഘടനാ നേതാക്കളും ഗുണഭോക്താക്കളും കണ്ണടച്ച് നിഷേധിക്കാം. അതിനാൽ, സംഘടനയുടെ ഗുണഭോക്താക്കളല്ലാത്ത, നിഷ്പക്ഷരായ പണ്ഡിതന്മാരോടാണ് ഇതിന്റെ സത്യതയെ കുറിച്ച് അന്വേഷിക്കേണ്ടത്.

സംഘടനാ പ്രവർത്തനങ്ങളിൽ മുഴുകുകയും സംഘടനക്കുവേണ്ടി ജീവിക്കുകയും ചെയ്യുന്നവർ ഗൗരവപൂർവ്വം കണക്കിലെടുക്കേണ്ട ഒരു കാര്യമുണ്ട്. തന്റെ പ്രവർത്തനം എന്തിനു വേണ്ടിയാണ്? പരലോകത്ത് പ്രതിഫലം ലഭിക്കാൻ. അതിനു മാത്രമാണോ? അല്ല, സംഘടനക്കും സംഘടനയുടെ സൽപേരിനും വേണ്ടി. ഏതാണ്ടെല്ലാ സംഘടനാ പ്രവർത്തകരുടെയും സ്ഥിതി ഇതാണ്. അല്ലാഹുവിന്റെ അനുഗ്രഹം ലഭിച്ച അപൂർവ്വം ചിലരുടെ കാര്യത്തിലൊഴികെ. എങ്കിൽ ഒരു നബിവചനം ഓർമ്മിക്കുക:

٣٠٨٩ عَنْ أَبِي أُمَامَةَ الْبَاهِلِيِّ قَالَ جَاءَ رَجُلٌ إِلَى النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ فَقَالَ أَرَأَيْتَ رَجُلًا غَزَا يَلْتَمِسُ الْأَجْرَ وَالذِّكْرَ مَالَهُ فَقَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ لَا شَيْءَ لَهُ فَأَعَادَهَا ثَلَاثَ مَرَّاتٍ يَقُولُ لَهُ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ لَا شَيْءَ لَهُ ثُمَّ قَالَ إِنَّ اللَّهَ لَا يَقْبَلُ مِنَ الْعَمَلِ إِلَّا مَا كَانَ لَهُ خَالِصًا وَابْتُغِيَ بِهِ وَجْهُهُ (النسائي)

അബൂ ഉമാമ(റ) പറഞ്ഞു. ഒരാൾ നബി(സ)യുടെ അരികിൽ വന്ന് ചോദിച്ചു. പ്രതിഫലവും പ്രശസ്തിയും തേടിക്കൊണ്ട് ഒരാൾ യുദ്ധം ചെയ്യുന്നു. അയാൾക്ക് എന്താണുണ്ടായിരിക്കുക? തിരുമേനി അദ്ദേഹത്തോട് പറഞ്ഞു: അയാൾക്ക് ഒന്നുമുണ്ടായിരിക്കുന്നതല്ല. അയാൾ മൂന്ന് തവണ ചോദ്യം ആവർത്തിച്ചു. അപ്പോഴെല്ലാം തിരുമേനി അദ്ദേഹത്തോട് പറഞ്ഞു: അയാൾക്ക് ഒന്നുമുണ്ടായിരിക്കുന്നതല്ല. പിന്നീട് അവിടുന്ന് പറഞ്ഞു: അല്ലാഹുവിന്റെ വജ്ഹ് തേടിക്കൊണ്ട് അവനു മാത്രമായി ചെയ്യുന്ന കർമ്മങ്ങളല്ലാതെ അവൻ സ്വീകരിക്കുകയില്ല. (നസാഈ)

٥٣٠٠ عَنْ أَبِي هُرَيْرَةَ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ اللَّهُ تَبَارَكَ وَتَعَالَى أَنَا أَغْنَى الشُّرَكَاءِ عَنِ الشِّرْكِ مَنْ عَمِلَ عَمَلًا أَشْرَكَ فِيهِ مَعِي غَيْرِي تَرَكْتُهُ وَشِرْكَهُ (مسلم)

അബഹുറെയ്റ(റ)യിൽനിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു. അല്ലാഹു പറഞ്ഞതായി നബി(സ) പറഞ്ഞു: പങ്കുചേർത്ത് (ചെയ്ത) ഒരു കാര്യത്തിൽ, (എനിക്ക് യാതൊരു ആവശ്യവുമില്ല) എല്ലാ പങ്കാളികളെക്കാളും ധന്യനാണ് ഞാൻ. ഒരാൾ ഒരു കർമ്മം അനുഷ്ഠിക്കുകയും അതിൽ എനിക്കു പുറേ മറ്റുള്ളതിനെകൂടി പങ്ക്ചേർക്കുകയും ചെയ്താൽ അവനെയും അവന്റെ ശിർക്കിനെയും ഞാൻ ഉപേക്ഷിച്ചിരിക്കും. (മുസ്ലിം)

അല്ലാഹുവിനും സംഘടനക്കുംകൂടി വേണ്ടി ചെയ്യുന്ന പ്രവർത്തനങ്ങളുമായി പരലോകത്ത് വരുമ്പോൾ എന്തായിരിക്കും സ്ഥിതിയെന്ന് മുൻകൂട്ടി ആലോചിക്കുക. അല്ലാഹു അത് സ്വീകരിക്കുമോ? അതോ, അത്തരം പ്രവർത്തനങ്ങളെയും അത് ചെയ്തവരെയും അല്ലാഹു ഉപേക്ഷിക്കുമോ?

ഇസ്ലാമിൽ സംഘടനയുണ്ടായതെപ്പോൾ?

ദഅ്വത്തിനുവേണ്ടി പൂർവ്വികർ ഒരു സംഘടനയും രൂപീകരിച്ചില്ല. അതിനുള്ള എല്ലാ സാഹചര്യങ്ങളും അന്ന് നിലനിന്നിരുന്നു; അതുണ്ടാക്കാൻ യാതൊരു പ്രതിബന്ധവും ഉണ്ടായിരുന്നില്ലതാനും. അവർ ഭരണമില്ലാതെ ന്യൂനപക്ഷമായി കഴിഞ്ഞുകൂടിയിരുന്ന കാലമുണ്ടായിരുന്നു. അവർ ഭൂരിപക്ഷമായിത്തീരുകയും അങ്ങനെ അവർക്ക് ഭരണം ലഭിക്കുകയും ചെയ്ത കാലവുമുണ്ടായിരുന്നു. വ്യത്യസ്തമായ ഈ രണ്ട് സാഹചര്യങ്ങളിലും മുസ്ലിം ബഹുജനങ്ങളെകൂട്ടി തിരുമേനിയോ അനുചരന്മാരോ, ഒരു ബഹുജനസംഘടനക്ക് രൂപം നൽകിയില്ല; യുവാക്കൾക്ക് ഒരു യുവജനസംഘടനയോ, സ്ത്രീകൾക്ക് ഒരു വനിതാസംഘടനയോ വിദ്യാർത്ഥികൾക്ക് ഒരു വിദ്യാർത്ഥിസംഘടനയോ രൂപീരിച്ചില്ല. എങ്കിൽ, തിരുമേനി ഉപേക്ഷിച്ചത് ഉപേക്ഷിക്കൽ സുന്നത്താണ്. തിരുമേനി ഉപേക്ഷിച്ച നിലക്ക് ദീനാണെന്ന് കരുതി സംഘടനയുണ്ടാക്കുന്നതും അതിൽ ചേരുന്നതും ബിദ്അത്തുമാണ്. സംഘടന വെടിയണമെന്ന് തിരുമേനി ഉപദേശിച്ച നിലക്ക് ആ നിഷിദ്ധമായ കാര്യം ദീനാണെന്ന് കരുതുന്നത് വളരെ വിചിത്രമാണ്; ഗൗരവമേറിയ പാതകവുമാണ്.

ഓട്ടോമൻ ഭരണത്തിന്റെ അവസാന കാലത്ത് മുസ്ലിം സമൂഹം അതീവ ദുർബ്ബലമായി. ഭരണാധിപന്മാർ സുഖലോലുപരും കാര്യപ്രാപ്തിയില്ലാത്തവരുമായി. ഇസ്ലാമിനു സ്വാധീനമുള്ള പ്രദേശങ്ങൾ ചെറുരാഷ്ട്രങ്ങളായി ചേരിതിരിഞ്ഞു. നാമമാത്രമായി നിലനിന്നിരുന്ന ഇസ്ലാമിക ഖിലാഫത്ത് പോലും അസാധുവാക്കപ്പെട്ടു. ഒടുവിൽ, ഇസ്ലാമിക സാമ്രാജ്യത്തിന്റെ നെറുകയിൽ, നബി(സ)യുടെ നിശാപ്രയാണത്തിന്റെ ആസ്ഥാന കേന്ദ്രത്തിൽ കുരങ്ങന്മാരുടെയും പന്നികളുടെയും അനന്തിരവന്മാർ കുടിയിരുത്തപ്പെട്ടു. ഒരു വീണ്ടെടുപ്പിനുള്ള സാധ്യതപോലും അകലെയകലെയാണെന്ന തോന്നൽ എല്ലാവരെയും നിരാശരാക്കി. തങ്ങളുടെ പ്രതീക്ഷകൾക്ക് ചിറകുനൽകാൻ എന്തുണ്ട് പോംവഴി? പുനരാർജ്ജനത്തിലേക്കുള്ള മാർഗ്ഗമേത്? ക്ഷതമേറ്റ മനസ്സ്, തകർന്നടിഞ്ഞ ചിറക്, ചോർന്നുപോയ ആത്മവീര്യം, രോഗാതുരമായ ചിന്താമണ്ഡലം. പരിഹാരമാർഗ്ഗങ്ങളെ കുറിച്ച് പലരും ചിന്തിച്ചു. വഴിവിട്ട ചില ചിന്തകൾ മുസ്ലിംകളെ തീരാകളങ്കത്തിലേക്ക് കൊണ്ടെത്തിച്ചു. കക്ഷികളും സംഘടനകളുമുണ്ടാക്കുക. നഷ്ടപ്രതാപം തിരിച്ചുപിടിക്കാൻ സംഘടനകളിലൂടെ മുന്നേറുക. ഇതായിരുന്നു അവിടെ നിർദ്ദേശിക്കപ്പെട്ട പോംവഴി. ചുരുക്കി പറഞ്ഞാൽ, ഓട്ടോമൻ ഭരണത്തിന്റെ അവസാനകാലത്ത് മാത്രമാണ് സംഘടനകളെ കുറിച്ച് മുസ്ലിംകൾ ചിന്തിച്ചുതുടങ്ങിയത്. ക്രമേണ മുസ്ലിംലോകത്ത്, വിശിഷ്യാ ന്യൂനപക്ഷ പ്രദേശങ്ങളിൽ സംഘടനകൾ കൊഴുത്തു തടിച്ചു.

സംഘടനകളുണ്ടാക്കിയവർ അവകാശവാദങ്ങൾ ഉന്നയിച്ചു: സംഘടനകൾ കൊണ്ട് ധാരാളം നന്മകളുണ്ടായിട്ടുണ്ട്. സംഘടനയിലൂടെ മാത്രം ചെയ്യാനും നേടാനും കഴിയുന്ന പലകാര്യങ്ങളുമുണ്ട്. സംഘടനകളില്ലാതെ ജീവിക്കാൻ പ്രായോഗികമായി ബുദ്ധിമുട്ടുണ്ട്. പക്ഷെ, അവരറിഞ്ഞില്ല, നബി(സ)യുടെയും സച്ചരിതരായ സലഫിന്റെയും മാർഗ്ഗത്തിൽനിന്ന് വ്യതിചലിക്കുകയായിരുന്നു അവരെന്ന്. സംഘടനകൾ ആവശ്യമായിരുന്നുവെങ്കിൽ നബി(സ)യും അനുചരന്മാരും ആദ്യമേ അതിനു മാതൃക കാണിക്കുമായിരുന്നു. അത് നന്മയാണെങ്കിൽ അവർ അത് പാഴാക്കുമായിരുന്നില്ല. മതത്തിൽ അവർ കാണിക്കാത്ത ഒരു നന്മ മറ്റാർക്കും കണ്ടെത്താനാവുകയുമില്ല.

സംഘടന തിന്മയാണ്. അത് അനേകം തിന്മകൾക്ക് ജന്മം നൽകിക്കൊണ്ടിരിക്കും. അവയിൽ ചേർന്നാൽ തിന്മ ബാധിക്കുക തന്നെ ചെയ്യും. തിന്മ ബാധിക്കാതിരിക്കാനായി സംഘടനകളെ വെടിയണമെന്ന് നബി (സ) ഉപദേശിച്ചിരിക്കുന്നു. മുകളിൽ പറഞ്ഞതോ അല്ലാത്തതോ ആയ തിന്മകൾ സംഘടനാ പ്രവർത്തകരെ ബാധിക്കുന്നുണ്ട്. നല്ല തഖ്‌വയും സൂക്ഷ്മതയും ഉള്ളവരാണെങ്കിൽ അവയിൽ ചില തിന്മകൾ ഒഴിവാക്കാൻ അവർക്ക് സാധിച്ചേക്കാം. പക്ഷെ, സംഘടനയിൽ നിഹിതമായിട്ടുള്ള തിന്മകൾ ഒഴിവാക്കാൻ ആർക്കും കഴിയില്ല. അതിനുള്ള ഏക മാർഗ്ഗം തിരുമേനിയുടെ ഉപദേശം സ്വീകരിച്ച് സംഘടന വെടിയുക എന്നത് മാത്രമാണ്.

**സലഫി പണ്ഡിതന്മാർ എവിടെ നിൽക്കുന്നു**

മേൽ വസ്തുതകൾ പരിഗണിച്ച് സലഫി പണ്ഡിതന്മാർ സംഘടനയെ നിരസിക്കുകയാണ് ചെയ്തിട്ടുള്ളത്. ഭുവനപ്രഥിതരായ ശൈഖ് അൽ ബാനി, ശൈഖ് മുഖ്ബിൽ, ശൈഖ് റബീഅ് ഹാദീ അൽ-മദ്ഖലീ, മദീനയിലെ പണ്ഡിതന്മാർ, സലീമുൽ ഹിലാലി, അലി ഹസൻ പോലുള്ള അൽബാനിയുടെ ശിഷ്യന്മാർ തുടങ്ങിയവരെല്ലാം അക്കൂട്ടത്തിൽപെടുന്നു. ശൈഖ് ഇബ്നു ബാസ്, ശൈഖ് ഉസൈമീൻ, ഡോ. ഫൗസാൻ പോലുള്ളവരും കൂട്ടായ പ്രവർത്തനമല്ലാതെ സംഘടനയെ അംഗീകരിച്ചിട്ടില്ലാത്തവരാണ്. അവർ സംഘടന അംഗീകരിച്ചവരാണെന്ന് വാദിക്കുന്നവർ പറയട്ടെ, മേൽ പറഞ്ഞ സലഫീ പണ്ഡിതന്മാരുടെ സംഘടന ഏത്? അവരുടെ സംഘടനക്ക് നേതൃത്വം നൽകുന്ന സിക്രട്ടറിമാരും പ്രസിഡണ്ടുമാരും ആരാണ്? അവരുടെയൊക്കെ സംഘടനകളുടെ ആസ്ഥാനങ്ങൾ എവിടെ? അവർ സംഘടനക്കാരാണെങ്കിൽ അവർക്കും അതൊക്കെ ഉണ്ടാകുമല്ലോ. അവർക്കാർക്കും ഒരു സംഘടനയുമില്ല. അവർ സംഘടനകളെ അംഗീകരിക്കുന്നുമില്ല എന്നതാണ് വാസ്തവം. അവരുടെ കൃതികളും അവരിൽനിന്ന് നേരിട്ട് ജ്ഞാനം നേടിയ ശിഷ്യഗണങ്ങളും അതിനുത്തമ സാക്ഷികളുമാണ്.

അവരൊക്കെ അറബ് നാടുകളിലാണ് ദഅ്‌വത്ത് നടത്തിയത്. അവിടെ ഭരണകൂടങ്ങൾ തന്നെ ദഅ്‌വത്തിനു വേണ്ട സംവിധാനം ഏർപ്പാട് ചെയ്തിട്ടുണ്ട്. അതിനാൽ സംഘടന ആവശ്യമില്ലാതായി എന്ന് ചിലർ പറയാറുണ്ട്. സത്യം അതല്ല. സൗദി അറേബ്യയിൽ സ്ഥിതി അങ്ങനെയാണെങ്കിലും ശൈഖ് അൽബാനി ജീവിച്ചിരുന്ന സിറിയയിലോ, ശൈഖ് മുഖ്ബിൽ ജീവിച്ചിരുന്ന യമനിലോ ഭരണകൂടം ദഅ്‌വത്തിന് പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള നാടുകളല്ല. എന്നിട്ടും അവരാരും അവിടെ സംഘടനകളുണ്ടാക്കിയില്ല. അവർ നബി(സ)യുടെ ഉപദേശം സ്വീകരിച്ച് സംഘടന വെടിയുകയാണ് ചെയ്തിട്ടുള്ളത്.

സംഘടന വേണമെന്നതിന് ശൈഖ് ഇബ്നു ബാസിന്റെ ചില വാചകങ്ങൾ ഉയർത്തിക്കാണിക്കാറുണ്ട്. വസ്തുത നേരെ മറിച്ചാണ്. ഖുർആനും സുന്നത്തും ജീവിതപ്രമാണങ്ങളായി അംഗീകരിക്കുകയും അത് ദുർവ്യാഖ്യാനിക്കാതിരിക്കാൻ നബി(സ)യുടെയും സ്വഹാബത്തിന്റെയും അതേ മാർഗ്ഗം പിന്തുടരുകയും ചെയ്യുക എന്ന സത്യസന്ധമായ ദീനീ നിലപാട് (സലഫി മൻഹജ്) സ്വീകരിക്കുന്നവർക്കിടയിൽ പൂർണ്ണമായ ഐക്യം ഉണ്ടാകേണ്ടതും അവർ പരസ്പരം സഹകരിച്ച് പ്രവർത്തിക്കേണ്ടതുമാണ്. ഈ ഐക്യത്തെയും സഹകരണത്തെയും കൂട്ടായ പ്രവർത്തനത്തെയും സംബന്ധിച്ച് ശൈഖ് ഇബ്നു ബാസ്, ശൈഖ് അൽബാനി പോലുള്ളവർ പറഞ്ഞ വാക്കുകൾ കോട്ടിമാട്ടുകയാണ് സംഘടനക്ക് തെളിവുണ്ടാക്കാൻ ശ്രമിക്കുന്നവർ ചെയ്യാറുള്ളത്. സംഘടന വെടിയണമെന്ന തിരുമേനിയുടെ ഉപദേശത്തിന് വിരുദ്ധമായി അവരാരും ഒന്നും പറഞ്ഞിട്ടില്ല. അങ്ങനെ ആരെങ്കിലും പറഞ്ഞാൽ തന്നെ, അത് നബിവചനത്തിന് എതിരായി വരുന്ന പണ്ഡിതാഭിപ്രായം മാത്രമേ ആവുകയുള്ളു; അത് പ്രമാണമായിരിക്കില്ല.

ശൈഖ് ഇബ്നു ബാസ്(റ) സംഘടനകളിലുള്ള നന്മകൾ അംഗീകരിക്കുകയും നന്മയിൽ അവരോട് സഹകരിക്കുകയും ചെയ്തിരുന്നു. അവരുടെ തിന്മകൾ ചൂണ്ടിക്കാണിക്കുകയും അത് തിരുത്താൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. അവർക്ക് സഹായം ലഭിക്കുന്നതിനോ മറ്റോ നൽകിയിരുന്ന കത്തുകൾ ചൂണ്ടിക്കാണിച്ച് അദ്ദേഹം സംഘടന വേണമെന്ന വാദക്കാരനായിരുന്നു എന്ന് പറയുന്നത് ശരിയല്ല. ഏതെങ്കിലും സംഘടനയിൽ ചേരാൻ ആരെയും ഉപദേശിക്കുമായിരുന്നില്ല. അദ്ദേഹത്തിന്റെ ഒരു ഫത്‌വ കാണുക:

تعلم سماحة الشيخ ما حل في الساحة من فتن فأصبح هناك جماعات مثل: جماعة التبليغ، وجماعة الإخوان، والسلفية وغيرهم من الجماعات، وكل جماعة تقول: إنها هي التي على صواب في اتباع السنة، فيا شيخ حفظك الله، أسألك بالله أن تخبرنا من هم الذين على صواب من هذه الجماعات، ومن نتبع منهم، وسمهم باسمهم؟ وجزاك الله خير الجزاء.

جواب: سمعت في المحاضرة وفي التعليق، من هم الجماعة الذين يتبعون، الجماعة التي يجب اتباعها والسير في منهاجها، هم: أهل الصراط المستقيم، هم أتباع النبي صلى الله عليه وسلم، هم أتباع الكتاب والسنة الذين يدعون إلى كتاب الله وسنة رسوله عليه الصلاة والسلام، أما الجماعات الأخرى فلا تسمع لها إلا إذا وفقت الحق، سواء (الإخوان المسلمون) أو (جماعة التبليغ)، أو (أنصار السنة)، أو من الذين يقولون: إنهم (السلفيون) أو غيرهم أو (الجماعة الإسلامية)، أو فرقة تسمي نفسها شيئا، أو سموا أنفسهم بأهل الحديث، يطاعون ويتبعون في الحق، ما قام عليه الدليل يوافقون عليه، وما خالف الدليل يرد عليهم (الفقه في الدين عصمة من الفتن للدكتور صالح الفوزان)

ചോദ്യം: ആദരണീയനായ ശൈഖ് ഇബ്നു ബാസ്, (പ്രബോധന)രംഗത്ത് ഇന്ന് ഉണ്ടായിത്തീർന്നിട്ടുള്ള കുഴപ്പങ്ങൾ താങ്കൾക്ക് അറിയാവുന്നതാണല്ലോ. തബ്ലീഗ് ജമാഅത്ത്, ഇഖ്‌വാനുൽ മുസ്‌ലിമൂൻ, സലഫികൾ എന്നിവയും അല്ലാത്തതുമായ പല കക്ഷികളായി (മുസ്‌ലിംകൾ) വേർതിരിഞ്ഞിരിക്കുകയാണ്. ഓരോ കക്ഷിയും വാദിക്കുന്നത് സുന്നത്ത് പിന്തുടരുന്നതിൽ ഞങ്ങളാണ് ശരിയായ മാർഗ്ഗത്തിലുള്ളത്. ശൈഖ് അവർകളേ, താങ്കളെ അല്ലാഹു സംരക്ഷിക്കട്ടെ, അല്ലാഹുവിനെ പിടിച്ചുകൊണ്ട് ഞാൻ ചോദിക്കുന്നു: ഈ കക്ഷികളിൽ ആരാണ് ശരിയായ മാർഗ്ഗത്തിലുള്ളത്? അവരിൽ ആരെയാണ് ഞങ്ങൾ പിന്തുടരേണ്ടത്? അവരുടെ പേര് തന്നെ പറഞ്ഞ് തന്നാലും. അല്ലാഹു താങ്കൾക്ക് ഉത്തമമായ പ്രതിഫലം നൽകുമാറാകട്ടെ.

ഉത്തരം: പ്രഭാഷണത്തിലും ശേഷം നടന്ന വിശദീകരണത്തിലും പിന്തുടരപ്പെടേണ്ട ജമാഅത്ത് ആരാണെന്നും, നിർബ്ബന്ധമായും പിൻപറ്റുകയും അതിന്റെ മാർഗ്ഗത്തിൽ ചലിക്കുകയും ചെയ്യേണ്ട ജമാഅത്ത് എതാണെന്നും നിങ്ങൾ കേട്ടുവല്ലോ. അവർ ചൊവ്വായ മാർഗ്ഗത്തിന്റെ ആളുകളാണ്. അവർ നബി(സ)യെ പിന്തുടരുന്നവരാണ്. അല്ലാഹുവിന്റെ ഗ്രന്ഥത്തിലേക്കും തന്റെ റസൂലിന്റെ ചര്യയിലേക്കും ക്ഷണിക്കുന്ന ഖുർആനിന്റെയും സുന്നത്തിന്റെയും അനുയായികളാണ്. എന്നാൽ മറ്റുകക്ഷികൾ, അവർ പറയുന്നത് സത്യത്തോട് യോജിച്ചാലല്ലാതെ നീ കേൾക്കേണ്ടതില്ല. അത് ഇഖ്‌വാനുൽ മുസ്‌ലിമൂൻ, തബ്ലീഗ് ജമാഅത്ത്, അൻസാറുസ്സുന്നഃ, സലഫികൾ എന്ന് പറയുന്നവർ, ജമാഅത്തെ ഇസ്‌ലാമി, അവരല്ലാത്ത മറ്റു സംഘടനകൾ, അല്ലെങ്കിൽ മറ്റെന്തെങ്കിലും പേരുപറയുന്ന കക്ഷി, അല്ലെങ്കിൽ അഹ്‌ലുൽ ഹദീസ് എന്ന് പറയുന്നവർ ആരായാലും സമമാണ്. തെളിവിന്റെ അടിസ്ഥാനത്തിൽ അവർ യോജിക്കുന്ന സത്യത്തിന്റെ കാര്യത്തിൽ മാത്രമേ അവർ അനുസരിക്കപ്പെടുകയും പിന്തുടരപ്പെടുകയും ചെയ്യാവതുള്ളൂ. തെളിവ് എതിരാകുന്ന കാര്യത്തിൽ അവരെ നിരാകരിക്കണം. (ഡോ. സ്വാലിഹുൽ ഫൗസാന്റെ അൽഫിഖ്ഹു ഫിദ്ദീൻ)

നിലവിലുള്ള കക്ഷികളിൽ ഒന്നിലും ചേരാൻ അദ്ദേഹം പറയുന്നില്ല. സലഫികൾ തൗഹീദ്, ഖുർആൻ, സുന്നത്ത് എന്നിവയിലേക്കാണ് ക്ഷണിക്കുന്നത്; അതിനാൽ അതിൽ ചേരണം എന്നുപോലും പറഞ്ഞിട്ടില്ല. നിലവിലുള്ള കക്ഷികളെയെല്ലാം കക്ഷി എന്ന അർത്ഥത്തിൽ ഒരുപോലെ കാണുകയും അതിലൊന്നിലും ചേരാതെ അവരിലുള്ള നന്മകളെ അംഗീകരിക്കുകയും സഹായിക്കുകയും ചെയ്യുക. തിന്മകൾ തിരുത്തുകയും ഉപദേശിക്കുകയും ചെയ്യുക.

ശൈഖ് ഇബ്നു ബാസ്(റ) ശൈഖ് അൽബാനി(റ) പോലുള്ളവരുടെ വാക്കുകൾ സംഘടനയിൽ ചേരണമെന്നതിന് തെളിവായി ചിലർ ഉദ്ധരിക്കുന്നത് രണ്ട് കാരണങ്ങളാലായിരിക്കാം. (ഒന്ന്) സംഘടനാ പക്ഷപാതിത്വം തന്നെ. അത് പിടിപെട്ടവർക്ക് കണ്ണിൽ കാണുന്നതെല്ലാം സംഘടനക്ക് തെളിവായി തോന്നാം. (രണ്ട്) അവരുടെ ശൈലി മനസ്സിലായിട്ടില്ലാത്തതിനാൽ. അവർ ജമാഅത്ത് എന്ന പദം പ്രയോഗിച്ച വാചകങ്ങളൊക്കെ സംഘടനക്ക് തെളിവായി ഉദ്ധരിക്കുന്നത്

വിഡ്ഢിത്തമാണ്. ഉദാഹരണമായി കുവൈത്തിൽ സംഘടന തെറ്റാണെന്ന് വാദിക്കുന്ന ഒരു പറ്റം സലഫികളെ അഭിസംബോധന ചെയ്തപ്പോഴും ശൈഖ് ഇബ്നു ബാസ്(റ) ജമാഅഃ സലഫിയ്യഃ എന്ന പദം തന്നെയാണ് പ്രയോഗിച്ചിരിക്കുന്നത്. ശൈഖ് അബ്ദുല്ലാ അസ്സബ്തിന്റെ حكم العمل الجماعي في الإسلام എന്ന കൃതി കാണുക. നാലോ നാനൂറോ ആൾ കൂടിച്ചേർന്നാൽ മാത്രം അതിന് സംഘടന എന്ന് പറയില്ല. പക്ഷെ, അതിന് അറബിയിൽ ജമാഅത്ത് എന്ന് പറയും. ഇത്തരം ജമാഅത്തുകളൊക്കെ സംഘടനയാക്കി ചിത്രീകരിച്ച് സംഘടനക്ക് തെളിവുണ്ടാക്കുന്നത് സഹതാപമല്ലാതെ മറ്റൊന്നുമർഹിക്കുന്നില്ല.

അതേപോലെ, ശൈഖ് അൽബാനി(റ) ജമാഅഃ സലഫിയ്യഃ എന്ന് പ്രയോഗിക്കുന്നത് ഏത് ഉദ്ദേശത്തിലാണെന്ന് അദ്ദേഹം തന്നെ വിശദീകരിച്ചിട്ടുണ്ട്. അത് കാണുക:

وأنا حينما أقول ما قلت آنفا بحق عن الجماعة السلفية فإنما أعني ذلك كدعوة (فتاوى الشيخ الألباني)

ജമാഅഃ സലഫിയ്യഃയെ കുറിച്ച് ഇപ്പോൾ ഞാൻ പറഞ്ഞത് എപ്പോഴെല്ലാം പറയുന്നുവോ അതുകൊണ്ട് ഞാനുദ്ദേശിക്കുന്നത് ഒരു പ്രബോധനം എന്ന നിലക്കാണ്. (അൽബാനിയുടെ ഫത്വകൾ)

ശൈഖ് അൽബാനി ജമാഅഃ സലഫിയ്യഃ എന്ന് പറയുമ്പോൾ അതിൽനിന്ന് സലഫി സംഘടന എന്ന് ഗ്രഹിക്കാവതല്ല. മറിച്ച്, ഖുർആനും സുന്നത്തും സലഫുകളുടെ മാർഗ്ഗമനുസരിച്ച് സ്വീകരിക്കുക എന്നതിലേക്കുള്ള പ്രബോധനം എന്നാണതിന്റെ വിവക്ഷ. അത് പ്രബോധനം ചെയ്യുന്നത് ഒരു വ്യക്തിയാവാം. ഒരു കൂട്ടമാവാം. ഒരു സ്ഥാപനമാവാം. ഒരു ഭരണകൂടമാവാം. ഈ പ്രബോധനത്തെ ഒരു സംഘടനയാക്കി ചിത്രീകരിക്കുന്നത് അദ്ദേഹത്തോട് കാണിക്കുന്ന കടുത്ത അനീതിയായിരിക്കും.

ശൈഖ് അബ്ദുല്ലാ അസ്സബ്തും ഇഹ്യാഉത്തുറാസ് പോലുള്ള സൊസൈറ്റികളും സംഘടനയെ അംഗീകരിക്കുന്നു. അതിന് അവർ ഉന്നയിക്കുന്ന തെളിവുകൾ പരിശോധിച്ചാൽ അത് കൃത്യതയോ കണിശതയോ ഉള്ളതല്ലെന്ന് ബോധ്യമാകും. സത്യസന്ധമായ ദീനീ നിലപാട് (സലഫി മൻഹജ്) സ്വീകരിക്കുന്നവർക്കിടയിൽ പൂർണ്ണമായ ഐക്യം ഉണ്ടാകേണ്ടതും അവർ പരസ്പരം സഹകരിച്ച് പ്രവർത്തിക്കേണ്ടതുമാണ്. ഈ ഐക്യത്തെയും സഹകരണത്തെയും കൂട്ടായ പ്രവർത്തനത്തെയും വലിച്ചുനീട്ടി സംഘടനയാക്കി ചിത്രീകരിക്കുകയാണ് സംഘടനാവാദികൾ ചെയ്യാറുള്ളത്. പരസ്പരം സഹകരിച്ചും ഒരുമിച്ചും പ്രവർത്തിച്ചാൽ അത് സംഘടനയാവില്ല. അത് ഒറ്റപ്പെട്ടുനിൽക്കലുമല്ല. കൂട്ടായ പ്രവർത്തനത്തിലേക്ക് തെറ്റായ ചില ഘടകങ്ങൾ കൂടിച്ചേരുമ്പോൾ മാത്രമാണ് അത് സംഘടനയായിത്തീരാറുള്ളത്. ശൈഖ് അൽബാനിയോ ശൈഖ് മുഖ്ബിലോ ഒറ്റപ്പെട്ട വ്യക്തികളല്ല. അവർ മറ്റുള്ളവരുമായി സഹകരിച്ചും ഒരുമിച്ചും പ്രവർത്തിച്ചിരുന്നവരാണ്. പക്ഷെ, അവർ സംഘടനയുണ്ടാക്കിയില്ല. സംഘടന എന്നു പറയുമ്പോൾ അത് കൂട്ടായ പ്രവർത്തനം മാത്രമല്ല. മറിച്ച്, മുസ്‌ലിംകളിൽ ചിലർക്ക് അംഗത്വം നൽകി, അവരെക്കൊണ്ട് പ്രതിജ്ഞ ചെയ്യിച്ച്, സമുദായത്തിൽ ധ്രുവീകരണവും ചേരിതിരിവുമുണ്ടാക്കി, ഒരു പ്രത്യേക സംഘടനയിലേക്ക് ചേർത്തുപറഞ്ഞ്, അപ്പേരിൽ അവർ അറിയപ്പെട്ട്, അതിനുവേണ്ടി കക്ഷിത്വവും പക്ഷപാതവും കാണിച്ച്, ഇസ്‌ലാമിക സാഹോദര്യത്തിനുപകരം സംഘടനാ സാഹോദര്യം നിലനിർത്തിപ്പോരുന്ന ഒരു ദുഷിച്ച സംവിധാനമാണ് സംഘടന. ഇസ്‌ലാമിക സമൂഹത്തെ പല തുണ്ടുകളാക്കി അവക്ക് ചുറ്റും വേലികെട്ടി തിരിച്ചു നിർത്തുന്ന സംഘടന വേറെ. ഇസ്‌ലാമിക സമൂഹത്തെ മൊത്തമായി കാണുകയും അവരോട് വലാഉം സാഹോദര്യവും വെച്ചുപുലർത്തുകയും, സത്യസന്ധമായ ദീനീ നിലപാട് (സലഫി മൻഹജ്) സ്വീകരിക്കുന്നവർക്കിടയിൽ പൂർണ്ണമായ ഐക്യം നിലനിർത്തി അവരോടൊപ്പംനിന്ന് സഹകരിച്ച് പ്രവർത്തിക്കുകയും, സത്യത്തിൽനിന്ന് വ്യതിചലിച്ചു പോകുന്നവരെ ഗുണകാംക്ഷയോടെ തിരുത്താൻ ശ്രമിക്കുകയും, സത്യത്തിലേക്ക് മടങ്ങാൻ തയ്യാറില്ലാത്തവരോട് വിഷയത്തിന്റെ ഗൗരവമനുസരിച്ച് വെറുപ്പും പ്രതിഷേധവും പ്രകടിപ്പിക്കുകയും ചെയ്തുകൊണ്ട് ശരിയായ ദഅ്വത്ത് നിലനിർത്തുകയും ചെയ്യുന്ന സലഫി പണ്ഡിതന്മാരുടെ നിലപാട് വേറെ. സംഘടന വേണ്ടെന്ന് വെക്കുന്നവരൊക്കെ ഒറ്റപ്പെട്ടുനിൽക്കണം എന്ന് പറയുന്നവരല്ല. ഒറ്റപ്പെട്ട് നിൽക്കാൻ പാടില്ല താനും. തിരു

മേനി പറഞ്ഞിട്ടുള്ളത്: فَإِنَّمَا يَأْكُلُ الذِّئْبُ الْقَاصِيَةَ (കൂട്ടംപിരിഞ്ഞ്) അകന്നു പോകുന്നതിനെയാണ് ചെന്നായ ഭക്ഷിക്കുക എന്നാണ്. അത് കൊണ്ട് സലഫി മാർഗ്ഗമനുസരിച്ച് ഒരുമിച്ചും സഹകരിച്ചും പ്രവർത്തിക്കണം. പക്ഷെ, അതിന്റെ പേരിൽ സംഘടനയുണ്ടാക്കുകയോ സംഘടനയിൽ ചേരുകയോ ചെയ്യരുത്. ഒരുമിച്ചും സഹകരിച്ചും പ്രവർത്തിച്ചാൽ മാത്രം സംഘടനയാവുകയില്ലല്ലോ.

സംഘടനക്ക് മതപരമായ വിലക്കില്ലെന്ന് സ്ഥാപിക്കാൻ വേണ്ടി ശൈഖ് അബ്ദുല്ലാ അസ്സബ്ത് രചിച്ച 'സംഘടിത പ്രവർത്തനത്തിന്റെ മതവിധി ഇസ്‌ലാമിൽ' എന്ന ലഘുകൃതിയിൽ ഒരുമിച്ച് പ്രവർത്തിക്കാം, ഒരുമിച്ച് പ്രവർത്തിക്കണം, ഒറ്റപ്പെട്ടുപോകരുത് എന്നതിനല്ലാതെ സംഘടനയുണ്ടാക്കാമെന്നതിന് കൃത്യമായ ഒരു രേഖയും അദ്ദേഹത്തിനും പറയാനില്ല.

ജമാഅത്തിലേക്ക് ചേർത്ത് പറയാം, അതിന് ഘടനകൾ ഉണ്ടാക്കാം, അതിന് നേതാവിനെ നിശ്ചയിക്കാം എന്നൊക്കെ ശൈഖ് ഇബ്നു ബാസ് (റ) പറഞ്ഞതായി അതിലദ്ദേഹം ഉദ്ധരിക്കുന്നുണ്ട്. പക്ഷെ, ഈ മൂന്ന് കാര്യത്തിനും അദ്ദേഹമോ ഗ്രന്ഥകർത്താവോ തെളിവൊന്നും ഉദ്ധരിക്കുന്നില്ല. തെളിവിന്റെ അപര്യാപ്തതയുള്ള അത്തരം പ്രസ്താവനകൾ വെറും പണ്ഡിതാഭിപ്രായമായിട്ടല്ലാതെ പ്രമാണമായിക്കാണാൻ പറ്റില്ലെന്ന് പറയേണ്ടതില്ലല്ലോ.

യഥാർത്ഥത്തിൽ എന്താണ് സംഘടന? എപ്പോഴാണ് ഒരു വിഭാഗം. സംഘടനയായിത്തീരുന്നത്? അത് എന്തുകൊണ്ട് തെറ്റായിത്തീരുന്നു? സംഘടനയുടെ ഓരോ അലകും പിടിയും തെറ്റാണെന്ന് പ്രമാണ രേഖകൾ കൊണ്ട് തെളിയിക്കാം. സംഘടന അതിന്റെ അംശങ്ങളിൽ തെറ്റാണെന്ന് പ്രമാണങ്ങൾ കൊണ്ട് തെളിയിക്കാവുന്നതുപോലെ, സംഘടന അതിന്റെ സാകല്യത്തിൽ തന്നെയും തെറ്റാണെന്ന് പ്രമാണം കൊണ്ട് വേറെയും തെളിയിക്കാം. സംഘടനയാവാൻ അനിവാര്യമായും ഉണ്ടായിരിക്കേണ്ട ഘടകങ്ങൾ:

1. അംഗത്വം: അംഗത്വം തെറ്റാണെന്ന് താഴെ കൊടുക്കുന്ന നബിവചനത്തിൽനിന്ന് ഗ്രഹിക്കാം

٢٢٩٤ عن عَاصِمٍ قَالَ قُلْتُ لِأَنَسِ بْنِ مَالِكٍ رَضِيَ اللَّهُ عَنْهُ أَبَلَغَكَ أَنَّ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ لَا حِلْفَ فِي الْإِسْلَامِ فَقَالَ قَدْ حَالَفَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ بَيْنَ قُرَيْشٍ وَالْأَنْصَارِ فِي دَارِي (البخاري)

അനസ്(റ)വിനോട് ആസിം(റ) ചോദിച്ചു: ഇസ്‌ലാമിൽ സഖ്യമില്ല എന്ന് നബി(സ) പറഞ്ഞത് താങ്കൾക്ക് ലഭിച്ചിട്ടുണ്ടോ? അദ്ദേഹം പറഞ്ഞു: തീർച്ചയായും നബി(സ) തന്റെ വീട്ടിൽവെച്ച് ഖുറൈശികൾക്കും അൻസ്വാരികൾക്കുമിടയിൽ സഖ്യമുണ്ടാക്കിയിട്ടുണ്ട്. (ബുഖാരി) ആദ്യകാലത്ത് പലതരം സഖ്യങ്ങളും നിലനിന്നിരുന്നു. പിന്നീട് മുസ്‌ലിംകളെ പല ചേരികളാക്കുന്ന സഖ്യങ്ങളെല്ലാം തിരുമേനി പാടില്ലെന്ന് പറഞ്ഞിട്ടുണ്ട്. വിശദാംശത്തിന് ഹുക്മുൽ ഇൻതിമാഅ് എന്ന കൃതി കാണുക.

2. പ്രതിജ്ഞ: പ്രതിജ്ഞ തെറ്റാണെന്ന് ഇമാം ബുഖാരിയുടെ ഹദീസ് നമ്പർ 456 പ്രകാരവും മറ്റു പ്രാമാണിക പണ്ഡിതന്മാരുടെ വാക്കുകളനുസരിച്ചും വിശദീകരിച്ചത് ഓർക്കുക.

3. ധ്രുവീകരണം, ചേരിതിരിവ്: സംഘടനകൾ മതത്തിന്റെ പേരിൽ ധ്രുവീകരണവും ചേരിതിരിവും ഉണ്ടാക്കുന്നു. അതില്ലെങ്കിൽ, ഇസ്‌ലാമിക സമൂഹത്തെ ഒറ്റ സമൂഹമായി കാണാൻ കഴിയും. അതിനു വിഘാതം സംഘടനകളാണ്. സൂറത്തുൽ അൻആം 159-ാം വചന പ്രകാരം അത് ഇസ്‌ലാം നിഷിദ്ധമാക്കിയ കാര്യമാകുന്നു.

4. കക്ഷിത്വവും പക്ഷപാതവും: സംഘടനകളിൽ ചേർന്നാൽ അതിനുവേണ്ടി കക്ഷിത്വം കാണിക്കുകയും പക്ഷപാതപരമായി നിലകൊള്ളുകയും ചെയ്യേണ്ടിവരും. അല്ലെങ്കിൽ സംഘടനാവിരുദ്ധ പ്രവർത്തനം എന്ന കുറ്റം ചുമത്തി നടപടിയെടുക്കും. കക്ഷിത്വവും പക്ഷപാതിത്വവും സൂറത്തു റൂം 32-ാം സൂക്തമനുസരിച്ചും ഇമാം മുസ്‌ലിം ഉദ്ധരിച്ച 3440-ാം നമ്പർ ഹദീസ് അനുസരിച്ചും പാടില്ലാത്തതാകുന്നു.

5. സംഘടനാ ബന്ധം: വിശാലമായ ഇസ്‌ലാമിക സാഹോദര്യത്തിനു പകരം സങ്കുചിതമായ സംഘടനാ ബന്ധം നിലവിൽവരുന്നു. ഇസ്‌ലാമിക സാഹോദര്യത്തെ കുറിച്ചും വലാഇനെ (ആദർശബന്ധം) കുറിച്ചും പറയപ്പെട്ട എല്ലാ വചനങ്ങളും ഇത് വിലക്കുന്നു.

സംഘടനയാവാൻ അവശ്യമായ ഇത്തരം ഘടകങ്ങളെല്ലാം ഇസ്ലാമിക വിരുദ്ധമാണ്. അവ ഒഴിവായാൽ സംഘടന ഉണ്ടാവില്ല. ഒരുമിച്ച് പ്രവർത്തിക്കുന്ന ഒരു പറ്റം ആളുകളേ ഉണ്ടാവുകയുള്ളു.

ഇനി, സംഘടന അതിന്റെ സാകല്യത്തിൽ തന്നെ നിഷിദ്ധമാണെന്നതിന് ഹുദൈഫ(റ) വിൽനിന്ന് ഇമാം ബുഖാരി ഉദ്ധരിച്ച ഹദീസ് തെളിവാണ്. ഏതുനിലക്കും ഒരു വിശ്വാസി സംഘടന ഉപേക്ഷിച്ചേ പറ്റൂ.

തൗഹീദ്, ഖുർആൻ, സുന്നത്ത്, സലഫികളുടെ മാർഗ്ഗം എന്നിത്യാദി ശരിയായ കാര്യങ്ങളിലേക്ക് ക്ഷണിക്കുന്ന ഒരു വിഭാഗം സംഘടനാ സ്വഭാവം കൈകൊണ്ടാൽ നാം എന്ത് ചെയ്യണം? ഇതിന് വ്യക്തമായ മറുപടി ഇമാം ബുഖാരി ഉദ്ധരിക്കുന്ന ഹദീസ് നമ്പർ 3518 ൽ വ്യക്തമാക്കിയിട്ടുണ്ട്. മുഹാജിർ, അൻസാർ എന്നീ വേർതിരിവ് അല്ലാഹു വിശുദ്ധ ഖുർആനിലൂടെ അംഗീകരിച്ചതാണ്. എന്നിട്ടും, പ്രസ്തുത ഹദീസിൽ, മുഹാജിർ, അൻസാർ എന്നതിന്റെ പേരിൽ ഒരു കക്ഷിത്വം ഉടലെടുക്കാൻ തുടങ്ങിയപ്പോൾ തിരുമേനി അത് വിലക്കുകയും അതിനെ ജാഹിലിയ്യത്താണെന്നും ദുഷ്ടതയാണെന്നും പറഞ്ഞ് അതിക്ഷേപിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഏത് നല്ല ആശയം പ്രചരിപ്പിക്കുന്നവരും ഒരു കക്ഷിത്വം ഉൾകൊണ്ട് ചേരിതിരിവുണ്ടാക്കാൻ ശ്രമിച്ചാൽ, സംഘടനാവത്ക്കരിച്ചാൽ ആ സംഘടനാ സ്വഭാവം ദുഷിച്ച് നാറുന്ന ജാഹിലിയ്യത്തും ദുഷ്ടതയും മാത്രമേ ആവുകയുള്ളു. അത് വെടിയുക തന്നെ വേണം.

യഥാർത്ഥത്തിൽ, സംഘടനകൾ ഇസ്ലാമിനും മുസ്ലിംകൾക്കും നൽകിയത് നന്മയല്ല, തിന്മയാണ്; ആരെയും ഉണർത്താതെ നിശ്ശബ്ദമായി കടന്നുവരുന്ന തിന്മ. രക്തത്തിലലിഞ്ഞ് സിരകളിലൂടെ ശരീരമാസകലം വ്യാപിക്കുന്ന തിന്മ. കക്ഷിത്വം വാപിളർന്നുനിൽക്കുന്ന സംഘടനയിൽ ഒരിക്കൽ അകപ്പെട്ടാൽ അതിൽ നിന്ന് രക്ഷപ്പെടുക അസാധ്യം. അല്ലാഹുവിന്റെ പ്രത്യേകമായ അനുഗ്രഹം കൊണ്ടല്ലാതെ അതിൽനിന്ന് ആർക്കും മുക്തിപ്രാപിക്കാനാവുകയില്ല.

**മുസ്ലിംകളുടെ പ്രശ്നങ്ങൾ**

ഇസ്ലാമികമായ കാഴ്ചപ്പാടിൽ, മുസ്ലിംകൾ ഇന്ന് അഭിമുഖീകരിക്കുന്ന അനാഥത്വത്തിന്, അപരിചിതത്വത്തിന്, അന്യവൽക്കരണത്തിന്, നിസ്സഹായാവസ്ഥക്ക് പരിഹാരം സംഘടനകളല്ല. അത് പ്രശ്നങ്ങളെ കൂടുതൽ സങ്കീർണ്ണമാക്കുകയേ ഉള്ളു. മുസ്ലിംകളുടെ ഇന്നത്തെ പ്രശ്നങ്ങളെ കുറിച്ച് തിരുമേനി പ്രവചിച്ചു:

٢٠٨ عَنْ أَبِي هُرَيْرَةَ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ بَدَأَ الْإِسْلَامُ غَرِيبًا وَسَيَعُودُ كَمَا بَدَأَ غَرِيبًا فَطُوبَى لِلْغُرَبَاءِ (مسلم)

അബൂഹുറൈറ(റ)യിൽനിന്ന് നിവേദനം. നബി(സ) പറഞ്ഞു: ഇസ്ലാം ആരംഭംകുറിച്ചത് അപരിചിതാവസ്ഥയിലാണ്. തുടക്കത്തിലുണ്ടായിരുന്നതുപോലയുള്ള അപരിചിതാവസ്ഥയിലേക്ക് അത് തിരിച്ചുപോകും. അന്ന് അപരിചിതരായി കഴിയേണ്ടിവരുന്നവർക്ക് മംഗളം. (മുസ്ലിം) ഇസ്ലാമിനും മുസ്ലിംകൾക്കും വരാനിരിക്കുന്ന രണ്ടാമത്തെ അപരിചിതാവസ്ഥ (الغربة الثانية). അതാണ് ഹദീസിന്റെ പ്രതിപാദ്യം.

**പ്രശ്നപരിഹാരങ്ങൾ**

മുസ്ലിംകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്കും അവരനുഭവിക്കുന്ന നിന്ദ്യതക്കുമുള്ള പരിഹാരം അവിടുന്ന് ഇപ്രകാരം നിർദ്ദേശിച്ചു:

٣٠٠٣ عَن ابْنِ عُمَرَ قَالَ سَمِعْتُ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يَقُولُ إِذَا تَبَايَعْتُمْ بِالْعِينَةِ وَأَخَذْتُمْ أَذْنَابَ الْبَقَرِ وَرَضِيتُمْ بِالزَّرْعِ وَتَرَكْتُمُ الْجِهَادَ سَلَّطَ اللَّهُ عَلَيْكُمْ ذُلًّا لَا يَنْزِعُهُ حَتَّى تَرْجِعُوا إِلَى دِينِكُمْ (أبوداود)

ഇബ്നു ഉമർ(റ)വിൽനിന്ന് നിവേദനം. നബി(സ) പറഞ്ഞു: നിങ്ങൾ പലിശ മുതലിനുവേണ്ടി കുതന്ത്രം കാണിക്കുകയും, പശുക്കളുടെ വാൽപിടിച്ച് (ഭൗതികതയുടെ പിന്നാലെ പോവുകയും), കൃഷിയിൽ തൃപ്തിയടഞ്ഞ് (ത്യാഗമനസ്ഥിതി വെടിയുകയും), ജിഹാദ് ഉപേക്ഷിക്കുകയും ചെയ്താൽ അല്ലാഹു

നിങ്ങളുടെ മേൽ നിന്ദ്യത അടിച്ചേൽപ്പിക്കും. നിങ്ങൾ നിങ്ങളുടെ മതത്തിലേക്ക് തിരിച്ചുപോകുന്നതുവരെ അതിൽനിന്ന് നിങ്ങൾക്ക് അവൻ മോചനം നൽകുകയില്ല. (അബൂദാവൂദ്)

ഇമാം മാലിക്(റ) പറഞ്ഞു: لن يصلح آخر هذه الأمة الا بما صلح به أولها ഈ സമുദായത്തിന്റെ ആദ്യം എന്തുകൊണ്ടാണോ നന്നായിത്തീർന്നത് അതുകൊണ്ടല്ലാതെ അതിന്റെ അന്ത്യം നന്നായിത്തീരുന്ന പ്രശ്നമില്ല. ശരിയായ ദീനീ വിജ്ഞാനം ശരിയായ മാർഗ്ഗത്തിൽ റബ്ബാനികളായ പണ്ഡിതന്മാരിൽനിന്ന് നേടുക. അതനുസരിച്ച് പ്രവർത്തിക്കുക. അതിലേക്ക് ജനങ്ങളെ ക്ഷണിക്കുക. ആ മാർഗ്ഗത്തിൽ അനുഭവിക്കേണ്ടിവരുന്ന പ്രയാസങ്ങൾ സഹിക്കുക. ഇതുമാത്രമാണ് രണ്ടാമത്തെ അപരിചിതാവസ്ഥ ( الغربة الثانية) ഇല്ലാതാക്കാനുള്ള പോംവഴി. അല്ലാതെ, തിരുമേനി വിലക്കിയ കക്ഷിതത്തിലൂടെ, സംഘടനകളിലൂടെ, സംഘടനാ പ്രവർത്തനങ്ങളിലൂടെ ഇസ്‌ലാമിന് പ്രതാപം വീണ്ടെടുക്കാനാവില്ല.

**പുനഃപരിശോധിക്കേണ്ട ധാരാണകൾ**

സംഘടനയും സംഘടനാ നേതൃത്വവും ഇസ്‌ലാമികമാണെന്നും, സംഘടനകൾ ഉണ്ടാക്കി അതിൽ ചേർന്ന് പ്രവർത്തിക്കാൻ മുസ്‌ലിംകൾ ബാധ്യസ്ഥരാണെന്നുമുള്ളതിന് ഉപോൽബലകമായി ഉന്നയിക്കാറുള്ള ചില തെളിവുകൾ പരിശോധനാ വിധേയമാക്കേണ്ടതുണ്ട്. തെറ്റായ മുൻധാരണകളും സങ്കൽപങ്ങളുമാണ് ഇവ്വിഷയകമായി പലരെയും നയിക്കുന്നത്. അത്തരം തെളിവുകളുടെ നിജസ്ഥിതി മുൻവിധിയും പക്ഷപാതവുമില്ലാതെ മനസ്സിലാക്കാൻ മുതിരുകയാണങ്കിൽ അല്ലാഹു ഹൃദയവിശാലത നൽകുകയും നേരായ മാർഗ്ഗം കാണിക്കുകയും ചെയ്തേക്കാം. അല്ലാഹുവേ, നിന്റെ മഹത്തായ അനുഗ്രഹം ഞങ്ങൾക്ക് എന്നുമെന്നും നൽകേണമേ.

**1. കൈകാര്യ കർത്താക്കളെ അനുസരിക്കൽ**

يَاأَيُّهَا الَّذِينَ آمَنُوا أَطِيعُوا اللَّهَ وَأَطِيعُوا الرَّسُولَ وَأُوْلِي الْأَمْرِ مِنْكُمْ (النساء ٥٩)

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുക, റസൂലിനെ അനുസരിക്കുക, നിങ്ങളുടെ കൂട്ടത്തിലെ കൈകാര്യകർത്താക്കളെയും. (വി.ഖു. 4:59) മേൽ വചനത്തിലെ കൈകാര്യകർത്താക്കൾ എന്നതിന്റെ പ്രാമാണികമായ വ്യാഖ്യാനം അധികാരമുള്ള ഭരണകർത്താക്കളോ ശറഇയായ അറിവ് പകരുന്ന പണ്ഡിതന്മാരോ ആണ്. സംഘടനാ നേതാക്കൾ എന്ന് അതിന് അർത്ഥം കൽപിക്കുന്നത് ദുർവ്യാഖ്യാനമാണ്. സംഘടനാ നേതാക്കൾ അധികാരമുള്ള ഭരണകർത്താക്കളല്ല. അവരിൽ പണ്ഡിതന്മാരുണ്ടെങ്കിൽ അവരെ അനുസരിക്കേണ്ടിവരുന്നത് സംഘടനാ നേതാക്കൾ എന്ന നിലയിലല്ല, പണ്ഡിതന്മാർ എന്ന നിലയിൽ പ്രമാണബദ്ധമായ കാര്യം അവർ കൽപിക്കുമ്പോൾ മാത്രമാണ്. ശറഇയായ അറിവില്ലാത്തവരാണ് ഇന്ന് സംഘടനാ നേതാക്കളിൽ ഭൂരിഭാഗവും. അവരെ അനുസരിക്കാനുള്ള കൽപന മേൽ വചനത്തിലോ മറ്റേതെങ്കിലും വചനങ്ങളിലോ സ്ഥിരപ്പെട്ടിട്ടില്ല.

**2. നേതാവും ഭരണാധികാരിയും**

٧١٤٢ عَنْ أَنَسِ بْنِ مَالِكٍ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ اسْمَعُوا وَأَطِيعُوا وَإِنِ اسْتُعْمِلَ عَلَيْكُمْ عَبْدٌ حَبَشِيٌّ كَأَنَّ رَأْسَهُ زَبِيبَةٌ (البخاري)

അനസ്(റ)ൽനിന്ന് നിവേദനം. നബി (സ) പറഞ്ഞു: നിങ്ങൾ കേൾക്കുക, അനുസരിക്കുക; നിങ്ങളുടെമേൽ ഭരണാധികാരിയാക്കപ്പെടുന്നത് ഉണങ്ങിയ മുന്തിരിപോലുള്ള തലയോടുകൂടിയ ഒരു എത്യോപ്യൻ അടിമയാണെങ്കിൽപോലും. (ബുഖാരി) മേൽ ഹദീസിൽ അനുസരിക്കാൻ പറഞ്ഞത് അധികാരമുള്ള ഭരണകർത്താവിനെയാണ്; ഭരണാധികാരി നിശ്ചയിക്കുന്ന പ്രതിനിധിയെയും. ഭരണാധികാരികൾ ശാസനാധികാരമുള്ളവരാണ്. അവരുടെ അധികാര പരിധിയിലുള്ള മുഴുവൻ മുസ്‌ലിംകളെയും അവർ പ്രതിനിധീകരിക്കുന്നു. അവരുടെ നേതൃത്വം എല്ലാവരും അംഗീകരിക്കുന്നു. എന്നാൽ, സംഘടനാ നേതാക്കൾക്ക് ശാസനാധികാരമില്ല. അവർ അവരുടെ പ്രദേശത്തെ മുസ്‌ലിംകളെ മൊത്തം പ്രതിനിധീകരിക്കുന്നില്ല. മുസ്‌ലിം സമുദായത്തെ പലതുണ്ടു

കളാക്കി അതിലൊരു കക്ഷിയെ മാത്രമാണ് അവർ പ്രതിനിധീകരിക്കുന്നത്. ഭരണാധികാരിയെ അനുസരിക്കാനുള്ള കൽപനയിൽ സംഘടനാ നേതാക്കൾ ഉൾപ്പെടില്ല.

**3. ജമാഅത്തും സംഘടനയും**

فَإِنَّهُ مَنْ فَارَقَ الْجَمَاعَةَ شِبْرًا فَمَاتَ إِلَّا مَاتَ مِيتَةً جَاهِلِيَّةً (البخاري)

ആരാണോ ജമാഅത്തിൽനിന്ന് ഒരു ചാൺ വിട്ടുനിൽക്കുന്ന നിലയിൽ മരണപ്പെടുന്നത് അയാളുടെ മരണം ജാഹിലീ മരണമല്ലാതെ മറ്റൊന്നുമല്ല. (ബുഖാരി) മേൽ ഹദീസിൽ പറഞ്ഞ ജമാഅത്ത് സംഘടനയല്ല. ബൈഅത്ത് നൽകപ്പെട്ട ഒരു ഇമാമും അയാളുടെ കീഴിലുള്ള മൊത്തം മുസ്ലിംകളുമാണ് ഇവിടെ ജമാഅത്ത് എന്നതുകൊണ്ടുള്ള വിവക്ഷ. ഇമാമും ജമാഅത്തും പസ്പരം വേർപെടുത്താനാവാത്ത ഘടകങ്ങളാണ്. ഇമാമില്ലാതെ ജമാഅത്തില്ല. ജമാഅത്തില്ലാതെ ഇമാമുമില്ല. അതിനാൽ, ഇമാമിന്റെ കീഴിൽ ബൈഅത്ത് ചെയ്തു നിൽക്കുന്ന മുസ്ലിംകൾക്കല്ലാതെ മുസ്ലിം ഉമ്മത്തിലെ ഒരു കക്ഷിക്ക് ജമാഅത്ത് എന്ന് പറയാൻ പറ്റില്ല. സംഘടനകൾ ജമാഅത്ത് (جماعة المسلمين) ആവില്ല. മുസ്ലിംകളിൽനിന്നുള്ള ഒരു സംഘമേ (جماعة من المسلمين) ആവുകയുള്ളു. ജമാഅത്തിൽനിന്ന് ഒരാൾ മാറിനിന്നാൽ അയാൾ ജാഹിലീ മരണമായിരിക്കും വരിക്കുക. സംഘടനകൾ ജമാഅത്താണെങ്കിൽ ഒരുപാട് പണ്ഡിതന്മാർ സംഘടനയിൽ അംഗത്വമെടുക്കാതെ മരിച്ചുപോയിട്ടുണ്ട്. അവരൊക്കെ ജാഹിലീ മരണമാണ് വരിച്ചതെന്ന് പറയാൻ പറ്റുമോ? സംഘടനയിൽ ചേരാതെ മാറിനിൽക്കുന്നവരൊക്കെ ജാഹിലിയ്യത്തിലാണെന്ന് കരുതാമോ? എല്ലാ മുസ്ലിംകളും തങ്ങളുടെ സംഘടനയിലുണ്ടെന്നോ, തങ്ങളുടെ സംഘടനക്ക് പുറത്തുള്ളവരൊന്നും മുസ്ലിംകളല്ലെന്നോ ഏതെങ്കിലുമൊരു സംഘടന വാദിക്കുമോ? വാദിക്കുമെന്ന് തോന്നുന്നില്ല. വാദിച്ചാൽ അത് സത്യവുമല്ല.

**4. മൂന്നിൽ ഒരാൾ നേതാവ്**

وَلَا يَحِلُّ لِثَلَاثَةِ نَفَرٍ يَكُونُونَ بِأَرْضِ فَلَاةٍ إِلَّا أَمَّرُوا عَلَيْهِمْ أَحَدَهُمْ (احمد)

മൂന്നാളുകൾ ഒരു വിജനസ്ഥലത്തായിത്തീർന്നാൽ അവരിൽ ഒരാൾക്ക് നേതൃത്വം ഏൽപിക്കാതിരിക്കാൻ പറ്റില്ല (അഹ്മദ്) ചില റിപ്പോർട്ടുകളിൽ യാത്രയിലായിരിക്കുമ്പോൾ എന്നാണുള്ളത്. ഇവിടെ പറയപ്പെട്ട കൽപന خاص അഥവാ സവിശേഷമായ സാഹചര്യത്തിൽ ചെയ്യാനുള്ളതാണ്. ഒരു രാജ്യത്ത് താമസിക്കുന്ന മുസ്ലിം ഉമ്മത്തിനെ പലകക്ഷികളാക്കി വേർതിരിക്കാനോ അങ്ങനെയുള്ള കക്ഷികൾക്ക് നേതാക്കളെ നിശ്ചയിക്കാനോ ഉള്ള കൽപനയല്ല ഇതിലുള്ളത്.

സംഘടന തിന്മയാണ്; നമുക്കത് വേണ്ട എന്ന് പറയുമ്പോൾ മുസ്ലിംകൾക്ക് ഒരു നേതൃത്വം തന്നെ വേണ്ടെന്ന് അതിനർത്ഥമില്ല. മുസ്ലിംകൾക്ക് സംഘടനയും സംഘടനാ നേതൃത്വവും വേണ്ടെന്ന് മാത്രമേ അതിനർത്ഥമുള്ളു. സംഘടനാ സങ്കുചിതത്വം കാരണം സംഘടനാ നേതൃത്വമല്ലാത്ത ഒരു നേതൃത്വം തന്നെയില്ലെന്ന് ചിലർ തെറ്റിദ്ധരിച്ചിരിക്കുകയാണ്. മുസ്ലിംകൾക്ക് നേതൃത്വം വേണം. അത് സംഘടനാ നേതൃത്വമല്ല; ഇസ്ലാമിക നേതൃത്വമാണ്. ഇസ്ലാമിക നേതൃത്വ വിഭാവനയനുസരിച്ച് ഭരണാധികാരവും പാണ്ഡിത്യവും ഉള്ളവരാണ് നേതാക്കൾ. അധികാരമുള്ള ഭരണാധികാരികൾ കുറ്റകരമായ കാര്യം കൽപിക്കാത്തിടത്തോളം അത് അനുസരിക്കാൻ പ്രജകൾ ബാധ്യസ്ഥരാണ്. പണ്ഡിതന്മാർ അറിവിന്റെയും തെളിവിന്റെയും അടിസ്ഥാനത്തിൽ ഒരു കാര്യം കൽപിച്ചാൽ അത് അനുസരിക്കാൻ മുസ്ലിംകൾ കടപ്പെട്ടവരാണ്.

ഇവിടെ മുസ്ലിംകൾക്ക് ഭരണാധികാരമില്ല. ഇവിടെ നമുക്കുള്ളത് പണ്ഡിതന്മാരുടെ നേതൃത്വമാണ്. അത് നാം അംഗീകരിക്കണം. സംഘടനാ നേതൃത്വം നബി(സ) വിലക്കിയ ഒരു നിഷിദ്ധ കാര്യത്തിന്റെ അടിസ്ഥാനത്തിൽ ചിലരുണ്ടാക്കിയ നൂതനസൃഷ്ടിയാണ്. അവരെ അനുസരിക്കാൻ മുസ്ലിംകൾ ബാധ്യസ്ഥരല്ല. സുറത്തുന്നിസാഇലെ 59-ാം വചനമാണ് ഇതിനു തെളിവ്.

**5. നന്മയിലേക്കു ക്ഷണിക്കുന്ന ഉമ്മത്തും സംഘടനയും**

وَلْتَكُنْ مِنْكُمْ أُمَّةٌ يَدْعُونَ إِلَى الْخَيْرِ (آل عمران ١٠٤)

നന്മയിലേക്ക് ക്ഷണിക്കുന്ന ഒരു സമുദായം നിങ്ങളിൽനിന്ന് ഉയിരെടുക്കട്ടെ. (വി.ഖു. 3:104) ഈ ആയത്തിന് രണ്ടു വ്യാഖ്യാനങ്ങളുണ്ട്. (ഒന്ന്) ഇതിലെ من എന്ന പദം بيان നുവേണ്ടിയാണ്. അപ്പോൾ, അർത്ഥം നിങ്ങളാൽ നന്മയിലേക്ക് ക്ഷണിക്കുന്ന ഒരു ഉമ്മത്ത് ഉണ്ടാവട്ടെ എന്നായിരിക്കും. മുസ്‌ലിം സമുദായം നന്മയിലേക്ക് ക്ഷണിക്കുന്നവരായിരിക്കണം എന്നു വിവക്ഷ. അപ്പോൾ, ഈ ആയത്ത് പ്രകാരം മുസ്‌ലിം സമുദായത്തെ പല കക്ഷികളാക്കി വേർതിരിക്കാമെന്ന് അതിൽനിന്ന് ഗ്രഹിക്കാവതല്ല. (രണ്ട്) ഇതിലെ من എന്ന പദം تبعيض നുവേണ്ടിയാണ്. അപ്പോൾ അതിനർത്ഥം നിങ്ങളിൽനിന്ന് നന്മയിലേക്ക് ക്ഷണിക്കുന്ന ഒരു വിഭാഗമുണ്ടാകണം എന്നായിരിക്കും. ആരാണ് ആ വിഭാഗം? അത് അല്ലാഹു തന്നെ വ്യക്തമാക്കുന്നുണ്ട്.

وَمَا كَانَ الْمُؤْمِنُونَ لِيَنفِرُوا كَافَّةً فَلَوْلَا نَفَرَ مِنْ كُلِّ فِرْقَةٍ مِنْهُمْ طَائِفَةٌ لِيَتَفَقَّهُوا فِي الدِّينِ وَلِيُنذِرُوا قَوْمَهُمْ إِذَا رَجَعُوا إِلَيْهِمْ لَعَلَّهُمْ يَحْذَرُونَ (التوبة ١٢٢)

സത്യവിശ്വാസികൾ ആകമാനം (യുദ്ധത്തിന്) പുറപ്പെടാവതല്ല. എന്നാൽ അവരിലെ ഓരോ വിഭാഗത്തിൽനിന്നും ഓരോ സംഘം എന്തുകൊണ്ട് പുറപ്പെട്ട് പോകുന്നില്ല? എങ്കിൽ (ബാക്കിയുള്ള വിഭാഗത്തിന് നബിയോടൊപ്പം നിന്ന്) മതകാര്യങ്ങളിൽ ജ്ഞാനം നേടുവാനും, തങ്ങളുടെ ആളുകൾ (യുദ്ധരംഗത്തുനിന്ന്) അവരുടെ അടുത്തേക്ക് തിരിച്ചുവന്നാൽ അവർക്ക് താക്കീത് നൽകുവാനും കഴിയുമല്ലോ. അവർ സൂക്ഷ്മത പാലിച്ചേക്കാം. (വി.ഖു. 9:122)

യുദ്ധങ്ങളിലോ ജീവിത വ്യവഹാരങ്ങളിലോ മറ്റോ മുസ്‌ലിംകൾ മുഴുകേണ്ടി വന്നാലും ഒരു വിഭാഗം മതവിജ്ഞാനം നേടാനും അത് മറ്റുള്ളവർക്ക് പഠിപ്പിക്കാനും ഒഴിഞ്ഞിരിക്കേണ്ടതുണ്ട് എന്ന് ഈ ഖുർആനിക വചനം വ്യക്തമാക്കുന്നു.

അപ്പോൾ, ഇവിടെ ഒരു വിഭാഗം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പണ്ഡിതന്മാരെയാണ് ( أهل العلم). ജനം ജീവിത വ്യവഹാരങ്ങളിൽ മുഴുകിയാലും യുദ്ധത്തിൽ വ്യാപൃതരായാലും പണ്ഡിത ധർമ്മം നിർവ്വഹിക്കുന്ന ഒരു സമൂഹമായി അവർ നിലകൊള്ളുന്നു. അറിവ് പഠിക്കുക, പഠിപ്പിക്കുക എന്ന മഹത്തായ ധർമ്മം അവരാൽ നിർവ്വഹിക്കപ്പെടുന്നു. സംഘടനകളിൽനിന്ന് ഈ കാര്യം ഇന്ന് ചോർന്നുപോവുകയാണ് ചെയ്യുന്നത്.

ഇങ്ങനെ രണ്ടു വ്യാഖ്യാനങ്ങളാണ് ഈ ആയത്തിനുള്ളത്. അല്ലാതെ, അംഗത്വമെടുക്കാൻ തയ്യാറുള്ള ബഹുജനങ്ങളെ കൂട്ടി ഒരു മാതൃസംഘടനയും യുവാക്കൾക്കും വിദ്യാർത്ഥികൾക്കും വനിതകൾക്കും വേറെ വേറെ സംഘടനകളും ഉണ്ടാക്കാൻ ഈ ആയത്ത് തെളിവാകുകയില്ല. നേതാവ്, അനുയായി എന്ന വ്യത്യാസമില്ലാതെ, അംഗത്വവും പ്രതിജ്ഞയുമില്ലാതെ, ചേർത്തു പറയാൻ പ്രത്യേക സംഘടനാ നാമങ്ങളില്ലാതെ, സംഘടനക്കു വേണ്ടിയുള്ള പക്ഷപാതവും കക്ഷിത്വവുമില്ലാതെ, ഇസ്‌ലാമിക സാഹോദര്യവും വലാഉം സംഘടനക്കകത്ത് ഒതുക്കി നിർത്താതെ, ശറഇയായ അറിവ് നേടുകയും അത് പ്രബോധനം നടത്തുകയും ചെയ്യുന്ന ഒരു പണ്ഡിത സമൂഹം എന്നും മുസ്‌ലിം ഉമ്മത്തിലുണ്ടാകണമെന്നേ അതിനർത്ഥമുള്ളു. ഇന്നത്തെ സംഘടനകൾ ഇതല്ല; മറ്റെന്തൊക്കെയോ ആണുതാനും.

**6. സംഘടനയില്ലാതെ ഇസ്‌ലാമില്ല**

٢٥٣ إِنَّهُ لَا إِسْلَامَ إِلَّا بِجَمَاعَةٍ وَلَا جَمَاعَةَ إِلَّا بِإِمَارَةٍ وَلَا إِمَارَةَ إِلَّا بِطَاعَةٍ فَمَنْ سَوَّدَهُ قَوْمُهُ عَلَى الْفِقْهِ كَانَ حَيَاةً لَهُ وَلَهُمْ وَمَنْ سَوَّدَهُ قَوْمُهُ عَلَى غَيْرِ فِقْهٍ كَانَ هَلَاكًا لَهُ وَلَهُمْ (سنن الدارمي)

നിശ്ചയം, ജമാഅത്തില്ലാതെ ഇസ്‌ലാമില്ല, നേതൃത്വമില്ലാതെ ജമാഅത്തുമില്ല. അനുസരണമില്ലാതെ നേതൃത്വവുമില്ല. ആരെയെങ്കിലും തന്റെ ജനത അറിവിന്റെ അടിസ്ഥാനത്തിൽ നേതാവാക്കിയാൽ അത് അയാൾക്കും അവർക്കും ജീവിതമായിരിക്കും. അറിവിന്റെ അടിസ്ഥാനത്തിലല്ലാതെ ആരെയെങ്കിലും തന്റെ ജനത നേതാവാക്കിയാൽ അത് അയാൾക്കും അവർക്കുമുള്ള നാശമായിക്കും. (ദാരിമി) ഇത് ഉമർ(റ)ന്റെ വാക്കുകളാണ്; നബിവചനമല്ല. ഇവിടെ പറഞ്ഞ ജമാഅത്തും ഇമാറത്തും സംഘടനയും സംഘടനാ നേതൃത്വവുമല്ല. അധികാരമുള്ള, ബൈഅത്ത് ചെയ്യപ്പെട്ട ഭരണകർത്താവും, അയാൾക്കു ബൈഅത്ത് ചെയ്ത മുസ്‌ലിം ജമാഅത്തുമാണ്. സംഘടന മുസ്‌ലിം ജമാഅത്ത് (جماعة المسلمين) അല്ല; മുസ്‌ലിംകളിൽപെട്ട ഒരു കക്ഷി (جماعة من المسلمين) മാത്രമാണ്. സംഘടനാ നേതാക്കൾ മൊത്തം ഉമ്മത്തിനെ പ്രതിനിധീകരിക്കുന്നില്ല. അവർക്ക് ഭരണാധികാരമില്ല. അവർക്ക് ബൈഅത്ത് കൊടുക്കാനും പാടില്ല. ഇവിടെ സംഘടനാ നേതൃത്വം പാണ്ഡിത്യത്തിന്റെ അടിസ്ഥാനത്തിലല്ല നൽകപ്പെടുന്നത്. രാഷ്ട്രീയത്തിലെന്ന പോലെ സൂത്രവേലയുടെയും കൗശലത്തിന്റെയും അടിസ്ഥാനത്തിലാണ്. ഉമർ(റ) പറഞ്ഞതിന്റെ പൊരുൾ ഇമാമും ജമാഅത്തും ഇല്ലാതായാൽ മുസ്‌ലിംകൾക്ക് പ്രതാപവും ശക്തിയും നഷ്ടപ്പെടുമെന്നാണ്. അല്ലാതെ ഭരണമില്ലാതായാൽ ഇസ്‌ലാം പുർണ്ണമായി നശിക്കും എന്ന് അതിന് വിവക്ഷയില്ല. ഖിലാഫത്തിന്റെ സ്ഥാനം സംഘടനകൾക്ക് പരിഹരിക്കാനാവുമെന്നും അതിനർത്ഥമില്ല.

## 7. സംഘടന الفرقة الناجية (രക്ഷപ്പെട്ട കക്ഷി)യാണ്

മുസ്‌ലിം സമുദായം എഴുപതിൽപരം കക്ഷികളായി പിരിയും. ഒന്നൊഴികെ എല്ലാ കക്ഷികളും നരകത്തിലായിരിക്കും. ഇങ്ങനെ നബിവചനങ്ങളിൽ വന്നിട്ടുണ്ടല്ലോ. നമ്മുടെ സംഘടന ആ രക്ഷപ്പെട്ട കക്ഷിയാണ്. അല്ലാതെ ഇസ്‌ലാം വിലക്കിയ വെറുക്കപ്പെട്ട കക്ഷിയല്ല.

ഇമാമും ജമാഅത്തും ഇല്ലാതായാൽ മുസ്‌ലിം സമുദായത്തിൽ ധ്രുവീകരണവും ചേരിതിരിവുമുണ്ടാകും. ചേരിതിരിഞ്ഞ് ഓരോ വിഭാഗവും പോയിക്കഴിഞ്ഞാൽ ചേരിതിരിവും കക്ഷിത്വവും ഉണ്ടാക്കാതെ, ഇസ്‌ലാമിന്റെ ശരിയായ നിലപാടിൽ ഉറച്ചുനിൽക്കുന്ന വളരെ ചെറിയ ഒരു ന്യൂനപക്ഷം ബാക്കിയുണ്ടാകും. അവർ നബി(സ)യും സ്വഹാബത്തും നിലകൊണ്ട അതേ മാർഗ്ഗത്തിൽ അടിയുറച്ച് നിലകൊള്ളും. തിരുമേനിയുടെയും സ്വഹാബത്തിന്റെയും നിലപാടിൽ സംഘടനയില്ല. മുസ്‌ലിംകളിൽ ചിലർക്ക് അംഗത്വം നൽകി, അവരെകൊണ്ട് പ്രതിജ്ഞ ചെയ്യിച്ച്, സമുദായത്തിൽ ധ്രുവീകരണവും ചേരിതിരിവുമുണ്ടാക്കി, ഒരു പ്രത്യേക സംഘടനയിലേക്ക് ചേർത്തുപറഞ്ഞ്, അപ്പേരിൽ അവർ അറിയപ്പെട്ട്, അതിനുവേണ്ടി കക്ഷിത്വവും പക്ഷപാതവും കാണിച്ച്, ഇസ്‌ലാമിക സാഹോദര്യത്തിനുപകരം സംഘടനാ സാഹോദര്യം നിലനിർത്തിപ്പോരുന്ന ദുഷിച്ച തിന്മയുടെ സംവിധാനമായ സംഘടന അവരുടെ നിലപാടിൽ ഇല്ലേ ഇല്ല. ഇസ്‌ലാമിക സമൂഹത്തെ പല തുണ്ടുകളാക്കി അവക്ക് ചുറ്റും വേലികെട്ടി തിരിച്ചു നിർത്തുന്ന സംഘടനാ രീതി രക്ഷപ്പെട്ട വിഭാഗത്തിന്റെ നടപടിക്ക് പുറത്താണ്. ഇസ്‌ലാമിക സമൂഹത്തെ മൊത്തമായി കാണുകയും അവരോട് വലാഉം സാഹോദര്യവും വെച്ചുപുലർത്തുകയും, സത്യസന്ധമായ ദീനീ നിലപാട് (സലഫി മൻഹജ്) സ്വീകരിക്കുന്നവർക്കിടയിൽ പൂർണ്ണമായ ഐക്യം നിലനിർത്തി അവരോടൊപ്പംനിന്ന് സഹകരിച്ച് ഒരുമിച്ച് പ്രവർത്തിക്കുകയും, സത്യത്തിൽനിന്ന് വ്യതിചലിച്ചു പോകുന്നവരെ ഗുണകാംക്ഷയോടെ തിരുത്താൻ ശ്രമിക്കുകയും സത്യത്തിലേക്ക് മടങ്ങാൻ തയ്യാറില്ലാത്തവരോട് വിഷയത്തിന്റെ ഗൗരവമനുസരിച്ച് വെറുപ്പും പ്രതിഷേധവും പ്രകടിപ്പിക്കുകയും ചെയ്തുകൊണ്ട് ശരിയായ ദഅ്‌വത്ത് നിലനിർത്തുകയും ചെയ്യുന്നവരാണ് രക്ഷപ്പെട്ട വിഭാഗം.

വിജയിച്ച വിഭാഗം എന്നത് ഒരു നിലപാടാണ്. ഖുർആനും സുന്നത്തും സലഫുകൾ സ്വീകരിച്ചതുപോലെ സ്വീകരിക്കുക എന്ന നിലാപാട്. ആ നിലപാടിൽ ഒരാൾ മാത്രമാണുള്ളതെങ്കിലും അയാൾ വിജയിച്ച കക്ഷിയാണ്. അങ്ങനെയാണ് ഇബ്നു മസ്ഊദ്(റ) വിശദീകരിച്ചത്. ആ നിലപാടില്ലാത്തവർ എത്ര പേരായാലും എങ്ങനെ സംഘടിച്ചാലും വിജയിച്ച വിഭാഗമാവുകയുമില്ല.

അവരെ കുറിച്ച് ഹദീസുകളിലുള്ളത് الجماعة ،ملة واحدة ،طائفة ،إلا واحدة(ഒന്നൊഴികെ, ഒരു വിഭാഗം, ഒരു പ്രസ്ഥാനം, അൽജമാഅത്ത്) എന്നിങ്ങനെയാണ്. അത് ഏതാണെന്ന് സ്വഹാബികൾ ചോദിച്ചപ്പോൾ നബി(സ) പറഞ്ഞത് ഇപ്രകാരമാണ്:

قَالُوا وَمَنْ هِيَ يَا رَسُولَ اللَّهِ قَالَ مَا أَنَا عَلَيْهِ وَأَصْحَابِي (الترمذي)

അവർ ചോദിച്ചു: പ്രവാചകരേ, ആരാണത്? അവിടുന്ന് പറഞ്ഞു: ഞാനും എന്റെ സ്വഹാബികളും ഏതൊന്നിലാണോ അതാണത്. (തിർമുദി) ഒരു നിലപാടല്ലാതെ ഒരു സംഘടനയല്ല വിജയിച്ച വിഭാഗം. അവരെ ഒരു സംഘടനക്കും ഉൾക്കൊള്ളാൻ കഴിയില്ല. അവർ ഒരു സംഘടനയും ഉൾക്കൊള്ളുകയുമില്ല. സംഘടനകൾക്ക് അതീതമായി അവർ സത്യത്തെ കാണുകയും അംഗീകരിക്കുകയും ചെയ്യും. സംഘടനകളുടെ കുടക്കീഴിൽ ഒതുങ്ങിനിൽക്കാതെ അവർ നന്മ കൽപിക്കുകയും, തിന്മകൾ ചൂണ്ടിക്കാണിക്കുകയും ഉപദേശിക്കുകയും തിരുത്തുകയും ചെയ്യും. അവർ വളരെ തുഛമായിരിക്കും. ഒരു നാട്ടിൽ ഒരാൾ മാത്രമായി ചുരുങ്ങുന്ന അവസ്ഥ അവർക്ക് വരും. ഗോത്രങ്ങളിൽനിന്ന് നിഷ്കാസിതരായവരെപ്പോലെ അവർ ഒറ്റപ്പെടും. അവർക്ക് സംഘടനകളുടെ പിന്തുണയുണ്ടാവില്ല. സ്ഥാനമാനങ്ങളും പദവികളുമുണ്ടാവില്ല. ആധുനികതയുടെ സുഖസൗകര്യങ്ങളുണ്ടാവില്ല. ജനം അവരെ വരവേൽക്കാൻ കാത്തുനിൽക്കില്ല. ആയിരങ്ങൾ അവരുടെ വാക്കുകൾക്ക് വേണ്ടി കാതോർക്കില്ല. ഒരു പള്ളിമൂലയിൽ നാലുപേർ കൂടിയിരുന്നിട്ടെന്തു ഫലം? പതിനായിരങ്ങളെ സംഘടിപ്പിക്കാൻ കഴിയണ്ടേ? ജനങ്ങൾക്കിടയിൽ അംഗീകാരം വേണ്ടേ? അതൊന്നുമില്ലാതെ അവർക്ക് എന്ത് ചെയ്യാൻ സാധിക്കും? ഇങ്ങനെ ചോദിക്കുന്നതിലർത്ഥമില്ല. പരലോകം കാംക്ഷിക്കുന്നവർ ഇങ്ങനെ ചോദിക്കുകയുമില്ല. ദുനിയാവിന്റെ ആളുകൾക്ക് എന്തും ചോദിക്കാം. അത് വേറെക്കാര്യം. ബക്ർ അബൂ സെയ്ദിന്റെ വാക്കുകൾ ശ്രദ്ധിക്കുക:

ولا تلتفت بعد إلى إثارة الرهج، وتصعيد النظر بأسئلة الانهزام أمام دعوات التغريب، أين التنظيم؟ أين القوالب؟ أين الخطوط العامة؟ أين الترتيبات الإدارية؟.. وهكذا من النداءات التي نهايتها دعوة إلى تغيير حقيقة الدعوة على منهاج النبوة. (حكم الانتماء)

ഇനി താങ്കൾ പുകമറ സൃഷ്ടിക്കുന്നതിലേക്ക് തിരിഞ്ഞുനോക്കേണ്ടതില്ല. പാശ്ചാത്യവൽക്കരണത്തിനു വേണ്ടിയുള്ള പ്രബോധനങ്ങൾക്ക് മുമ്പിൽ പരാജയത്തിന്റെ ചോദ്യങ്ങളുമായി കണ്ണ് ഉയർത്തേണ്ടതുമില്ല: എവിടെയാണ് ഓർഗനൈസേഷൻ? എവിടെയാണ് ചട്ടക്കൂടുകൾ? എവിടെയാണ് പൊതുവായ മാർഗ്ഗരേഖകൾ? എവിടെയാണ് ഭരണപരമായ ക്രമീകരണങ്ങൾ?.. ഇതുപോലുള്ള വിളികൾ, അവയുടെയെല്ലാം അന്ത്യം പ്രവാചക മാർഗ്ഗമനുസരിച്ചുള്ള പ്രബോധനത്തിന്റെ യാഥാർത്ഥ്യം മാറ്റിമറിക്കുന്നതിലാണ്. (ബക്ർ അബൂ സെയ്ദിന്റെ ഹുക്മുൽ ഇൻതിമാഅ്)

ഈ മാർഗ്ഗത്തിൽ പ്രവേശിക്കാൻ അധികമാരും ധൈര്യപ്പെടില്ല. അല്ലാഹുവിന്റെ അപാരമായ അനുഗ്രഹം ലഭിച്ചവർക്കേ അതിന് സന്മനസ്സു വരികയുള്ളു. അറിയാം, സംഘടന തിന്മയാണ്. പക്ഷെ, ഇവിടെ എല്ലാവരും അങ്ങനെയാണ്. സംഘടന വേണ്ടെന്ന് പറഞ്ഞാൻ പിന്നെ നമുക്കാരാണ് ഉണ്ടാവുക? നമുക്കും ഇവിടെ ജീവിക്കേണ്ടതില്ലേ? ഇങ്ങനെ പലരും ചോദിക്കും. അമ്പത് സ്വഹാബിമാരുടെ പ്രതിഫലമാണ് തിരുമേനി വാഗ്ദാനം ചെയ്തത്. അത് ലഭിക്കാൻ ചെറിയ ത്യാഗം പോരാ. സത്യം അതിന്റെ അകക്കാമ്പിൽ ഉൾക്കൊള്ളണം. അതിന് താങ്കൾ തയ്യാറാണോ? എങ്കിൽ മാനസികമായി സജ്ജമാവുക. അല്ലാഹുവേ, നിന്റെ അനുഗ്രഹം.. ബക്ർ അബൂ സെയ്ദിനെ തന്നെ വീണ്ടും ഉദ്ധരിക്കട്ടെ:

فإذا أردا أن يسلك هذا الصراط؛ فليوطن نفسه على قدح الجهال وأهل البدع فيه، وطعنهم عليه، وإزرائهم به، وتنفير الناس عنه، وتحذيرهم منه، كما كان سلفهم من الكفار يفعلون مع متبوعه وإمامه صلى الله عليه وسلم، فأما إن دعاهم إلى ذلك، وقدح لهم فيما هم عليه؛ فهنالك تقوم قيامتهم، ويبغون له الغوائل، وينصبون له الحبائل، ويجلبون عليه بخيل كبيرهم ورجله.

فهو غريب في دينه لفساد دينهم، غريب في تمسكه بالسنة لتمسكهم بالبدع، غريب في اعتقاده لفساد عقائدهم، غريب في صلاته لسوء صلاتهم، غريب في طريقه لضلال وفساد طرقهم، غريب في نسبته لمخالفة نسبهم، غريب في معاشرته لهم لأنه يعاشرهم على ما لا تهوى أنفسهم.

وبالجملة فهو غريب في أمور دنياه وآخرته، لا يجد من العامة مساعدا ولا معينا، فهو عالم بين جهال، صاحب سنة بين أهل بدع، داع إلى الله ورسوله بين دعاة إلى الأهواء و البدع، آمر بالمعروف ناه عن المنكر بين قوم المعروف لديهم منكر، والمنكر لديهم معروف (حكم الانتماء)

ഒരാൾ ഈ മാർഗ്ഗത്തിൽ (غربة) പ്രവേശിക്കാൻ ഉദ്ദേശിച്ചാൽ താൻ തന്റെ മനസ്സ് ഉറപ്പിച്ചു നിർത്തട്ടെ. വിവരദോഷികളും ബിദ്അത്തിന്റെ ആളുകളും അവനെ കുറിച്ച് കുറ്റം പറയും, ആക്ഷേപിക്കും. അവർ അവനെ നിന്ദിക്കും. ജനങ്ങളെ അവനിൽനിന്ന് അകറ്റുകയും വിലക്കുകയും ചെയ്യും. അവൻ പിൻപറ്റുന്ന ഇമാമായ പ്രവചാകൻ(സ)യുടെ കാര്യത്തിൽ അവരുടെ മുൻഗാമികൾ ചെയ്യാറുണ്ടായിരുന്നതു പോലെ തന്നെ ചെയ്യും. എന്നാൽ അവരെ അതിലേക്ക് അവൻ ക്ഷണിച്ചാൽ, അവർ നിലകൊള്ളുന്ന കാര്യങ്ങളെ ആക്ഷേപിച്ചാൽ അപ്പോൾ അവരുടെ ശരിയായ സ്വഭാവം പ്രത്യക്ഷപ്പെടും. അവർ അവന് ആപത്തുകൾ വരുത്താൻ നോക്കും. വലകൾ വീശും. അവരുടെ നേതാവിന്റെ (ഇബ്‌ലീസ്) കുതിരപ്പടയെയും കാലാൾപ്പടയെയും വലിച്ചുകൊണ്ടുവരും.

അവരുടെ മതം ദുഷിച്ചതിനാൽ തന്റെ മതകാര്യത്തിൽ അവൻ അപരിചിതനായിരിക്കും. അവർ ബിദ്അത്ത് മുറുകെപിടിക്കുന്നതിനാൽ സുന്നത്ത് മുറുകെ പിടിക്കുന്ന അവൻ അപരിചിതനായിരിക്കും. അവരുടെ വിശ്വാസം ദുഷിച്ചതിനാൽ അവൻ തന്റെ വിശ്വാസകാര്യത്തിൽ അപരിചിതനായിരിക്കും. അവരുടെ നമസ്കാരം കേടുവന്നതിനാൽ തന്റെ നമസ്കാരത്തിലും അവൻ അപരിചിതനായിരിക്കും. അവരുടെ വഴികൾ കേടുവന്നതിനാലും പിഴച്ചതിനാലും തന്റെ വഴിയിൽ അവൻ അപരിചിതനായിരിക്കും. ചേർത്തു പറയുന്നതിൽ അവർ ദീനിന് എതിര് ചെയ്യുന്നതിനാൽ താൻ ചേർത്തുപറയുന്നതിലും അപരിചിതനായിരിക്കും. അവരുടെ മനസ്സ് ഇഛിക്കുന്ന പ്രകാരമല്ലാതെ അവരുമായി സഹവസിക്കുന്നതിനാൽ തന്റെ സഹവാസത്തിലും അവൻ അപരിചിതനായിരിക്കും.

ചുരുക്കത്തിൽ, അവൻ തന്റെ ഐഹികവും പാരത്രികവുമായ കാര്യങ്ങളിൽ അപരിചിതനായിരിക്കും. പൊതുജനങ്ങളിൽനിന്ന് ഒരു സഹായിയെയോ കൂട്ടാളിയെയോ തനിക്ക് കണ്ടെത്താനാവില്ല. വിവരദോഷികൾക്കിടയിൽ ഒരു പണ്ഡിതനായിരിക്കും അവൻ. ബിദ്അത്തുകാർക്കിടയിൽ സുന്നത്തിന്റെ ആളായിരിക്കും അവൻ. ദേഹച്ഛകളിലേക്കും ബിദ്അത്തുകളിലേക്കും ക്ഷണിക്കുന്നവർക്കിടയിൽ അല്ലാഹുവിലേക്കും അവന്റെ റസൂലിലേക്കും ക്ഷണിക്കുന്നവനായിരിക്കും അവൻ. നല്ലത് ചീത്തയും, ചീത്ത നന്മയുമായി കാണുന്ന ഒരു സമൂഹത്തോട് നന്മ കൽപിക്കുകയും തിന്മ വിലക്കുകയും ചെയ്യുന്നവനായിരിക്കും അവൻ. (ബക്ർ അബൂ സെയ്ദിന്റെ ഹുക്മുൽ ഇൻതിമാഅ്)

**സംഘടനയില്ലാതെ എങ്ങനെ ദഅ്വത്ത് നടത്തും?**

സംഘടന രൂപീകരിക്കാൻ ഇസ്‌ലാം കൽപിക്കുന്നില്ല. ശരി. പിന്നെ, നാം എങ്ങനെ ദഅ്വത്ത് നടത്തും? നാം എങ്ങനെ പ്രവർത്തിക്കും? അറിവ് നേടുക. അത് വെളിച്ചമാണ്. തെളിവ് കണ്ടെത്തുക. അത് ശക്തിയാണ്. അതുമായി മാത്രമേ നമുക്ക് മുന്നോട്ട് പോകാൻ സാധിക്കുകയുള്ളു. നേടിയ അറിവ് പ്രാവർത്തികമാക്കുക. അത് മറ്റുള്ളവർക്ക് എത്തിച്ചു കൊടുക്കുക. ആ മാർഗ്ഗത്തിൽ പ്രയാസങ്ങൾ സഹിക്കുക. ത്യാഗത്തിന് മുതിരുക. സംഘടനയുടെ സ്ഥാനം അറിവിന് നൽകുക. സംഘടനാ പ്രവർത്തനത്തിന് വേണ്ടി ഒരു മുസ്‌ലിം ചെലവഴിക്കുന്ന സമയം അറിവ് നേടാൻ വേണ്ടി ചെലവഴിച്ചിരുന്നുവെങ്കിൽ ഇവിടെ ഭാവനാധീതമായ മാറ്റങ്ങളുണ്ടാകുമായിരുന്നു. അതാണ് നന്മ. ആ നന്മയിൽ പസ്പരം സഹകരിക്കുക. അതിനാണ് മുസ്‌ലിംകൾ കൽപിക്കപ്പെട്ടിട്ടുള്ളത്. അങ്ങനെയാണ് തിരുമേനിയുടെ കാലംതൊട്ട് വളരെ പിൽക്കാലം വരെ മുസ്‌ലിംകൾ മുന്നേറിയത്. രക്ഷയുടെ മാർഗ്ഗം അല്ലാഹു പറയുന്നു:

وَتَعَاوَنُوا عَلَى الْبِرِّ وَالتَّقْوَى وَلَا تَعَاوَنُوا عَلَى الْإِثْمِ وَالْعُدْوَانِ وَاتَّقُوا اللَّهَ إِنَّ اللَّهَ شَدِيدُ الْعِقَابِ (المائدة ٢)

നിങ്ങൾ പുണ്യത്തിലും ഭക്തിയിലും അന്യോന്യം സഹകരിക്കുക; നിങ്ങൾ പാപത്തിലും ശത്രുതയിലും സഹകരിക്കാതിരിക്കുക. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണ്. (വി.ഖു. 5:2)

സംഘടനയിലൂടെ വളർന്നുവന്ന ഒരാൾക്ക് സംഘടനയില്ലാതെ എങ്ങനെ ഇസ്‌ലാമിക പ്രബോധനം നിർവ്വഹിക്കുമെന്ന് പെട്ടന്ന് മനസ്സിലാക്കാൻ കഴിയില്ല. എന്നാൽ മുസ്‌ലിംകളുടെ ചരിത്രവും വർത്തമാനവും വിശകലനം ചെയ്താൽ കാര്യങ്ങൾ വേഗത്തിൽ ഗ്രഹിക്കാനാകും. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലാണ് സംഘടനകൾ ഉണ്ടായത്. അതിനുമുമ്പ് ലോകത്തുടനീളം വ്യാപിച്ചു കിടക്കുന്ന മുസ്‌ലിംകൾ, മുസ്‌ലിം നാടുകളിലാവട്ടെ, ന്യൂനപക്ഷ പ്രദേശങ്ങളിലാവട്ടെ, സംഘടനയില്ലാതെയാണ് ദീൻ നിലനിർത്തിപ്പോന്നത്. ദീനീ പ്രബോധനം നടത്തിയത്. ഇസ്‌ലാമിന് സംഘടനാ രഹിതമായ ചരിത്രമേയുള്ളു. ഇരുപതാം നൂറ്റാണ്ടിനുശേഷം മാത്രമാണ് സംഘടന ഇസ്‌ലാമുമായും ദഅ്‌വത്തുമായും ബന്ധപ്പെടുന്നുള്ളു. നാം പിന്നിട്ടുപോന്ന ചരിത്രം ഒരു ഗുണപാഠത്തിനു വേണ്ടിയെങ്കിലും ഓർക്കുന്നത് നന്നായിരിക്കും.

കേരളത്തിൽ തൊള്ളായിരത്തി ഇരുപതുകളിലാണ് സംഘടനകളുടെ തുടക്കം. അതിനുമുമ്പ് ഇവിടെ എങ്ങനെയാണ് മുസ്‌ലിംകൾ ദീൻ പഠിച്ചത്, പഠിപ്പിച്ചത്, പ്രബോധനം ചെയ്തത്? സംഘടനയില്ലാതെയായിരുന്നു ഇവിടെ ദീൻ നിലനിർത്തിപ്പോന്നത്. അതേപോലെ, ഉത്തരേന്ത്യയിലെ സ്ഥിതിയെടുത്ത് നോക്കുക. ദയൂബന്ദ്, ലഖ്നൗ, ഹൈദ്രബാദ് തുടങ്ങിയ പ്രദേശങ്ങളിൽ വളരെ അനുഗൃഹീതമായ ഇസ്‌ലാമിക മുന്നേറ്റങ്ങളുണ്ടായിട്ടുണ്ട്. മഹാരഥന്മാരായ നിരവധി ഹദീസ് പണ്ഡിതന്മാരുണ്ടായിട്ടുണ്ട്. അത് സംഘടനാടിസ്ഥാനത്തിലായിരുന്നില്ല. നാം സൂചിപ്പിച്ചതുപോലെ വിജ്ഞാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. അത് നീണ്ടുനിൽക്കുന്നതും ആഴത്തിൽ സ്വാധീനിക്കുന്നതുമായ മുന്നേറ്റങ്ങളായിരുന്നു. എന്നാൽ സംഘടനാടിസ്ഥാനത്തിൽ കേരളത്തിലുണ്ടായ മാറ്റങ്ങൾക്ക് ആഴമോ വേണ്ടത്ര പൂർണ്ണതയോ ഉണ്ടായില്ല. കാരണം, രാഷ്ട്രീയ സംഘടനകളെ പോലെ ജനങ്ങളെ വലിച്ചുകൂട്ടുകയല്ലാതെ വിജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ തർബിയത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനമല്ല ഇവിടെ നടന്നതും നടന്നുകൊണ്ടിരിക്കുന്നതും.

ഇന്ന് കേരളത്തിലെ മുസ്‌ലിംകൾക്ക് അറിയാവുന്ന പ്രവർത്തന മാതൃക രാഷ്ട്രീയ സംഘടനകളുടേതാണ്. സിക്രട്ടറിയും പ്രസിഡണ്ടും, നേതാവും അനുയായികളും, അംഗത്വവും പ്രതിജ്ഞയും, ഓഫീസും സൗകര്യങ്ങളും, യൂനിറ്റ് മുതൽ സംസ്ഥാനം വരെയുള്ള ഘടകങ്ങളുമൊക്കെയുള്ള രാഷ്ട്രീയ മാതൃക. അത് മാത്രമേ നമ്മുടെ മുന്നിലുള്ളു. ഭരണകൂടം ദഅ്‌വത്തിന് സൗകര്യം ചെയ്തുകൊടുക്കുന്ന സൗദി അറേബ്യയിലെ ദഅ്‌വത്ത് പ്രവർത്തനങ്ങൾ നമ്മുടെ മുന്നിൽ തെളിയേണ്ട ഒരു മാതൃകയാണ്. ഭരണകൂടം ഒന്നും ചെയ്തുകൊടുക്കാത്ത യമനിലെയും സിറിയയിലെയും ദഅ്‌വത്ത് പ്രവർത്തനം മറ്റൊരു മാതൃകയാണ്. അതൊക്കെ മുസ്‌ലിം നാടുകളാണെങ്കിൽ ഇന്ത്യയെക്കാളും പ്രതിലോമകരമായ സാഹചര്യങ്ങളുള്ള യൂറോപ്പിലെയും അമേരിക്കയിലെയും ദഅ്‌വത്ത് പ്രവർത്തനങ്ങൾ മറ്റൊരു മാതൃകയാണ്. അവിടങ്ങളിലെല്ലാം സംഘടനയില്ലാതെയും മുസ്‌ലിംകൾ ശാന്തമായി ദഅ്‌വത്ത് നടത്തുന്നുണ്ട്. ആഴത്തിൽ സ്വാധീനിക്കുന്നതും ഏറെക്കാലം നീണ്ടുനിൽക്കുന്നതുമായ മാറ്റങ്ങൾ ജനങ്ങളിൽ അതുമുഖേന ഉണ്ടായിക്കൊണ്ടിരിക്കുന്നുമുണ്ട്. അതിന് മറ്റേതിനെക്കാളും പരിശുദ്ധിയുമുണ്ട്. പക്ഷെ, പ്രകടനപരതയുള്ള കർമ്മപരിപാടികളോ രാഷ്ട്രീയ ശൈലിയിലുള്ള ബഹളങ്ങളോ ഉണ്ടായിരിക്കില്ലെന്നു മാത്രം.

ദഅ്‌വത്ത് രംഗത്ത് ലോകാടിസ്ഥാനത്തിൽ നിസ്തുലമായ സേവനങ്ങളനുഷ്ഠിച്ച മഹാരഥന്മാരായ പണ്ഡിതന്മാർ ആരും സംഘടനയിലൂടെയല്ല ദഅ്‌വത്ത് നിർവ്വഹിച്ചത്. ശൈഖ് ഇബ്നുബാസ്, ശൈഖ് അൽബാനി, ശൈഖ് മുഖ്ബിൽ, ശൈഖ് റബീഅ് പോലുള്ളവരാരും സംഘടനയിലൂടെയല്ല ദഅ്‌വത്ത് നടത്തിയത്. അവർ സംഘടനയെ എതിർക്കുന്നവരായിരുന്നു. മതപരമായ അറിവുണ്ടായിരിക്കുക. അതാണ് പ്രധാനം. അറിവുണ്ടെങ്കിൽ അത് ഏറെനാൾ രഹസ്യമായിരിക്കുകയില്ല. അല്ലാഹു അത് പരസ്യമാക്കും. അറിവുള്ളവരെ തേടി വിദ്യാർത്ഥികൾ വന്നെത്തും. അവരിലൂടെ അത് ലോകത്ത് വ്യാപിക്കും. അറിവിന്റെ വെളിച്ചത്തിൽ, തെളിവിന്റെ ശക്തിയിൽ ഇസ്‌ലാമിന്റെ ശത്രുക്കൾ പിന്തിരിഞ്ഞോടും.

ഒരു വിശ്വാസി കൈകൊള്ളേണ്ട ശരിയായ നിലപാട് ഖുർആനും സുന്നത്തും ജീവിത പ്രമാണങ്ങളായി അംഗീകരിക്കുകയും സച്ചരിതരായ മുൻഗാമികളുടെ മാർഗ്ഗം പിന്തുടരുകയും ചെയ്യുക എന്നതാണ്. അത്തരക്കാർക്കിടയിൽ പൂർണ്ണമായ ഐക്യമുണ്ടാകേണ്ടതും അവർ പരസ്പരം സഹകരിച്ച്

പ്രവർത്തിക്കേണ്ടതുമാണ്. അവർ ഒറ്റപ്പെട്ടുപോവുകയോ ഓരോരുത്തരായി വേറിട്ടുനിൽക്കുകയോ ചെയ്യരുത്. എന്നാൽ, കൂട്ടായ പ്രവർത്തനമെന്ന പേരിൽ അവർ ഒരു സംഘടനയായി മാറുകയുമരുത്. അത് സമുദാത്തിൽ ധ്രുവീകരണവും ചേരിതിരിവും കക്ഷിത്വവും ഉണ്ടാക്കും. ഏതെങ്കിലും പദ്ധതികളോ പ്രവർത്തനങ്ങളോ നടത്തുന്നതിനുവേണ്ടി ഉണ്ടാക്കുന്ന ജംഇയ്യകളോ കമ്മിറ്റികളോ എതിർക്കപ്പെടേണ്ടതല്ല. അവ സമുദായത്തിൽ ധ്രുവീകരണവും ചേരിതിരിവും കക്ഷിത്വവും ഉണ്ടാക്കുകയും, അവയിലേക്ക് ചേർത്തുവിളിക്കപ്പെടുകയും അവയുടെ അടിസ്ഥാനത്തിൽ വലാഉം ബറാഉം നിശ്ചയിക്കുകയും ചെയ്യുന്ന സ്ഥിതിയുണ്ടാവരുത്. അല്ലെങ്കിൽ, മേൽ ദോഷങ്ങളുള്ള ഏതെങ്കിലും സംഘടനകളുടെ വാലായിട്ടോ ഘടകമായിട്ടോ അവ പ്രവർത്തിക്കുകയുമരുത്. അപ്പോൾ അവ, ഒരു പ്രത്യേക പദ്ധതിയോ പരിപാടിയോ നടത്താനുള്ള കമ്മിറ്റി എന്നതിൽനിന്ന് ഇസ്‌ലാം വിലക്കിയ സംഘടന എന്നതായിത്തീരും. അത് വർജ്ജിക്കാൻ ഒരു മുസ്‌ലിം ബാധ്യസ്ഥനുമായിരിക്കും.

സംഘടന വേണ്ടെന്നു വെച്ചാൽ നമ്മുടെ മതസ്ഥാപനങ്ങളും പ്രവർത്തനങ്ങളും സ്തംഭിച്ചുപോകില്ലേ എന്ന് ചിലർ ചോദിക്കാറുണ്ട്. ഇല്ല. ഒരിക്കലും അതുകൊണ്ട് സ്തംഭിക്കില്ല. ആ ഭയം അസ്ഥാനത്താണ്. ഓരോ മഹല്ലിലും ദീനീ പ്രവർത്തനങ്ങൾ നടത്തുന്നത് അതത് പ്രദേശത്തെ മുസ്‌ലിംകളാണ്. സംഘടനകൾ വേണ്ടെന്ന് വെക്കുന്നതോടെ ഓരോ മഹല്ലിലെയും മുസ്‌ലിംകൾ ദീനിൽനിന്ന് പുറത്ത് പോകില്ല. അവർ പരസ്പരം സഹകരിച്ച് നടത്തുന്ന കൂട്ടായ ദീനീ പ്രവർത്തനം ഇല്ലാതാവുകയുമില്ല. മറിച്ച്, ദീനീ പ്രവർത്തനത്തിൽ ഉണ്ടാകാൻ പാടില്ലാത്തതും, സംഘടനകൊണ്ട് ഉണ്ടായിത്തീരുന്നതുമായ കുറേ തിന്മകൾ ഇല്ലാതാവുക മാത്രമാണ് ചെയ്യുക. സംഘടനാ പ്രവർത്തനം കൊണ്ട് നമസ്കരിക്കാൻ കൂടി സമയമില്ലാത്ത അവസ്ഥ മാറിക്കിട്ടും. മഹല്ലുകളിൽ അഞ്ചുനേരം നമസ്കാരം നിർവ്വഹിക്കുന്നത്, ജുമുഅ നടത്തുന്നത്, മദ്റസയിൽ കുട്ടികളെ പഠിപ്പിക്കുന്നത്, മതപഠന ക്ലാസ്സുകളും പ്രഭാഷണങ്ങളും നടത്തുന്നത് സംഘടനയല്ല. ഓരോ പ്രദേശത്തെയും ജനങ്ങളാണ്. അവർ അത് തുടരും. അറിവിനോടും പണ്ഡിതന്മാരോടുമുള്ള ബന്ധം എത്രത്തോളം സുദൃഢമാകുന്നുവോ അത്രയും നാടുകളിൽ നന്മ വ്യാപിക്കും. ഓരോ മഹല്ലും അറിവുള്ള ആളുകളെ പള്ളികളിലും മതസ്ഥാപനങ്ങളിലും നിശ്ചയിക്കുകയും അവർ പഠിപ്പിക്കുന്ന വിജ്ഞാനം കരസ്ഥമാക്കി പ്രവർത്തിക്കുകയും ചെയ്യുകയേ വേണ്ടു. രാഷ്ട്രീയ കക്ഷികളെപ്പോലെ ആത്മസംസ്കൃതിയില്ലാതെ ആളെ വലിച്ചുകൂട്ടുകയും ശക്തി പ്രകടിപ്പിക്കുകയും ചെയ്യുക എന്നത് ദഅ്‌വത്തിന്റെ മാർഗ്ഗത്തിൽ നമുക്കാവശ്യമില്ല. സംഘടന ഇല്ലാതാകുന്നതോടെ മഹല്ലുകളിൽ അഞ്ചുനേരത്തെ നമസ്കാരങ്ങൾ മുടങ്ങില്ല, ജുമുഅഃ മുടങ്ങില്ല, ദീനീ പഠനം മുടങ്ങില്ല, ദഅ്‌വത്ത് മുടങ്ങില്ല; ഒന്നും മുടങ്ങില്ല, കൂടുതൽ ഊർജ്ജസ്വലതയോടെ, വിലങ്ങുകളും തടസ്സവാദങ്ങളുമില്ലാതെ നടക്കേണ്ടതെല്ലാം ഭംഗിയായി നടക്കുകയാണ് ചെയ്യുക. സംഘടനയുടെ ചട്ടക്കൂട്ടിൽനിൽക്കുമ്പോൾ നിയന്ത്രണങ്ങളും വിലക്കുകളും വിലങ്ങുകളും കൊണ്ട് വീർപ്പുമുട്ടും. നാം അറിഞ്ഞും അറിയാതെയും, നാം ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും നിരവധി തിന്മകൾ നമ്മുടെ തലയിൽ വന്നു പതിച്ചുകൊണ്ടിരിക്കും. സംഘടന വേണ്ടെന്ന് വെക്കുന്നതോടെ ഇന്ന് നടക്കുന്ന ഒരു നല്ല കാര്യവും മുടങ്ങില്ല. സംഘടനക്കുവേണ്ടി ചെയ്യുന്ന ദീൻ വിലക്കിയ തിന്മകൾ മാത്രമേ ഇല്ലാതാവുകയുള്ളു. സംഘടന കൊണ്ട് നമുക്ക് ലഭിക്കുന്നത് തിന്മകളാണ്. ആ തിന്മകൾ ചെറുതല്ല. അവയുടെ പ്രത്യാഘാതങ്ങൾ നിസ്സാരങ്ങളുമല്ല.

ചുരുക്കത്തിൽ, സംഘടന തിന്മയാണ്. അതിൽനിന്ന് അകന്നു നിൽക്കേണ്ടത് ഒരു മുസ്‌ലിമിന്റെ ബാധ്യതയുമാണ്. അതുകൊണ്ട് തന്നെ റബ്ബിന്റെ നീതി താൽപര്യപ്പെടുന്നതനുസരിച്ച് ഓരോരുത്തനെയും തന്റെ സംഘടനയിൽനിന്നും കക്ഷിയിൽനിന്നും മാറ്റിനിർത്തി തനിച്ചാണ് അവൻ വിചാരണ നടത്തുക. ഓരോരുത്തനും തനിച്ചാണ് അന്ത്യനാളിൽ വിചാരണ നേരിടേണ്ടി വരിക. അല്ലാഹു പറയുന്നു:

وَلَقَدْ جِئْتُمُونَا فُرَادَى كَمَا خَلَقْنَاكُمْ أَوَّلَ مَرَّةٍ وَتَرَكْتُم مَا خَوَّلْنَاكُمْ وَرَاءَ ظُهُورِكُمْ وَمَا نَرَى مَعَكُمْ شُفَعَاءَكُمُ الَّذِينَ زَعَمْتُمْ أَنَّهُمْ فِيكُمْ شُرَكَاءُ لَقَدْ تَقَطَّعَ بَيْنَكُمْ وَضَلَّ عَنكُمْ مَا كُنتُمْ تَزْعُمُونَ (الأنعام ٩٤

നിങ്ങളെ നാം ആദ്യഘട്ടത്തിൽ സൃഷ്ടിച്ചതു പോലെത്തന്നെ നിങ്ങളിതാ നമ്മുടെ അടുക്കൽ ഒറ്റപ്പെട്ടവരായി വന്നെത്തിയിരിക്കുന്നു. നിങ്ങൾക്ക് നാം അധീനപ്പെടുത്തി തന്നതെല്ലാം നിങ്ങളുടെ പിന്നിൽ നിങ്ങൾ വിട്ടേച്ചുപോന്നിരിക്കുന്നു. നിങ്ങളുടെ കാര്യത്തിൽ പങ്കുകാരാണെന്ന് നിങ്ങൾ ജൽപിച്ചിരുന്ന നിങ്ങളുടെ ആ ശുപാർശക്കാരെ നിങ്ങളോടൊപ്പം നാം കാണുന്നില്ല. നിങ്ങൾ തമ്മിലുള്ള ബന്ധം അറ്റു

പോവുകയും നിങ്ങൾ ജൽപിച്ചിരുന്നതെല്ലാം നിങ്ങളെ വിട്ടുപോവുകയും ചെയ്തിരിക്കുന്നു. (വി.ഖു. 6:94)

كُلُّ مَنْ فِي السَّمَاوَاتِ وَالْأَرْضِ إِلَّا آتِي الرَّحْمَانِ عَبْدًا(٩٣)لَقَدْ أَحْصَاهُمْ وَعَدَّهُمْ عَدًّا(٩٤)وَكُلُّهُمْ آتِيهِ يَوْمَ الْقِيَامَةِ فَرْدًا (٩٥) إِنَّ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ سَيَجْعَلُ لَهُمُ الرَّحْمَانُ وُدًّا (مريم ٩٦)

ആകാശഭൂമികളിലുള്ള ഏതൊരാളും അടിയാനായി പരമകാരുണികന്റെ അടുത്ത് വരുന്നതായിരിക്കും. തീർച്ചയായും അവരെ അവൻ തിട്ടപ്പെടുത്തുകയും എണ്ണിക്കണക്കാക്കുകയും ചെയ്തിരിക്കുന്നു. അവർ ഓരോരുത്തരും ഉയിർത്തെഴുന്നേൽപ്പുനാളിൽ ഏകാകിയായി അവന്റെ അടുക്കൽ വരുന്നതാണ്. വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്തവരാരോ അവർക്ക് പരമകാരുണികൻ സ്നേഹമുണ്ടാക്കികൊടുക്കുന്നതാണ്, തീർച്ച. (വി.ഖു. 19:93-96)

**അവസാന വാക്ക്**

മേൽ പറഞ്ഞ വസ്തുതകളും അവയുടെ തെളിവകളും ശരി തന്നെ. എന്നാലും, നമ്മുടെ നാടുകളിൽ മുക്കാൽ നൂറ്റാണ്ടുകാലമായി തുടർന്നുവരുന്നതും, മുവഹിദീങ്ങളും മുഖ്ലിസീങ്ങളുമായ പണ്ഡിതന്മാർ തൗഹീദിന്റെ സന്ദേശം ഇവിടെ പ്രചരിപ്പിക്കാനും ദീനിലേക്ക് ജനങ്ങളെ തിരിച്ചു വിളിക്കാനും വേണ്ടി അനിവാര്യ സാഹചര്യത്തിൽ ഉണ്ടാക്കിയതുമായ ഒരു സംവിധാനമല്ലേ ഇത്? അത് നിലനിർത്തുകയും അതിന്റെ കൂടെ നിന്ന് പ്രവർത്തിക്കുകയും ചെയ്യുന്നതല്ലേ നന്നാവുക? സംഘടനയിൽ ഒരു പാട് ദോഷങ്ങളുണ്ട്; ശരി തന്നെ. അവ ഇല്ലായ്മ ചെയ്യാൻ നമുക്ക് ഉള്ളിൽനിന്ന് പരമാവധി ശ്രമിക്കാം. അതല്ലേ നന്നാവുക? അതിലല്ലേ നമുക്ക് ഗുണമുള്ളു. സത്യത്തോടുള്ള സ്നേഹവും സമുദായത്തോടുള്ള കടപ്പാടും മാത്രം കൈമുതലാക്കി പ്രവർത്തിക്കുന്ന ചില ബഹുമാന്യരായ സഹോദരന്മാരുടെ ഈ നിലക്കുള്ള ചോദ്യങ്ങൾ പലപ്പോഴും നമ്മെ ഒരായിരം തവണ വീണ്ടുവിചാരത്തിന് നിർബ്ബന്ധിച്ചിട്ടുണ്ട്. പക്ഷെ, ഈ ചോദ്യങ്ങൾക്ക് നമുക്ക് ലഭിക്കുന്ന ഉത്തരം മറ്റൊന്നാണ്:

മൂന്നാം ഖലീഫ മഹാനായ ഉസ്മാൻ(റ)വിനെ നാൽപ്പത് ദിവസത്തോളം വീട്ടുതടങ്കലിൽ വെക്കുകയും ഒടുവിൽ സുബ്ഹ് നമസ്കാരാനന്തരം ഖുർആൻ പാരായണം ചെയ്തുകൊണ്ടിരിക്കെ അക്രമികൾ അദ്ദേഹത്തെ വീട്ടിനകത്തുകേറി വെട്ടിക്കൊലപ്പെടുത്തുകയും ചെയ്തു.

فَإِنْ آمَنُوا بِمِثْلِ مَا آمَنْتُمْ بِهِ فَقَدْ اهْتَدَوا وَإِنْ تَوَلَّوْا فَإِنَّمَا هُمْ فِي شِقَاقٍ فَسَيَكْفِيكَهُمْ اللَّهُ وَهُوَ السَّمِيعُ الْعَلِيمُ (البقرة ١٣٧)

നിങ്ങൾ വിശ്വസിച്ചതുപോലെയുള്ളതിൽ അവരും വിശ്വസിച്ചിരുന്നാൽ അവർ നേർമാർഗ്ഗം പ്രാപിച്ചുകഴിഞ്ഞു. അവർ പിന്തിരിഞ്ഞുകളയുകയാണെങ്കിൽ തീർച്ചയായും അവർ ചേരിതിരിവിൽ തന്നെയാണ്. അവരുടെ കാര്യത്തിൽ നിനക്ക് അല്ലാഹു മതി. അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു. (വി.ഖു. 2:137)

ഈ വചനം ഓതിത്തീരുമ്പോൾ മഹാനായ ആ ഖലീഫയുടെ കഴുത്തിൽ അക്രമാകരികളുടെ ആയുധം പതിച്ചു കഴിഞ്ഞിരുന്നു. അദ്ദേഹം പാരായണം ചെയ്തിരുന്ന മുസ്ഹഫിൽ فَسَيَكْفِيكَهُمْ എന്ന വാക്കിനുമീതെ തന്റെ കഴുത്തിൽനിന്ന് ഒരിറ്റു ചുടുചോര വീണു. ആ രക്തക്കറ ആ മുസ്ഹഫിൽ അപ്പടി ഉണങ്ങിപ്പിടിച്ച് കിടപ്പുണ്ടെന്ന് ചരിത്രകാരന്മാർ പറയുന്നു. മഹാന്മാരായ സ്വഹാബികൾ ആയുധം ധരിച്ച് ഖലീഫയുടെ രക്ഷക്കായി യുദ്ധത്തിനൊരുങ്ങി വന്നിരുന്നു. അതിക്രമകാരികളുടെ കൈകളാൻ ഞാൻ വധിക്കപ്പെടുമെന്ന തിരുമേനിയുടെ പ്രവചനം പുലരുകയായിരിക്കാം ഇതെന്നും, ഞാൻ പറയുന്നത് കേൾക്കാമെന്നും അനുസരിക്കാമെന്നും പ്രതിജ്ഞ ചെയ്തവരല്ലേ നിങ്ങൾ, അതിനാൽ നിങ്ങൾ ആയുധം അഴിച്ചുവെക്കണമെന്നും വീട്ടിൽനിന്ന് പുറത്തിറങ്ങരുതെന്നും ഉപദേശിച്ച് ആ മഹാനായ ഖലീഫ അവരെ തിരിച്ചയച്ചു. അക്രമകാരികളെ നിരായുധനായി ക്ഷമാപൂർവ്വം നേരിട്ട മൂന്നാം ഖലീഫ ഉസ്മാൻ(റ)യുടെ സാക്ഷിയായി നാളെ പരലോകത്ത് വിശുദ്ധ ഖുർആനിന്റെ ആ പ്രതി അക്രമകാരികൾക്കെതിരിൽ അല്ലാഹുവിന്റെ കോടതിയിൽ എഴുന്നേറ്റുനിന്നാൽ... ആ രംഗം ഒന്ന് ഓർത്ത് നോക്കുക സഹോദരന്മാരേ.

ചരിത്രത്തിന്റെ പേടകം വീണ്ടും മുന്നോട്ട് നീങ്ങി. അലി(റ) ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹത്തിന് തുടക്കത്തിലേ ചില എതിർപ്പുകളുണ്ടായി. സാമൂഹ്യാന്തരീക്ഷം വളരെ കലുഷിതമാണെന്ന് പറയേണ്ടതില്ലല്ലോ. അങ്ങനെ, ത്വൽഹ, സുബൈർ (റ) എന്നിവർ മക്കയിലേക്ക് പോയി. ആയിശ(റ)യുമായി സന്ധിച്ചു. ഒടുവിൽ അവർ ഇറാഖിലേക്ക് യാത്രപുറപ്പെട്ടു. അലി(റ) വിന്റെ ഖിലാഫത്ത് എല്ലാവരെക്കൊണ്ടും അംഗീകരിപ്പിക്കുക. ഭിന്നിച്ച് നിൽക്കുന്ന ജനങ്ങൾക്കിടയിൽ ഐക്യവും നന്മയുമുണ്ടാക്കുക, ഉസ്മാൻ(റ)വിന്റെ ഘാതകർക്കെതിരിൽ ഖലീഫയെക്കൊണ്ട് നടപടി എടുപ്പിക്കുക എന്നതായിരിക്കാം ആ മുന്നേറ്റം കൊണ്ട് അവർ ലക്ഷ്യമിട്ടിരുന്ന

ത്. അവരോടൊപ്പം ധാരാളക്കണക്കിന് സ്വഹാബികളും ചേർന്നു. തുടർന്നുള്ള സംഭവം ഇമാം അഹ്മദ് ഉദ്ധരിക്കുന്നത് കാണുക:

٢٣٥١٣ عَنْ قَيْسِ بْنِ أَبِي حَازِمٍ أَنَّ عَائِشَةَ قَالَتْ لَمَّا أَتَتْ عَلَى الْحَوْأَبِ سَمِعَتْ نُبَاحَ الْكِلَابِ فَقَالَتْ مَا أَظُنُّنِي إِلَّا رَاجِعَةٌ إِنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ لَنَا أَيَّتُكُنَّ تَنْبَحُ عَلَيْهَا كِلَابُ الْحَوْأَبِ فَقَالَ لَهَا الزُّبَيْرُ تَرْجِعِينَ! عَسَى اللَّهُ عَزَّ وَجَلَّ أَنْ يُصْلِحَ بِكِ بَيْنَ النَّاسِ (أحمد)

ഖൈസ് ഇബ്നു അബീ ഹാസിമിൽനിന്ന് നിവേദനം. ആയിശ(റ) പറഞ്ഞു: അവർ ഹൗഅബിൽ വന്നപ്പോൾ നായകൾ കുരക്കുന്നത് കേട്ടു. അപ്പോൾ അവർ പറഞ്ഞു: മടങ്ങിപ്പോകാനല്ലാതെ മറ്റൊന്നും ഞാൻ ഉദ്ദേശിക്കുന്നില്ല. തീർച്ചയായും നബി(സ) ഞങ്ങളോട് പറഞ്ഞിരിക്കുന്നു: നിങ്ങളിൽ ആരോടാണ് ഹൗഅബിലെ നായകൾ കുരക്കുക. അപ്പോൾ സുബൈർ(റ) അവരോട് പറഞ്ഞു. നിങ്ങൾ മടങ്ങുകയാണോ! നിങ്ങളെ കൊണ്ട് അല്ലാഹു ജനങ്ങൾക്കിടയിൽ ഇസ്‌ലാഹ് ഉണ്ടാക്കിയേക്കാം. (അഹ്മദ്)

ഹൗഅബ് എന്നത് ബസറക്കടുത്ത് ബനൂ ആമിറിന്റെ വാസസ്ഥാനത്തുള്ള ഒരു വെള്ള സ്ഥലമാണ്. അത് മക്കയിലേക്കുള്ള വഴിയിലാണ് സ്ഥിതി ചെയ്യുന്നത്. ആയിശ(റ)യും കൂടെയുള്ളവരും അവിടെ എത്തിപ്പെടുന്നത് രാത്രിയിലാണ്. അപ്പോഴാണ് പട്ടികൾ കുരക്കുന്നത് അവർ കേൾക്കാനിടവരുന്നത്. ആ സമയത്ത് തിരുമേനിയുടെ ഒരു പ്രവചനം അവർക്ക് ഓർമ്മ വരികയാണ്. അത് ഇപ്രകാരം വായിക്കാം:

عن ابن عباس قال قال رسول الله صلى الله عليه وسلم لنسائه: ليت شعري! أيتكن صاحبة الجمل الأدبب تخرج فينبحها كلاب الحوأب، يقتل عن يمينها وعن يسارها قتلى كثير، ثم تنجو بعد ما كادت (رواه البزار في كشف الأستار)

ഇബ്നു അബ്ബാസിൽനിന്ന് നിവേദനം. നബി(സ) തന്റെ പത്നിമാരോട് പറഞ്ഞു: മുഖത്ത് ധാരാളം രോമമുള്ള ഒട്ടകത്തിന്റെ ആൾ നിങ്ങളിൽ ആരായിരിക്കുമെന്നും, അവർ പുറപ്പാട് നടത്തി, ഹൗഅബിലെ നായകൾ അവരോട് കുരക്കുകയും, അവരുടെ ഇടതും വലതും വെച്ച് ധാരാളം പേർ വധിക്കപ്പെടുകയും, പിന്നീട് (അതിൽ അകപ്പെടാറായതിനു ശേഷം കഷ്ടിച്ച്) അവർ രക്ഷപ്പെടുകയും ചെയ്യുന്നത് നിങ്ങളിൽ ആരായിരിക്കുമെന്ന് എനിക്കറിഞ്ഞിരുന്നുവെങ്കിൽ! (ബസ്സാർ, കശ്ഫുൽ അസ്താർ)

തിരുമേനിയുടെ ഈ പ്രവചനം അവർക്ക് ഓർമ്മവരികയും അവർ തിരിച്ചു പോരാൻ ഉദ്ദേശിക്കുകയും ചെയ്തു. അപ്പോൾ സുബൈർ(റ)വിനെ പോലുള്ളവർ അവരെ നിരുത്സാഹപ്പെടുത്തി. അവർ ആ സ്ഥിതിയിൽ മടങ്ങിപ്പോയാൽ അവിടെ രക്തപ്പുഴയൊഴുകും. അവർ മുന്നിലേക്ക് വന്നാൽ ജനങ്ങൾക്കിടയിൽ ഇസ്‌ലാഹ് ഉണ്ടാകും. ഇതായിരിക്കണം ആയിശ(റ)യെ മടങ്ങിപ്പോകുന്നതിൽനിന്ന് പിന്തിരിപ്പിക്കാൻ അവരെ പ്രേരിപ്പിച്ചത്.

ആയിശ(റ) തിരുമേനിയുടെ പത്നിയാണ്; ഇഹലോകത്തും നാളെ പരലോകത്തും. അവർ അബൂബക്കർ(റ)വിന്റെ പുത്രിയാണ്; മുഴുസത്യവിശ്വാസികളുടെ മാതാവും. തിരുമേനിയുമായി അവർക്ക് എല്ലാ തലങ്ങളിലുമുള്ള അടുപ്പവും സ്ഥാനവും മാനിച്ച് അവരെ മുന്നിൽനിർത്തി ഒരു യുദ്ധത്തിന് ജനങ്ങൾ ഒരിക്കലും മുതിരില്ല. അവർ മുന്നിൽവന്നാൽ ഇസ്‌ലാഹ് ഉണ്ടാകും. ഈ സന്നിഗ്ദ ഘട്ടത്തിൽ ആളുകളെ യുദ്ധവക്ത്രത്തിൽ വിട്ട് അവർ തിരിച്ചുപോയാൽ ഉണ്ടായേക്കാവുന്ന ഭവിഷ്യത്ത് ഭയാനകമായിരിക്കും. അതിനാൽ അവർ തിരിച്ചു പോകാതിരിക്കുന്നതല്ലേ നന്നാവുക? ഈ ചോദ്യത്തിനു മുന്നിൽ, ആയിശ(റ) തന്റെ തീരുമാനം മാറ്റി. അതാണ് നന്നാവുക. നബി(സ)യുടെ പ്രവചനം ആ പ്രത്യേക സഹാചര്യത്തിന്റെ പശ്ചാത്തലത്തിൽ നന്മ ഉദ്ദേശിച്ചുകൊണ്ട് മറ്റൊരു വിധത്തിൽ അവർ വ്യാഖ്യാനിച്ചു വിലയിരുത്തി. അവർ തിരിച്ചു പോയില്ല. സത്യത്തോടും സമുദായത്തോടുമുള്ള സ്നേഹവും കൂറുമല്ലാതെ മറ്റൊന്നും അവർക്കില്ലെന്നത് പറയേണ്ടതില്ലല്ലോ.

അലി(റ)യുടെയും ആയിശ(റ)യുടെയും പക്ഷങ്ങൾക്കിടയിൽ സന്ധിസംഭാഷണങ്ങൾ നടന്നു. നേരം പുലർന്നാൽ എല്ലാവരും തിരിച്ചു പോകാനും ധാരണയായി. പക്ഷെ, ആ രാത്രിയിൽ അബ്ദു

ല്ലാഹിബ്നു സബഇന്റെ ആളുകൾ ഉണർന്നു പ്രവർത്തിച്ചു. അത് ഇസ്ലാമിക ചരിത്രത്തിലെ ഒരു തീരാകളങ്കത്തിലേക്ക് വഴിവെച്ചു. പതിനായിരക്കണക്കിന് സ്വഹാബികൾ ആയിശ(റ)യുടെ ഒട്ടകത്തിന് ഇടതും വലതും നിന്ന് പൊരുതി മരിച്ചു. ജമൽ യുദ്ധം എന്ന പേരിലറിയപ്പെടുന്ന ചരിത്രത്തിന്റെ കറുത്ത താളുകൾ എഴുതപ്പെട്ടു. ഒടുവിൽ അവർ കഷ്ടിച്ച് രക്ഷപ്പെട്ടു. മക്കയിൽ തിരിച്ചു വന്നപ്പോൾ അവരുടെ ഈ പുറപ്പാടിൽ ദുഃഖിച്ചു. ഇബ്നു ഉമർ(റ)നോട് അവർ ചോദിച്ചു:

يا أبا عبد الرحمن ما منعك أن تنهاني عن مسيري؟ قال: رأيت رجلا قد غلب عليك، يعني ابن الزبير (الذهبي، سير أعلام النبلاء)

അബൂ അബ്ദിറഹ്മാൻ, എന്റെ യാത്രയിൽനിന്ന് എന്നെ വിലക്കാൻ നിങ്ങൾക്ക് എന്ത് തടസ്സമാണുണ്ടായിരുന്നത്? അദ്ദേഹം പറഞ്ഞു: ഒരു വ്യക്തി നിങ്ങളെ അതിജയിച്ചതായിട്ടാണ് ഞാൻ കണ്ടത്. അദ്ദേഹം ഉദ്ദേശിച്ചത് ഇബ്നുസ്സുബൈറിനെയായിരുന്നു. (ദഹബി, സിയറു അഅ്ലാമിന്നുബലാ)

ആയിശ(റ) ജമൽ സംഭവത്തിനുശേഷം അത്യധികം ദുഃഖിക്കുകയും അതിലവർക്ക് പശ്ചാത്താപം തോന്നുകയും ചെയ്തു. എന്നല്ല, പ്രസ്തുത സംഭവത്തിൽനിന്ന് പൂർണ്ണമായി അവർ ഖേദിച്ചു മടങ്ങി. ഇമാം ദഹബി തന്നെ അത് വിശദീകരിക്കുന്നത് കാണുക:

قالت عائشة وكانت تحدث نفسها أن تدفن في بيتها، فقالت: إني أحدثت بعد رسول الله صلى الله عليه وسلم حدثا، ادفنوني مع أزواجه، فدفنت بالبقيع رضي الله عنها، قلت: تعني بالحدث مسيرها يوم الجمل؛ فإنها ندمت ندامة كلية، وتابت من ذلك، على أنها ما فعلت ذلك إلا متأولة قاصدة للخير. (سير أعلام النبلاء للذهبي)

ആയിശ(റ) പറയുന്നു, അവരുടെ വീട്ടിനകത്ത് തന്നെ അവരെ മറവുചെയ്യണമെന്ന് അവർ ആത്മഗതം ചെയ്യാറുണ്ടായിരുന്നു. അങ്ങനെ അവർ പറഞ്ഞു: തീർച്ചയായും ഞാൻ നബി(സ)ക്കുശേഷം നൂതനമായ ഒരു കാര്യം ചെയ്തു പോയി. എന്നെ നിങ്ങൾ തിരുമേനിയുടെ മറ്റുപത്നിമാരുടെ കൂടെ മറവു ചെയ്യുക. അങ്ങനെ അവരെ ബഖീഇലാണ് മറവുചെയ്തത്. ഞാൻ പറയട്ടെ: നൂതനമായ കാര്യം എന്നതുകൊണ്ട് അവർ ഉദ്ദേശിച്ചത് ജമൽ ജുദ്ധത്തിലേക്കുള്ള യാത്രയാണ്. അവർ അതിൽ പൂർണ്ണമായി തന്നെ ഖേദിച്ചു. അവർ അത് ചെയ്തത് വ്യാഖ്യാനിച്ചും നന്മ ഉദ്ദേശിച്ചുകൊണ്ടും മാത്രമായിരുന്നു. അതിൽനിന്നും അവർ പശ്ചാത്തപിക്കുകയും ചെയ്തു. (ദഹബി, സിയറു അഅ്ലാമിന്നുബലാ)

അതല്ലേ നന്നായിരിക്കുക, അതല്ലേ സമുദായത്തിന് ഗുണകരമായിരിക്കുക എന്ന് കരുതി പ്രമാണവചനങ്ങളെ (نصوص) മറ്റൊരു വിധത്തിൽ മനസ്സിലാക്കാനും വിലയിരുത്താനും വ്യാഖ്യാനിക്കാനും മുതിരുന്നവർ തിരുമേനിയുടെ പത്നിയായ, വിശ്വാസികളുടെ മാതാവായ, പണ്ഡിത ശ്രേഷ്ഠയായ ആയിശ(റ) യുടെ ദുഃഖവും പശ്ചാത്താപവും അറിയുക. സ്വന്തം ഭർത്താവായ നബി(സ)യുടെയും പിതാവായ സിദ്ദീഖുൽ അക്ബർ(റ)വിന്റെയും കൂടെ സ്വവസതിയിൽ അന്ത്യവിശ്രമം കൊള്ളാനുള്ള യോഗ്യത തനിക്ക് നഷ്ടമായിരിക്കുന്നു, ഇനി, പൊതു ശ്മശാനത്തിൽ തിരുമേനിയുടെ മറ്റു പത്നിമാരുടെ കൂടെ അന്ത്യവിശ്രമംകൊള്ളാനുള്ള യോഗ്യതയേ തനിക്കുള്ളു എന്നവർ തീരുമാനിക്കാനുണ്ടായ കാരണം എന്തായിരുന്നു എന്ന് ചിന്തിക്കുക സഹോദരന്മാരേ. നന്മയുദ്ദേശിച്ച് തിരുവചനങ്ങൾക്കപ്പുറം പോയതുതന്നെ. നന്മ ഉദ്ദേശിച്ച് തിരുവചനങ്ങൾക്കപ്പുറം പോയാൽ ഇനി ആർക്കാണ് രക്ഷപ്പെടാൻ കഴിയുക? നമുക്കോ? ചിന്തിക്കുക, ഉണർന്നു പ്രവർത്തിക്കുക. അല്ലാഹുവിന്റെ കാവലിനും രക്ഷക്കും വേണ്ടി പ്രാർത്ഥിക്കുക.

ചുരുക്കത്തിൽ, സംഘടന തിന്മയാണ്; നമുക്കത് വേണ്ട. തിരുമേനി കക്ഷികളിൽ ചേരുന്നത് വിലക്കിയിരിക്കുന്നു. സംഘടന മതകാര്യമല്ല; അതിനു തെളിവില്ല. അത് മതപ്രബോധനത്തിന്റെ മാർഗ്ഗവുമല്ല; അതിനൊരു മാതൃകയുമില്ല. മതപരമായ ഏതൊരു കാര്യത്തിനും ഒരു മുൻമാതൃക അനിവാര്യമാണ്. അല്ലാത്തതെല്ലാം ഉപേക്ഷിക്കുക. തിരുമേനി വർജ്ജിക്കണമെന്ന് പറഞ്ഞ കാര്യം വർജ്ജിക്കാതിരിക്കുകയും അത് ദീനീകാര്യമാക്കുകയും ചെയ്യുന്ന അവിവേകത്തിൽനിന്ന്, നാഥാ, ഞങ്ങൾക്ക് നീ രക്ഷനൽകേണമേ!

മുകളിൽ വിശദീകരിച്ചത് നബിചര്യയാണ്. അഹ്ലുസ്സുന്നത്തിന്റെ മാർഗ്ഗമാണ്. അന്ത്യനാൾവരെ അതിന്റെ പ്രയാണം ലോകത്ത് നിലനിൽക്കും. ആർ അനുകൂലിച്ചു, പ്രതികൂലിച്ചു എന്നത് അതിന് പ്രശ്നമല്ല. അത് തനിക്ക് കിട്ടിയോ, നഷ്ടപ്പെട്ടുവോ എന്നത് ഏതൊരാൾക്കും പ്രശ്നമാണ്. അത് ആരെയും നിർബ്ബന്ധിക്കില്ല. ഉദ്ദേശിച്ചു വരുന്നവർക്ക് അത് നിഷേധിക്കപ്പെടുകയുമില്ല. അതിനാൽ താങ്കളാണ് തീരുമാനിക്കേണ്ടത്: ഞാൻ സുന്നത്ത് മുറുകെ പിടിച്ച് രക്ഷപ്രാപിക്കണമോ അതോ, സുന്നത്ത് കൈവിട്ട് നശിച്ചു പോകണമോ എന്ന്. ഒരുനിമിഷം ശ്രദ്ധിക്കൂ:

كان الزهري رحمه الله يقول: كان علماؤنا يقولون: الاعتصام بالسنة نجاة (فتاوى شيخ الإسلام ابن تيمية ٥٧/٤)

ഇമാം സുഹ്രി(റ) പറയാറുണ്ടായിരുന്നു: നമ്മുടെ പണ്ഡിതന്മാർ പറയാറുള്ളത്: സുന്നത്ത് മുറുകെ പിടിക്കുന്നത് രക്ഷയാണ് എന്നാണ്. (ശൈഖുൽ ഇസ്ലാമിന്റെ ഫതാവാ, 4:57)

السنة سفينة نوح، من ركبها نجا، ومن تخلف عنها غرق (الإمام مالك، فتاوى ٥٧/٤)

ഇമാം മാലിക്(റ) പറയുന്നു: സുന്നത്ത് നുഹ് നബിയുടെ കപ്പലാണ്. ആർ അതിൽ കേറിയോ അവൻ രക്ഷപ്പെട്ടു. ആർ അതിൽനിന്ന് പിന്തിനിന്നുവോ അവൻ മുങ്ങിമരിച്ചതുതന്നെ. (ശൈഖുൽ ഇസ്ലാമിന്റെ ഫതാവാ, 4:57) നിങ്ങൾക്ക് എന്ത് വേണം നിങ്ങൾ തീരുമാനിക്കുക. സംശയിച്ച് നിന്ന് മുങ്ങിമരിക്കണമോ, അതോ സത്യത്തിന്റെ കപ്പലിൽ കേറി രക്ഷപ്പെടണമോ? ഈ വിശ്വാസനൗക മുന്നോട്ട് ഗമിക്കുകയാണ്; അത് അനവരതം മുന്നോട്ട് ഗമിച്ചുകൊണ്ടേയിരിക്കും.

അല്ലാഹുവേ, ബാധ്യതാ നിർവ്വഹണത്തിനായി ഈ സത്യം ഞങ്ങളുടെ കഴിവനുസരിച്ച് ഞങ്ങളിതാ ജനങ്ങൾക്കെത്തിച്ചിരിക്കുന്നു.

അല്ലാഹുവേ, നിന്റെ പ്രീതി, നിന്റെ സ്നേഹം..

وصلى الله على عبده ورسوله محمد، وعلى آله وصحبه آجمعين،

والحمد لله رب العالمين ،،،

ഈ ലഘുകൃതി
തയ്യാറാക്കാനും പ്രസിദ്ധീകരിക്കാനും
സഹായിക്കുകയും സഹകരിക്കുകയും
ചെയ്തവർ ധാരാളമാണ്.
സംഘടനയിലൂടെയല്ലാതെ
ഒരുമിച്ച് പ്രവർത്തിക്കാൻ സാധിക്കുമെന്നതിനുള്ള
ഒരു ഉദാഹരണം കൂടിയാണ് ഇത്.
ആയതിനാൽ ഇതിനു സഹായിച്ച
ചിലരുടെ പേരുകൾ ചുവടെ ചേർക്കുന്നു.

عبد الكريم محمد الأماني

سلمان بن عبد الرحمن العمري

أبو عبد الرحمن حنيف الصلاحي الأثري

أمين عبد الله الصلاحي

പുസ്തകം ലഭിക്കുന്നതിനും മറ്റും ബന്ധപ്പെടുക:

Zubair Mankada
Kudos
Pathappiriyam (Post)
Manjeri (Via) 676 123
Malappuram (Dist)

EMail: zubairmankada@rediffmail.com
Tel. 0483-2787 075